യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 16 ലക്കം 8 ഓഗസ്റ്റ് 2018 വില 15 രൂപ



## ബൈബിളിലൂടെ...

*സാക് പുന്നൻ*

JEEVAMOZHIKAL
# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ. 6:68)*

വാല്യം 16 ഓഗസ്റ്റ് 2018 ലക്കം 8

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs. 150/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.1200/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:


**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481- 2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും മീറ്റിംഗുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9562443142 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| കാക്കനാട് | 9446095370 |
| അടിമാലി | 9446556890 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയ്യിൽ | 9495575692 |
| വയനാട് | 9656128665 |


മൊഴിമുത്തുകൾ

## പിന്മാറ്റം ഹൃദയത്തിൽ



നിങ്ങളുടെ മനസ്സിൽ ഏറ്റവും മുന്തിനില്ക്കുന്നത് ലോകകാര്യങ്ങളാണെങ്കിൽ, രാവിലെ നിങ്ങളുടെ ചിന്ത ലൗകിക വിഷയങ്ങളെക്കുറിച്ചാണെങ്കിൽ, അഥവാ തനിയെ ആയാലുടൻ അവയാണു നിങ്ങളുടെ ശ്രദ്ധയിലേക്ക് തള്ളിക്കയറുന്നതെങ്കിൽ, നിങ്ങളുടെ സമ്പർക്കങ്ങളും ചിന്തകളും വികാരങ്ങളും ലൗകികമെങ്കിൽ നിങ്ങൾ ഹൃദയത്തിൽ പിന്മാറ്റക്കാരൻ തന്നെ.

**- ചാൾസ് ഫിന്നി**

## ഹൃദയത്തെക്കുറിച്ച് ജാഗ്രത




*സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽനിന്നല്ലോ ആകുന്നത്. (സദൃശ്യവാക്യം 4:23)*

**എഡിറ്റോറിയൽ**

# കൃപയിൽ വളരുക



"എന്റെ കൃപ നിനക്കു മതി"

കൃപയുണ്ടെങ്കിൽ അതു മതിയാകും (sufficient) എന്നാണു കർത്താവു പൗലൊസിനോട് പറഞ്ഞത് (2 കൊരി. 12:9). കൃപയെക്കുറിച്ച് ആധികാരികമായി പറയാൻ കഴിയുന്നതു കർത്താവിനു തന്നെയാണ്. കാരണം മോശെ ന്യായപ്രമാണം കൊണ്ടുവന്നു; കൃപകൊണ്ടു വന്നതു യേശു ക്രിസ്തുവാണ് (യോഹ. 1:17). മാത്രമല്ല, കൃപയെ 'എന്റെ' കൃപ എന്നും കർത്താവു വിശേഷിപ്പിക്കുന്നു. ആ കർത്താവു തന്നെയാണു പറയുന്നത്. 'കൃപയുണ്ടെങ്കിൽ അതു മതി'യെന്ന്.

ക്രിസ്തീയ ജീവിതത്തിൽ നമുക്ക് ഒരു കാര്യം മാത്രമേ അന്വേഷിക്കാനാവുകയുള്ളുവെങ്കിൽ നാം എന്താണ് അന്വേഷിക്കേണ്ടത്? 'വിശ്വാസം-അതാണു നമുക്കു വേണ്ടത്' എന്നു ചിലർ പറയും. കാരണം നമ്മെ വിശ്വാസികളെന്നു വിളിക്കണമെങ്കിൽ 'വിശ്വാസ'മല്ലേ വേണ്ടത് എന്നാവും അവരുടെ ന്യായം. മറ്റു ചിലർ പറയും സ്നേഹമാണുവേണ്ടത്. കാരണം നിലനില്ക്കുന്ന മൂന്നുകാര്യങ്ങളെക്കുറിച്ച് പറഞ്ഞിട്ട് അവയിൽ വലിയതു സ്നേഹമാണെന്നു പൗലൊസ് പറഞ്ഞിട്ടുണ്ടല്ലോ എന്നവർ 1 കൊരിന്ത്യർ 13:13 ഉദ്ധരിച്ചു വാദിക്കും. മറ്റൊരാൾ പറയും ആത്യന്തികമായി വേണ്ടതു ക്ഷമിക്കാനുള്ള കഴിവാണ്. കാരണം മത്തായി 18:35 അനുസരിച്ച് സഹോദരനോടു നാം ക്ഷമിച്ചില്ലെങ്കിൽ കർത്താവും നമ്മോടു ക്ഷമിക്കുകയില്ല എന്നാണല്ലോ. എന്നാൽ ശ്രദ്ധിക്കുക: ക്രിസ്തീയ ജീവിതത്തിൽ ഒരു കാര്യം മാത്രമേ എടുക്കാനാവൂ എന്നു പറഞ്ഞാൽ നാം എടുക്കേണ്ടതു കൃപയാണ്. കാരണം കൃപ എടുത്താൽ ബാക്കിയുള്ളതെല്ലാം അതതു സമയത്തു നമുക്കു ലഭ്യമാകും. എന്തുകൊണ്ടെന്നാൽ ദൈവം നമ്മിൽ നിന്ന് ആവശ്യപ്പെടുന്ന കാര്യങ്ങൾ ചെയ്തു തീർക്കാൻ ദൈവം തന്നെ നമുക്കു നൽകുന്ന ശക്തിയാണല്ലോ കൃപ.

ഇതു വ്യക്തമാകാൻ ഒരു ഉദാഹരണം ഇങ്ങനെ പറയാം. ഒരു ക്രിസ്ത്യാനി പകലത്തെ അധ്വാനത്തിനുശേഷം വൈകുന്നേരം ഭവനത്തിലേക്കു മടങ്ങുകയാണ്. വരുന്നവഴി അദ്ദേഹം രോഗിയായിരിക്കുന്ന ഒരു സഹോദരനെ സന്ദർശിച്ചു പ്രാർത്ഥിക്കുന്നു. നേരത്തേ തന്നെക്കുറിച്ചു കള്ളകഥകൾ പറഞ്ഞുപരത്തിയ ഒരു പരിചയക്കാരനെ ബസിൽ കണ്ടുമുട്ടുന്നു. വീട്ടിൽ വന്നപ്പോൾ പകൽ മുഴുവൻ വീട്ടുജോലികളും കുഞ്ഞുങ്ങളുടെ പരിചരണവുമായി വലഞ്ഞുപോയ ഭാര്യ ഇറ്റുസ്നേഹത്തിനും സാന്ത്വനത്തിനും കൊതിച്ച് കാത്തു നില്ക്കുകയാണ്. മൂന്നു സാഹചര്യങ്ങൾ. മൂന്നിടത്തും മൂന്നു കാര്യങ്ങളാണ് ഇദ്ദേഹത്തിൽ നിന്ന് ആവശ്യപ്പെടുന്നത്. രോഗിയായ സഹോദരനുവേണ്ടി പ്രാർത്ഥിക്കാൻ വിശ്വാസമാണു വേണ്ടത്. തന്നെ ദ്രോഹിച്ച പരിചയക്കാരനു ക്ഷമയും വീട്ടിൽ ഭാര്യയ്ക്കു സ്നേഹവും നൽകണം. ഏതെങ്കിലും ഒരു ക്രിസ്തീയ ഗുണം മാത്രമേ ഇദ്ദേഹത്തിന്റെ കൈവശമുള്ളെങ്കിൽ യഥോചിതം വിശ്വാ

സവും ക്ഷമയും സ്നേഹവും നൽകാൻ കഴിയുന്നതെങ്ങനെ? കഴിയും. കൃപയുണ്ടെങ്കിൽ സാഹചര്യത്തിന് അനുസരിച്ച് അദ്ദേഹത്തിനു വിശ്വാസവും ക്ഷമയും സ്നേഹവും നൽകാൻ സാധിക്കും. കാരണം ദൈവത്തിന്റെ നിബന്ധനകളെ തൃപ്തിപ്പെടുത്താനുള്ള ദൈവത്തിന്റെ തന്നെ നിറവാണു കൃപ. അതുകൊണ്ട് ഏതു സാഹചര്യത്തിലും നമുക്കുവേണ്ട ഒരേയൊരു കാര്യം കൃപയാണ്. കൃപയുണ്ടെങ്കിൽ വേണ്ടതു വേണ്ട സാഹചര്യത്തിൽ വേണ്ടതു പോലെ നൽകാൻ നമുക്കു കഴിയും. അതിനു നമ്മെ ശക്തിപ്പെടുത്തുന്നതും കൃപതന്നെയാണ്.

കൃപയുടെ ഒരു പ്രത്യേകത ശ്രദ്ധിച്ചോ? അതിന്റെ ഊന്നൽ (focus)പൂർണമായും ദൈവത്തിലാണ്. വ്യത്യസ്ത സാഹചര്യങ്ങളിൽ വിശ്വാസമാകട്ടെ, ക്ഷമയാകട്ടെ, സ്നേഹമാകട്ടെ നാം നൽകണമെന്ന് ആവശ്യപ്പെടുന്നതു ദൈവം. ആ ദൈവിക നിബന്ധനകളെ തൃപ്തിപ്പെടുത്താനുള്ള കഴിവു നമുക്കു നൽകുന്നതും ദൈവം. ഇതിന് ഒരു ഉദാഹരണം അബ്രഹാമിന്റെ ജീവിതത്തിൽ നമുക്കു കണ്ടെത്താൻ കഴിയും. ഉൽപത്തി 22ൽ , ദൈവം അബ്രഹാമിനോട് മോരിയാദേശത്തുചെന്ന് ഏകജാതനായ മകൻ യിസ്ഹാക്കിനെ ഹോമയാഗം കഴിക്കണമെന്ന് ആവശ്യപ്പെടുന്നു. യഹോവയായ ദൈവം നരബലി ആവശ്യപ്പെടുകയോ? അബ്രഹാമിന് ഒന്നും മനസ്സിലാകുന്നില്ല. എങ്കിലും അവൻ ദൈവത്തിൽ വിശ്വസിച്ചു. ഹോമയാഗം കഴിക്കാൻ തന്നോടാവശ്യപ്പെട്ട ദൈവം തന്നെ ഹോമയാഗത്തിന് ഒരാട്ടിൻകുട്ടിയെയും നോക്കിക്കൊള്ളും എന്നായിരുന്നു അവന്റെ വിശ്വാസം. അവൻ ആ വിശ്വാസം വഴിയിൽ വച്ചു മകനോടു പങ്കുവയ്ക്കുന്നുണ്ട് (22:8). ഒടുവിൽ വിശ്വാസം പോലെ ദൈവം ഒരാട്ടിൻകുട്ടിയെ കരുതിവച്ചിരുന്നു. അബ്രഹാം അതിനെ ഹോമയാഗം കഴിച്ച് ദൈവിക നിബന്ധനയെ തൃപ്തിപ്പെടുത്തി (22:13).

കണ്ടോ? ഹോമയാഗം കഴിക്കാൻ ആവശ്യപ്പെട്ടതു ദൈവം. ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടിയെ നൽകിയതും ദൈവം. ദൈവകൃപയുടെ ഉത്തമനിദർശനമാണ് ഈ സംഭവം.

കൃപയ്ക്കു മറ്റൊരു നിർവചനമുണ്ട്. 'അർഹതയില്ലാത്തിടത്തുചൊരിയുന്ന ദാനമാണു കൃപ' എന്നതാണ് ആ നിർവചനം. കൂലി, പ്രവൃത്തിയുടെ അല്ലെങ്കിൽ അർഹതയുടെ അടിസ്ഥാനത്തിൽ നൽകുന്നതാണ്. എന്നാൽ അർഹതയുടെ അടിസ്ഥാനത്തിലല്ലാതെ നൽകുന്നതാണു ദാനം. കൃപ ദാനമാണ്. അത് അർഹതയില്ലാത്തിടത്തു ദൈവം ചൊരിയുന്നതാണ്. ദാനം (gift) വാങ്ങാൻ ഒരുവനു വേണ്ടതു താഴ്മയാണ്. കൂലി വാങ്ങാൻ താഴ്മ ആവശ്യമില്ല. കാരണം അതു ചെയ്ത ജോലിയുടെ, അർഹതയുടെ, അടിസ്ഥാനത്തിൽ ന്യായമായി ലഭിക്കുന്നതാണ് (റോമർ. 4:4). ഇതേ സമയം അർഹതയില്ലാത്തവനു ദാനം ഏറ്റുവാങ്ങാൻ താഴ്മ ആവശ്യമാണ്. അർഹതയില്ലാത്തിടത്തു നൽകുന്നതാണു കൃപ എന്നതാണു കൃപയെ താഴ്മയുമായി അഭേദ്യമാം വിധം ബന്ധപ്പെടുത്തുന്നത്. അതു

*(ശേഷം പേജ് 39 ൽ)*

സന്ദേശം

# സത്യകൃപയിൽ ഉറച്ചു നിൽക്കുക

**സാക് പുന്നൻ**

**"ഇ**താണു ദൈവത്തിന്റെ സത്യകൃപ. ഇതിൽ ഉറച്ചുനിന്നു കൊള്ളുക." (1പത്രൊ, 5:12)

തന്റെ ആദ്യലേഖനത്തിന്റെ ഒടുവിൽ, താൻ ഈ ലേഖനത്തിൽ എഴുതിയതെല്ലാം ദൈവത്തിന്റെ സത്യകൃപയെക്കുറിച്ചാണെന്ന് പത്രൊസ് വ്യക്തമാകുന്നു. വ്യാജകൃപ ഏറെ പ്രസംഗിക്കപ്പെടുന്ന ഇക്കാലത്ത് 1 പത്രൊസിലേക്കു മടങ്ങിപ്പോയി എന്താണു ദൈവത്തിന്റെ സത്യകൃപയെന്നു മനസ്സിലാക്കുന്നതും അതിൽ ഉറച്ചു നില്ക്കുന്നതും നന്നായിരിക്കും.

ഒന്നാം നൂറ്റാണ്ടിൽ തന്നെ പത്രൊസ് ദൈവത്തിന്റെ സത്യ



*അസ്വസ്ഥതകൊണ്ട് ഇളകിമറിയുന്ന ഈ ലോകത്ത് നമ്മുടെ ഭവനങ്ങൾ സമാധാനത്തിന്റെ തുരുത്തുകളായിരിക്കണം. ഇതിനു സമൃദ്ധമായ കൃപ തന്നെ ആവശ്യമുണ്ട്.*

എല്ലാ ആത്മിക വരങ്ങളും മറ്റു ള്ളവരെ സേവിക്കുന്നതിനാണ് ഉപയോഗിക്കേണ്ടത്. ദൈവ ത്തിന്റെ യഥാർത്ഥ കൃപ മറ്റുള്ള വർക്കുപകുത്തു നൽകുവാ നുള്ള ഒരു ഉപാധിയെന്ന നില യിൽ വരങ്ങളെ കാണണം. ദൈവത്തിന്റെ കൃപയ്ക്കു പല വശങ്ങളുണ്ട്. അതുകൊണ്ട് ദൈവം വ്യത്യസ്ത പശ്ചാത്തല ങ്ങളിൽ നിന്ന് ആളുകളെ ഒന്നിച്ചു കൂട്ടി ക്രിസ്തുവിന്റെ സഭയാം ശരീരത്തിൽ വച്ചിരി ക്കുന്നു. അതുകൊണ്ട് അവ രിൽ ഒരോരുത്തർക്കും ദൈവ ത്തിന്റെ കൃപയുടെ ഏതെ ങ്കിലും അതുല്യമായ ഒരു വശം വെളിപ്പെടുത്തുവാൻ കഴിയും.

കൃപയെന്ന് പറഞ്ഞിരിക്കുന്നതിനാൽ സാത്താന്റെ ഏജന്റുമാർ അന്നു തന്നെ കപട കൃപ പ്രഘോഷിച്ചിരുന്നുവെന്നു മനസ്സിലാക്കാം. അവർ ദൈവത്തിന്റെ കൃപയെ ദുഷ്ക്കാമവൃത്തിക്ക് ഹേതുവാക്കി (പാപം ചെയ്യാനുള്ള ലൈസൻസാക്കി) മാറ്റിയിരുന്നു (യൂദാ. 4)

പത്രൊസ് ലേഖനത്തിന്റെ ആരംഭത്തിൽതന്നെ, എല്ലാ വിശ്വാസികളും ''പിതാവായ ദൈവം തെരഞ്ഞെടുത്തു മുൻകൂട്ടി നിയോഗിക്കുകയും യേശുക്രിസ്തുവിനു വിധേയരായിരിക്കാൻ അവിടുത്തെ രക്തത്താൽ തളിക്കപ്പെടുകയും ആത്മാവിനാൽ പവിത്രീകരിക്കപ്പെടുകയും" ചെയ്തവരാണെന്നു പറയുന്നു. ഇങ്ങനെയുള്ള വിശ്വാസികൾക്ക് ദൈവത്തിന്റെ 'കൃപയും സമാധാനവും സമൃദ്ധമായി ലഭിക്കട്ടെ' എന്നാണ് പത്രൊസിന്റെ പ്രാർത്ഥന (1 പത്രൊ. 1:12)

ദൈവം നമ്മെ തെരഞ്ഞെടുത്തത് നമ്മെ പവിത്രീകരിക്കാനും (നമ്മെ വിശുദ്ധരാക്കിത്തീർക്കാനും) യേശുക്രിസ്തുവിനു വിധേയപ്പെട്ടിരിക്കുന്നതിലേക്കു നടത്തുവാനുമാണ്. ദൈവത്തിന്റെ സത്യകൃപ ഇതിലേക്കാണു നമ്മെ നയിക്കേണ്ടത്. അതുകൊണ്ട് തങ്ങളുടെ ജീവിതത്തിൽ ഇതാഗ്രഹിക്കുന്നവർ ദൈവകൃപ അതിന്റെ മുഴുവൻ അളവിലും അനുഭവിക്കണമെന്നു പത്രൊസ് പ്രാർത്ഥിക്കുന്നു.

പത്രൊസ് തുടർന്ന് പറയുന്നു: ''നിങ്ങൾക്കു വരാനിരിക്കുന്ന കൃപയെക്കുറിച്ചു പ്രവചിച്ച പ്രവാചകന്മാർ ഈ രക്ഷയെ ആരാഞ്ഞ് അന്വേഷിച്ചിരുന്നു" (1 പത്രൊ. 1:10) പുതിയ ഉടമ്പടിയുടെ കീഴിൽ നാം അനുഭവിക്കുന്ന കൃപ പഴയ ഉടമ്പടിയുടെ കാലത്ത് ഒരാൾ പോലും അനുഭവിച്ചിട്ടുള്ളതല്ല. ഭാവിയിൽ വരാൻ പോകുന്ന ഒന്നെന്ന നിലയിലാണ് പ്രവാചകന്മാർ പോലും ഈ കൃപയെക്കുറിച്ച് അന്നു പ്രവചിച്ചിരുന്നത്. അവർക്കു പോലും അതനുഭവിക്കാൻ കഴിഞ്ഞിരുന്നില്ല.

പത്രൊസ് തുടർന്ന് എല്ലാ വിശ്വാസികളേയും ഉത്സാഹിപ്പിക്കുന്നു: അതിനാൽ നിങ്ങളുടെ മനസ്സിനെ ഒരുക്കുക. പ്രശാന്തചിത്തരായി യേശുക്രിസ്തുവിന്റെ വെളിപ്പാടിൽ നിങ്ങൾക്കു ലഭിക്കാൻ പോകുന്ന കൃപയിൽ പൂർണ്ണമായി പ്രതീക്ഷ അർപ്പിക്കുക (1 പത്രൊ. 1:13)

ക്രിസ്തു തന്റെ മഹത്വത്തിൽ മടങ്ങി വരുമ്പോൾ നമ്മെ പൂർണമായും തന്നോട് അനുരൂപപ്പെടുത്തുന്ന ഒരു പ്രത്യേക കൃപ നാം അനുഭവിക്കും. നമ്മുടെ ക്രിസ്തീയ

ജീവിതത്തിന്റെ തുടക്കം മുതൽ ഒടുക്കം വരെ നമ്മിലുള്ള ദൈവത്തിന്റെ പ്രവൃത്തി കൃപയിൽ അധിഷ്ഠിതമായതാണ്.

സന്തോഷകരമായ ഒരു വിവാഹജീവിതത്തിനും കൃപ നേടേണ്ടതുണ്ടെന്നു പത്രൊസ് പറയുന്നു: "അതുപോലെ ഭർത്താക്കന്മാരേ, നിങ്ങൾ വിവേകപൂർവ്വം നിങ്ങളുടെ ഭാര്യമാരോടൊത്തു ജീവിക്കുക. ദുർബലകളാണെങ്കിലും ജീവന്റെ കൃപയിൽ കൂട്ടവകാശികളാകയാൽ സ്ത്രീകളെ ബഹുമാനിക്കുക. ഇതു നിങ്ങളുടെ പ്രാർത്ഥനകൾ തടസ്സപ്പെടാതിരിക്കാനാണ്." (1പതൊ. 3:7)

ക്രിസ്തീയ ദമ്പതികൾ സമാധാനത്തോടും സ്വരച്ചേർച്ചയോടും കൂടെ ജീവിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. അസ്വസ്ഥത കൊണ്ട് ഇളകിമറിയുന്ന ഈ ലോകത്ത് അവരുടെ ഭവനങ്ങൾ സമാധാനത്തിന്റെ തുരുത്തുകളായിരിക്കണം. ഇതിനു സമൃദ്ധമായ കൃപ തന്നെ ആവശ്യമുണ്ട്.

പത്രൊസ് തുടർന്ന് ആത്മിക വരങ്ങളെക്കുറിച്ചു സംസാരിക്കുന്നു: "ദൈവത്തിന്റെ നിരവധിയായ കൃപയുടെ നല്ല കാര്യസ്ഥന്മാരെപ്പോലെ ഒരോരുത്തരും തങ്ങൾക്കു കിട്ടിയ വരങ്ങൾകൊണ്ട് അന്യോന്യം ശുശ്രൂഷിപ്പിൻ" (1 പത്രൊ. 4:10)

എല്ലാ ആത്മിക വരങ്ങളും മറ്റുള്ളവരെ സേവിക്കുന്നതിനാണ് ഉപയോഗിക്കേണ്ടത്. ദൈവത്തിന്റെ യഥാർത്ഥ കൃപ മറ്റുള്ളവർക്കുപകുത്തു നൽകുവാനുള്ള ഒരു ഉപാധിയെന്ന നിലയിൽ വരങ്ങളെ കാണണം. ദൈവത്തിന്റെ കൃപയ്ക്കു പല വശങ്ങളുണ്ട്. അതുകൊണ്ട് ദൈവം വ്യത്യസ്ത പശ്ചാത്തലങ്ങളിൽ നിന്ന് വ്യത്യസ്ത വ്യക്തിത്വവും പ്രത്യേകതകളുമുള്ള ആളുകളെ ഒന്നിച്ചു കൂട്ടി ക്രിസ്തുവിന്റെ സഭയാം ശരീരത്തിൽ വച്ചിരിക്കുന്നു. അതുകൊണ്ട് അവരിൽ ഒരോരുത്തർക്കും തങ്ങളുടെ ജീവിതത്തിലും ശുശ്രൂഷയിലും കൂടെ ദൈവത്തിന്റെ കൃപയുടെ ഏതെങ്കിലും അതുല്യമായ ഒരു വശം വെളിപ്പെടുത്തുവാൻ കഴിയും.

**താഴ്മയുള്ളവർ കൃപയും വെളിപ്പാടും പ്രാപിക്കുന്നു.**

'അവ്വണ്ണം ഇളയവരേ, മൂപ്പന്മാർക്കു കീഴടങ്ങുവിൻ. എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ. ദൈവം നിഗളികളോട് എതിർത്തു നില്ക്കുന്നു. താഴ്മയുള്ളവർക്കോ കൃപ നൽകുന്നു'. (1 പത്രോ. 5:5)

ചെറുപ്പത്തിൽ തന്നെ ആത്മിക അധികാരത്തിനു കീഴടങ്ങാൻ പഠിക്കേണ്ടതിന്റെ പ്രാധാന്യം പത്രൊസ് ഇവിടെ പ്രസ്താവിക്കുന്നു.

ഇരുപതു വയസ്സുള്ളപ്പോൾ ഒരു ചെറുപ്പക്കാരൻ കർത്താവിനെ അറിഞ്ഞുവെന്നിരിക്കട്ടെ. എങ്കിൽ 35 വയസ്സാകുമ്പോഴേക്ക് അവനൊരു ഫലപ്രദമായ ശുശ്രൂഷ ഉണ്ടാകണം എന്നതാണു ദൈവത്തിന്റെ ഹിതം. പക്ഷേ ഇതു സാധിക്കണമെന്നുണ്ടെങ്കിൽ 35 വയസ്സാകുന്നതിനു മുമ്പ് അവൻ നുറുക്കവും താഴ്മയും പഠിച്ചിരിക്കണം. ആത്മിക അധികാരത്തിനു കീഴടങ്ങിയാൽ മാത്രമേ ഈ പാഠങ്ങൾ പഠിക്കുവാൻ കഴിയൂ. ഇങ്ങനെ മാത്രമേ പിന്നീടു ഭവനത്തിലും സഭയിലും ആത്മിക അധികാരം ഉപയോഗിക്കുവാനുള്ള കൃപ അവനു ലഭ്യമാകുകയുള്ളു. ആത്മിക അധികാരത്തിനു കീഴടങ്ങാത്ത യുവാക്കൾക്ക് ദൈവം അവരെ സംബന്ധിച്ചിടത്തോളം നൽകാൻ ഉദ്ദേശിച്ചിരുന്ന ശുശ്രൂഷ അനിവാര്യമായും നഷ്ടമാകും.

> ബൈബിൾ പരിജ്ഞാനം നമുക്കു കൃപ നൽകുകയില്ല. തിരുവെഴുത്തുകളെ വിശ്വസിച്ചിരുന്ന യഹൂദ പരീശന്മാരാണ്- അല്ലാതെ സത്യ ദൈവത്തെക്കുറിച്ചു പരിജ്ഞാനം ഇല്ലാത്ത റോമാക്കാരോ ഗ്രീക്കുകാരോ അല്ല- യേശുവിനെ ക്രൂശിച്ചതെന്നത് ആശ്ചര്യകരമായ വസ്തുതയാണ്.

ഇതിന്റെ അർത്ഥം പ്രായമായിക്കഴിഞ്ഞാൽ പിന്നെ നാം നമ്മെത്തന്നെ താഴ്ത്തേണ്ടതില്ല എന്നല്ല! പ്രായമായവർക്കു കീഴ്പ്പെട്ടിരിക്കുക എന്ന കാര്യം ചെറുപ്പമായിരിക്കുമ്പോൾ തന്നെ നാം പഠിക്കണം. പക്ഷേ താഴ്മയുടെ പാതയിൽ യേശുവിനെ അനുഗമിക്കുക എന്നത് നമ്മുടെ മരണ ദിവസം വരെ നാം ചെയ്യേണ്ട കാര്യമാണ്. ജീവിതത്തിന്റെ അന്ത്യം വരെ കൃപ ലഭ്യമായിക്കൊണ്ടിരിക്കുന്നതിനുള്ള ഒരേ ഒരു മാർഗ്ഗം ഇതു മാത്രമാണ്.

ബൈബിൾ പരിജ്ഞാനം നമുക്കു കൃപ നൽകുകയില്ല. തിരുവെഴുത്തുകളെ വിശ്വസിച്ചിരുന്ന യഹൂദ പരീശന്മാരാണ്– അല്ലാതെ സത്യ ദൈവത്തെക്കുറിച്ചു പരിജ്ഞാനം ഇല്ലാത്ത റോമാക്കാരോ ഗ്രീക്കുകാരോ അല്ല– യേശുവിനെ ക്രൂശിച്ചതെന്നത് ആശ്ചര്യകരമായ വസ്തുതയാണ്.

യേശുവിന്റെ കാലത്ത് ഭൂമിയിലുണ്ടായിരുന്ന ഒരേ ഒരു സത്യമതത്തിന്റെ (യഹൂദമതത്തിന്റെ) നേതാക്കന്മാരും ഒരേ സത്യതിരുവെഴുത്തു (ഉല്പത്തി മുതൽ മലാഖി വരെ) സംബന്ധിച്ചു പാണ്ഡിത്യം നേടിയവരുമാണ് യേശുവിനെ വഞ്ചകൻ, ദുരുപദേശകൻ, ഭൂതങ്ങളുടെ പ്രഭു എന്നെല്ലാം വിളിച്ചത്. ഈ പരീശന്മാരും ശാസ്ത്രിമാരും ബുദ്ധിമാന്മാരും, തിരുവെഴുത്തു വിശ്വസിക്കുന്നവരും, വിദ്യാസമ്പന്നരും തിരുവെഴുത്തിലെ സത്യങ്ങൾ സംബന്ധിച്ച് എരിവുള്ളവരും ആയിരുന്നു. എന്നാൽ ആത്മികമായി അവർ തികച്ചും അന്ധരായിരുന്നു. അവർക്കു കൃപ ലഭിച്ചില്ല. എന്തുകൊണ്ട്?

ഈ ചോദ്യത്തിനുള്ള മറുപടി പ്രധാനമാണ്. കാരണം ക്രിസ്തീയ ലോകത്തു ചരിത്രം വീണ്ടും വീണ്ടും ആവർത്തിച്ചുകൊണ്ടിരിക്കും.

ഇന്നും തീക്ഷ്ണതയുള്ള ബൈബിൾ പണ്ഡിതന്മാർ തിരുവെഴുത്തിലെ യഥാർത്ഥ യേശുവിനെക്കുറിച്ച് അന്ധരും ദൈവത്തിന്റെ സത്യ കൃപയെക്കുറിച്ച് അജ്ഞരും ആയിപ്പോകാം. പഴയകാലത്തെ പരീശന്മാരെപ്പോലെ, ദൈവത്തിന്റെ മറഞ്ഞിരിക്കുന്ന ജ്ഞാനം കൈക്കൊള്ളുവാൻ, അവർ അപ്രാപ്തരായിരുന്നേക്കാം (1കൊരി 2:7–10). രണ്ടു കൂട്ടരുടെ കാര്യത്തിലും കാരണം ഒന്നു തന്നെ: അവർ നിഗളികളും മനുഷ്യരുടെ ബഹുമാനം തേടുന്നവരും ആയിരുന്നു.

യേശു പരീശന്മാരോടു ചോദിച്ചു: 'തമ്മിൽ തമ്മിൽ ബഹുമാനം വാങ്ങിക്കൊണ്ട് ഏക ദൈവത്തിന്റെ പക്കൽ നിന്നുള്ള ബഹുമാനം അന്വേഷിക്കാത്ത നിങ്ങൾക്ക് എങ്ങനെ വിശ്വസിപ്പാൻ കഴിയും'? (യോഹ. 5:44)

ആളുകളുടെ മുൻപാകെ ജീവിക്കുകയും അവരുടെ ബഹുമാനം അന്വേഷിക്കുകയും ചെയ്യുന്നവർക്കു തിരുവെഴുത്തിന്റെ യഥാർത്ഥ അർത്ഥ

ത്തെക്കുറിച്ച് ഒരിക്കലും വെളിപ്പാടു ലഭിക്കുകയില്ല. സത്യത്തെക്കുറിച്ച് ദൈവം അവരെ അന്ധരാക്കും. (മത്താ. 11:25)

അവർ സ്വയം വിനയപ്പെടുത്താത്ത പക്ഷം, ജ്ഞാനികൾക്കും വിവേകികൾക്കും, മനസ്സിലാക്കാൻ കഴിയാത്ത മട്ടിലാണു ദൈവം തിരുവെഴുത്ത് എഴുതിയിരിക്കുന്നത്. ഒരു ലൗകിക ഗ്രന്ഥത്തിനും ഈ പ്രത്യേകതയില്ല. ലോകത്തിലുള്ള ഒരു പുസ്തകവും- ബൈബിൾ ഒഴിച്ച്- മനസ്സിലാക്കുന്നതിനു താഴ്മ ഒരവശ്യഘടകമല്ല.

സ്വാഭാവിക മനസ്സ് (അത് എത്ര തന്നെ സമർത്ഥമായാലും), താഴ്മയുള്ള ഒരു സഹോദരനിൽ നിന്നുപുറപ്പെടുന്ന ആത്മാവിന്റെ വെളിപ്പാടിനെ 'ഭോഷത്തം' എന്നു കരുതും (1 കൊരി. 2:14). ദൈവവചനം മനസ്സിലാക്കുന്നതിന് ഒരുവന് കൃപ ആവശ്യമുണ്ട്.

ഗർവ്വികളായ ദൈവ ശാസ്ത്രജ്ഞന്മാർ ഇന്ന് തിരുവെഴുത്തിനു വ്യത്യസ്തമായ ഭാഷ്യങ്ങൾ നൽകിയെന്നിരിക്കും. പക്ഷേ തങ്ങളുടെ അന്ധതയെക്കുറിച്ച് അവർ തീർത്തും അജ്ഞരായിരിക്കും.

ആളുകളുടെ ബഹുമാനവും അംഗീകാരവും തേടുന്നത് എന്നന്നേക്കുമായി അവസാനിപ്പിക്കുകയും ദൈവമുഖത്തിനു മുൻപാകെ നാം നമ്മെത്തന്നെ താഴ്ത്തുകയും ചെയ്യുക. അപ്പോൾ ദൈവം മറ്റുള്ളവർക്കു മറച്ചിട്ടുള്ള പലതും നമുക്കു വെളിപ്പെടുത്തും.

ദൈവം നിഗളികളോട് എതിർത്തു നില്ക്കുന്നു. താഴ്മയുള്ളവർക്കോ അവിടുന്നു കൃപ നൽകുന്നു.

നാം നിഗളികളാണെങ്കിൽ, നമ്മുടെ ഉപദേശങ്ങളെല്ലാം ശരിയായിരുന്നാലും, നാം പരീശന്മാരെപ്പോലെ ആത്മിക യാഥാർത്ഥ്യങ്ങളെക്കുറിച്ച് അന്ധരായിത്തീരും. അപ്പോൾ നമ്മുടെ കാലഘട്ടത്തിലെ യഥാർത്ഥ പ്രവാചകന്മാരെ നമുക്കു മനസ്സിലാക്കാൻ കഴിയാതെ പോകും- തന്റെ കാലഘട്ടത്തിലെ ഏറ്റവും വലിയ സത്യപ്രവാചകൻ യേശുവായിരുന്നിട്ടും പരീശന്മാർക്ക് അതു മനസ്സിലാകാതിരുന്നപോലെ.

**ഏതു പാപത്തിന്റെയും ഉത്ഭവം നിഗളം, സ്വാർത്ഥത എന്നിവയിൽ നിന്നാണ്. എല്ലാ നന്മയുടെയും ഉറവിടം താഴ്മയും നിസ്വാർത്ഥതയുമാണ്. നാം എത്രത്തോളം സ്വയം താഴ്ത്തുന്നുവോ അത്രത്തോളം നമുക്കു ദൈവത്തിൽ നിന്നു കൃപയും ലഭിക്കും. അപ്പോൾ നാം ജയത്തിൽ ജീവിക്കുകയും ക്രിസ്തുവിന്റെ സ്വഭാവം കൂടുതൽ വെളിവാക്കുകയും ചെയ്യും.**

ഏതു പാപത്തിന്റെയും ഉത്ഭവം നിഗളം, സ്വാർത്ഥത എന്നിവയിൽ നിന്നാണ്. അതുപോലെ ക്രിസ്തുവിന്റെ എല്ലാ നന്മയുടെയും ഉറവിടം താഴ്മയും നിസ്വാർത്ഥതയുമാണ്. നാം എത്രത്തോളം സ്വയം താഴ്ത്തുന്നുവോ അത്രത്തോളം നമുക്കു ദൈവത്തിൽ നിന്നു കൃപയും ലഭിക്കും. അപ്പോൾ നാം ജയത്തിൽ ജീവിക്കുകയും ക്രിസ്തുവിന്റെ സ്വഭാവം നമ്മുടെ ജീവിതത്തിലൂടെ കൂടുതൽ കൂടുതൽ വെളിവാക്കുകയും ചെയ്യും. ആർക്കെങ്കിലും പാപത്തിന്മേൽ വിജയം ഇല്ലെങ്കിൽ അവൻ സ്വയം വിനയപ്പെ

ടുത്തിയിട്ടില്ലെന്നുള്ളതിന്റെ വ്യക്തമായ തെളിവാണത്- കാരണം സ്വയം താഴ്ത്തുന്നവർക്ക് തുടർച്ചയായി കൃപ ലഭിച്ചുകൊണ്ടിരിക്കുമല്ലോ (1 പത്രൊ. 5:6). ദൈവത്തിന്റെ കൃപയ്ക്ക് അധീനരായിത്തീരുന്നവർക്കെല്ലാം വിജയവും ലഭ്യമാകുമല്ലോ (റോമ. 6:14)

ക്രിസ്തീയ ഗോളത്തിൽ താഴ്മയെക്കുറിച്ചു തെറ്റായ പല ആശയങ്ങളും ഉണ്ട്.

പക്ഷേ നമ്മെത്തന്നെ വിലയിരുത്താൻ താഴെപ്പറയുന്ന അളവുകോൽ ഉപയോഗിച്ചാൽ തെറ്റിപ്പോകുകയില്ല: നമുക്കു പാപത്തിന്മേൽ ജയം ലഭിക്കുകയും ക്രിസ്തുവിന്റെ സ്വഭാവം നമ്മിൽ വർദ്ധമാനമായ വിധത്തിൽ വെളിപ്പെട്ടുവരികയും ചെയ്യുന്നുണ്ടോ?

**കഷ്ടങ്ങളിലൂടെ പൂർണത**

“എന്നാൽ അല്പകാലത്തേക്കു കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിന്റെ തന്റെ നിത്യ തേജസ്സിനായി വിളിച്ചിരിക്കുന്ന സർവ്വകൃപാലുവായ ദൈവം തന്നെ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കും” (1 പത്രോ. 5:10)

ഇവിടെ ദൈവത്തെ സർവ്വകൃപാലുവായ ദൈവം എന്നാണു വിളിച്ചിരിക്കുന്നത്. തന്റെ ജനത്തെ അവിടുന്ന് കഷ്ടങ്ങളിലൂടെ നടത്തുന്നത് അവരെ ‘സമ്പൂർണരാക്കി ഉറപ്പിച്ചു ശക്തീകരിക്കുന്നതിനാണ്’ (ഇംഗ്ലീഷ്). പൗലൊസാകട്ടെ ദൈവത്തിന്റെ എല്ലാറ്റിനും മതിയായ കൃപയെ അനുഭവിച്ചറിഞ്ഞത് ജഡത്തിലെ ഒരു ശൂലം മൂലമാണ്. (2 കൊരി. 12:7–10)

പത്രൊസിന്റെ ആദ്യലേഖനവും, ദൈവം തന്റെ കൃപ പകരുമാനുള്ള മാർഗ്ഗമായി കഷ്ടതയെ ഉപയോഗിക്കുന്നതിനെക്കുറിച്ചു വിശദമായി പ്രതിപാദിക്കുന്നുണ്ട്.

നാം വായിക്കുന്നു: “ഇതിനായിട്ടാണു നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. കാരണം ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടത സഹിക്കുകയും ഒരു പാപവും ചെയ്തിട്ടില്ലാത്ത അവന്റെ കാലടികളെ പിൻതുടരാൻ നിങ്ങൾക്ക് ഒരു മാതൃക നൽകുകയും ചെയ്തിരിക്കുന്നു.

ക്രിസ്തുശാരീരികമായി പീഡയനുഭവിച്ചതിനാൽ നിങ്ങളും അതേ മനോഭാവം ആയുധമായി ധരിക്കുക. കാരണം ശാരീരികമായി പീഡയനുഭവിച്ചവൻ... പാപത്തിൽ നിന്ന് അകന്നിരിക്കുന്നു” (1 പതൊ. 2:21, 22, 4:1, 2)

ഇവിടെ നമ്മോടു വ്യക്തമായി പറഞ്ഞിരിക്കുന്നത് നാം ഒരു സമയത്തും പാപം ചെയ്യാതിരിക്കേണ്ടതിന് പീഡനം അനുഭവിച്ച ക്രിസ്തുവിന്റെ മാതൃകയെ പിൻപറ്റാനാണ്. ‘നമ്മെ വിളിച്ചവൻ വിശുദ്ധനായിരിക്കുന്നതുപോലെ’ നമ്മെയും വിശുദ്ധരാക്കാനാണ് കൃപ നൽകപ്പെട്ടിരിക്കുന്നത്’ (1 പത്രൊ. 1:16)

പത്രൊസ് നമ്മെ ഓർപ്പിക്കുന്നു: നാം ജഡത്തിൽ കഷ്ടം അനുഭവിച്ചാൽ ഇനി ശേഷിച്ചിരിക്കുന്ന കാലം നാം പാപം വിട്ടൊഴിഞ്ഞ് ദൈവത്തിന്റെ ഇഷ്ടത്തിനു ജീവിക്കണം (1 പതൊ. 4:1,2)

‘ജഡത്തിൽ കഷ്ടം അനുഭവിക്കുക’ എന്നു പറഞ്ഞാൽ ശരീരത്തിൽ രോഗം അനുഭവിക്കുക എന്നല്ല അർത്ഥം. രോഗത്തിനു ശേഷം ആരും പാപം ചെയ്യുന്നത് അവസാനിപ്പിച്ചിട്ടില്ലല്ലോ. ക്രിസ്തുവിനുവേണ്ടി ശരീരത്തിൽ ദണ്ഡനം ഏൽക്കുകയോ മുറിവുണ്ടാക്കു

കയോ ഒന്നും ജഡത്തിൽ കഷ്ടം അനുഭവിക്കുന്നതാകുന്നില്ല. കാരണം അങ്ങനെയും ആർക്കും പാപം ചെയ്യുന്നത് ഒഴിവാക്കാൻ കഴിഞ്ഞിട്ടില്ല. മറിച്ച് സ്വയത്തിന്റെ ആഗ്രഹങ്ങളെ–അവ ദൈവത്തിന്റെ ഇഷ്ടത്തിന് എതിരാണ്– നിഷേധിക്കുന്നതിനെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. പാപം ഒരുതരം സുഖം തരുന്നു. കഷ്ടത അനുഭവിക്കുക എന്നത് ഈ സുഖം ആസ്വദിക്കുന്നതിനു നേരെ എതിരായ കാര്യമാണ്. ഒരോ സാഹചര്യത്തിലും കഷ്ടത അനുഭവിക്കുന്നതിനു നാം മനസ്സൊരുക്കം ഉള്ളവരാണെങ്കിൽ നമുക്കു പാപം വിട്ടൊഴിയുന്നതിനു സാധിക്കും. നാം തയ്യാറാണെങ്കിൽ ദൈവം നമ്മെ സഹായിക്കും. നമുക്ക് ഇക്കാര്യത്തിൽ ഇച്ഛ നൽകുവാനും അവിടുന്നു പ്രവർത്തിക്കും (ഫിലി 2:12, 13). പക്ഷേ മിക്കപ്പോഴും അവിടുത്തെ പ്രവർത്തനത്തിനു നാം തടസ്സം നില്ക്കുന്നു. അതുകൊണ്ടാണ് നാം പരാജയപ്പെട്ടവരായി തുടരേണ്ടിവരുന്നത്.

ക്രിസ്തു ജഡത്തിൽ കഷ്ടം അനുഭവിച്ചു. അതേ മനസ്സുതന്നെ നമുക്കും ഉണ്ടായിരിക്കണം. സ്വയം നിഷേധത്തിന്റെ ഈ പാതയിലൂടെയാണ് യേശു ജീവിതകാലം മുഴുവൻ യാത്ര ചെയ്തത്. ഈ ഭൂമിയിൽ ജഡത്തിലാണ് അവിടുന്നു വന്നതെങ്കിലും ജീവിതകാലം മുഴുവൻ സ്വന്ത ഇഷ്ടം ചെയ്യാതെ പിതാവിന്റെ ഹിതം മാത്രം ചെയ്തു– അതിൽ എന്തെല്ലാം കഷ്ടം അടങ്ങിയിരുന്നെങ്കിലും അവിടുന്ന് അപ്രകാരം മുന്നോട്ടുപോയി (യോഹ. 6:38) അങ്ങനെ അവിടുന്ന് ഒരിക്കലും പാപം ചെയ്യാതിരുന്നു. ഇപ്പോൾ നമുക്കും 'പാപം ചെയ്യാതിരുന്ന അവിടുത്തെ കാൽച്ചുവടുകൾ പിൻപറ്റുവാൻ' ഒരവസരം ലഭിച്ചിരിക്കുന്നു (1 പത്രൊ. 2:21, 22)

**ഇതാണ് ദൈവകൃപയുടെ സുവിശേഷം (സുവാർത്ത)**

ഈ ഭൂമിയിൽ തന്നെ ദൈവഭക്തിയുള്ള ഒരു ജീവിതത്തിനു വേണ്ടതെല്ലാം ദൈവത്തിന്റെ ദിവ്യശക്തി നമുക്കു പ്രദാനം ചെയ്തിരിക്കുന്നുവെന്നതാണ് സുവാർത്ത എന്ന് പത്രൊസ് തന്റെ രണ്ടാമത്തെ ലേഖനത്തിൽ നമ്മെ ഓർപ്പിക്കുന്നു (2 പത്രൊ. 1:3, 4). പത്രൊസിന്റേതിനു 'തുല്യമായ വിലയുള്ള' വിശ്വാസം (2 പത്രൊ.1:1) നമുക്കും ഉണ്ടെങ്കിൽ അതേപോലയുള്ള കൃപ നമുക്കും ലഭിക്കുകയും നാം പത്രൊസിനെപ്പോലെ തന്നെ ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരുകയും ചെയ്യും.

അപ്പോൾ ക്രിസ്തുവിന്റെ സ്വഭാവം –ധാർമ്മിക മികവ്, പരിജ്ഞാനം, ആത്മ നിയന്ത്രണം, ക്ഷമ, ഭക്തി, സാഹോദര്യം, സ്നേഹം– വലിയൊരളവിൽ നമ്മുടേതായിത്തീരും (2 പത്രൊ. 1:5–11). അവ നമ്മെ ഫലമുള്ളവരും ഹ്രസ്വദൃഷ്ടിയിൽ നിന്നും അന്ധതയിൽ നിന്നും മോചനം പ്രാപിച്ചവരും ആക്കിത്തീർക്കും. (വാക്യം 8, 9)

യേശുവിൽ വസിക്കുന്ന ഏവനും ഏറെ ഫലം കായിക്കും (യോഹ. 15:5). അതുകൊണ്ട് ക്രിസ്തുവിന്റെ ഈ ഗുണങ്ങൾ നമ്മിൽ വർദ്ധിച്ച അളവിൽ വെളിപ്പെട്ടുവരുന്നില്ലെങ്കിൽ നാം യേശുവിൽ വസിക്കുന്നില്ലെന്നും ദൈവത്തിന്റെ സത്യകൃപയ്ക്കനുസരിച്ച് ജീവിക്കുന്നില്ലെന്നുമാണ് അതു തെളിയിക്കുന്നത്.

**കൃപ നമ്മെ ഒന്നാക്കുന്നു**

സ്വയം താഴ്ത്തുന്നവർ വിജയത്തിനുള്ള കൃപ പ്രാപിക്കുന്നു. മാത്രമല്ല

അന്യോന്യം ഒന്നാകാനുള്ള കൃപയും അതു നൽകുന്നു. 'ജീവന്റെ കൃപയ്ക്കു കൂട്ടവകാശികൾ' എന്ന നിലയിൽ ഭാര്യയ്ക്കും ഭർത്താവിനും ഒന്നിച്ചു കൃപ ലഭിക്കുമെന്നു നാം നേരത്തെ കണ്ടു. ഇതുപോലെ വിശ്വാസികൾക്കും ക്രിസ്തുവിന്റെ ശരീരത്തിലുള്ള മറ്റു വിശ്വാസികളുമായി ചേർന്നു കൂട്ടവകാശികൾ എന്ന നിലയിൽ കൃപയ്ക്കു പങ്കാളികളാകാൻ കഴിയും.

അവിടുന്നും പിതാവും ഒന്നായിരിക്കുന്നതുപോലെ നാം അന്യോന്യം ഒന്നായിത്തീരണമെന്നാണ് ഈ ഭൂമിയിലെ തന്റെ ജീവിതത്തിന്റെ അവസാനരാത്രിയിൽ യേശു പ്രാർത്ഥിച്ചത് (യോഹ. 17:22). ഈ ഒരുമ ഇവിടെ ഈ ഭൂമിയിൽ തന്നെ നാം പ്രാപിക്കണമെന്നും അവിടുന്നു പ്രാർത്ഥിച്ചു. (യോഹ. 17:21, 23)

ഇതു കേവലം അഭിപ്രായ ഐക്യമല്ല. മറിച്ച് ആത്മാവിലുള്ള ഐക്യതയാണ്. നമ്മുടെ സ്വഭാവത്തിലുള്ള പാപ പ്രകൃതികൊണ്ടും പാപത്തിൽ ലീനമായ നമ്മുടെ മനസ്സിന്റെ പരിമിതികൊണ്ടും അന്യോന്യമുള്ള എല്ലാ കാര്യങ്ങളും ഈ ഭൂമിയിൽ 'കണ്ണോടുകണ്ണ്' കാണുവാൻ നമുക്കു കഴിഞ്ഞെന്നു വരികയില്ല. പക്ഷേ അതു നമ്മുടെ ആത്മിക ഐക്യതയെ ഹനിക്കുകയില്ല. ഹൃദയത്തിൽ നമുക്കപ്പോഴും ഒന്നായിരിപ്പാൻ കഴിയും.

നമ്മുടെ ശിരസ്സായ ക്രിസ്തുവിന്റെ ഇഷ്ടമല്ലാതെ നമ്മുടെ സ്വന്ത ഇഷ്ടം ചെയ്യുവാൻ തുനിയുന്നതാണ് എല്ലാ അനൈക്യത്തിന്റെയും കാരണം. ഉപദേശം എല്ലാം നമുക്കു വ്യക്തമായി അറിയാം എന്നതുകൊണ്ടു പ്രയോജനമില്ല. നാം നമ്മുടെ ഹിതം ഉപേക്ഷിച്ച് പിതാവിന്റെ ഇഷ്ടം ചെയ്യാൻ തയ്യാറാണോ എന്നതിനെ ആശ്രയിച്ചാണ് ഈ ഐക്യത നിലകൊള്ളുന്നത്.

പിതാവിൽ നിന്നു കേട്ടത് എപ്പോഴും യേശു അനുസരിച്ചു. പിതാവിന്റെ ഇഷ്ടം ചെയ്യുന്നതായിരുന്നു അവിടുത്തെ ആഹാരം (യോഹ. 4:34).

യേശുവും പിതാവും ഒന്നായിരുന്നു. ഇതേ ഐകൃതയിലേക്കാണ് ദൈവത്തിന്റെ സത്യകൃപയാൽ നമ്മെയും വിളിച്ചിരിക്കുന്നത്.

യേശു എപ്പോഴും നന്മയാൽ തിന്മയെ ജയിച്ചു. എപ്പോഴും അവിടുന്നു നന്മയിൽ അടിസ്ഥാനപ്പെട്ടിരുന്നതു കൊണ്ട് തിന്മയ്ക്കു തന്റെ മേൽ ഒരു ശക്തിയും ഉണ്ടായിരുന്നില്ല. 'നന്മയാൽ തിന്മയെ ജയിക്കുക' (റോമ. 12:21) എന്ന വചനം നാം അനുസരിച്ചാൽ നമ്മെ സംബന്ധിച്ചും ഇതിപ്രകാരമായിരിക്കും. മറ്റുള്ളവർ നമ്മെ ദ്വേഷിക്കുകയും നമ്മെക്കുറിച്ച് അപവാദം പറയുകയും ചെയ്താൽ അവർക്കു നന്മ ചെയ്തുകൊണ്ട് അവരുടെ തിന്മയെ നമുക്കു ജയിക്കുവാൻ കഴിയും. ദൈവത്തിന്റെ സത്യകൃപ പ്രാപിച്ചാൽ നമുക്കിത് സാധിക്കും.

അപ്പോൾ ലോകത്തിലുള്ള തിന്മയിൽ നിന്ന്, യേശു പ്രാർത്ഥിച്ചതുപോലെ, നാം സുരക്ഷിതരായിരിക്കും (യോഹ. 17:16). ഈ പാതയിൽ യാത്ര ചെയ്യുന്ന എല്ലാവരോടും നാം ഒന്നായിത്തീരുകയും ചെയ്യും.

ക്രിസ്തുവെന്ന ശിരസ്സിനു കീഴെ, ഐക്യതയിൽ പണിയപ്പെടാനുള്ള കൃപ- ദൈവത്തിന്റെ സത്യകൃപ- പ്രാപിച്ച സഭയെയാണു യേശു പണിയുന്നത്. അത്തരം ഒരു സഭയ്ക്കു മാത്രമേ പാതാളഗോപുരങ്ങളെ ജയിക്കുവാൻ കഴിയുകയുള്ളു (മത്താ. 16:18)

❖

ചിന്തയ്ക്ക്

# അഞ്ച് പ്രതിജ്ഞകൾ

എ.ഡബ്ലിയു.ടോസർ

**ചില** മനുഷ്യർ ഏതെങ്കിലും പ്രതിജ്ഞ എടുക്കാൻ വിസമ്മതം കാട്ടുന്നവരാണ്. എന്നാൽ ബൈബിളിൽ ഉടമ്പടി, വാഗ്ദാനം, പ്രതിജ്ഞ, ഉഭയസമ്മതം എന്നിവയിൽ ഭരിക്കപ്പെട്ടിരുന്ന അനേകം ദൈവപുരുഷന്മാരെ നാം കാണുന്നുണ്ട്. സങ്കീർത്തനക്കാരൻ ഒരിക്കലും പ്രതിജ്ഞ എടുക്കാൻ വിസമ്മതം കാട്ടിയിരുന്നില്ല. അദ്ദേഹം ഇപ്രകാരം പറയുന്നു: "ദൈവമേ, നിനക്കുള്ള നേർച്ചകൾക്ക് (നിന്നോടു ചെയ്തിട്ടുള്ള പ്രതിജ്ഞകൾക്ക്) ഞാൻ കടപ്പെട്ടിരിക്കുന്നു; ഞാൻ നിനക്ക് സ്തോത്രയാഗങ്ങളെ അർപ്പിക്കും" (സങ്കീ. 56:12)

ഈ വിഷയത്തിൽ ഞാൻ നൽകുവാനാഗ്രഹിക്കുന്ന ഉപദേശം ഇതാണ്: ആത്മീയമായി വളർച്ച പ്രാപിക്കുവാൻ – പുതിയ ശക്തിയും, പുതുജീവനും, പുതിയ സന്തോഷവും പ്രാപിക്കുവാൻ നിങ്ങൾ യഥാർത്ഥമായി ആഗ്രഹിക്കുന്നുവെങ്കിൽ ദൈവമുമ്പാകെ ചില പ്രതിജ്ഞകൾ എടുത്തശേഷം അതുപാലിച്ചു മുന്നോട്ടു പോകുക. ഒരുവേള അതു പാലിക്കുന്നതിൽ നിങ്ങൾ പരാജയപ്പെട്ടേക്കാം, അപ്പോൾ സ്വയം താഴ്ത്തി അനുതപിച്ചശേഷം വീണ്ടും പുതുതായി ആരംഭിക്കുക. എന്നാൽ എപ്പോഴും ഈ പ്രതിജ്ഞകൾ നിങ്ങളുടെ മുമ്പിൽ വച്ചുകൊൾക.

നാം സ്വീകരിക്കുകയും പാലിക്കുകയും ചെയ്യേണ്ട അഞ്ചു പ്രതിജ്ഞകൾ എന്റെ മനസ്സിലുണ്ട്:

**1. പാപത്തെ കർശനമായി കൈകാര്യം ചെയ്യുക.**

ഒന്നാമത്തെ പ്രതിജ്ഞ: ഞാൻ പാപത്തെ ഏറ്റവും കർശനമായി കൈകാര്യം ചെയ്യും. ഇക്കാലത്ത് പാപത്തെ പലരും ഓമനപ്പേരുകൾ കൊടുത്ത് പുതിയ രൂപത്തിൽ അവതരിപ്പിക്കാറുണ്ട്. എന്നാൽ പാപം ഇന്നും ആത്മാവിന്റെ പഴയ ശത്രു തന്നെ. ജീവിതത്തിൽ പാപത്തെ ഏറ്റവും ഗൗരവമായി നാം കൈകാര്യം ചെയ്ത മതിയാവൂ. പാപം ചെയ്യുന്ന ദേഹി മരിക്കും (യെഹ. 18:4) ഈ വസ്തുത നമുക്കോർക്കാം.

നിങ്ങൾക്ക് അസൂയയുണ്ടെങ്കിൽ അതിനെ അസൂയ എന്നു വിളിക്കുക. നിങ്ങൾ നിരസപ്പെടുന്നുണ്ടെങ്കിൽ ആ വസ്തുത അംഗീകരിക്കുക. ഇനിയുള്ളത് നിങ്ങളുടെ കോപസ്വഭാവമാണ്. 'അനീതിക്കെതിരെയുള്ള ധാർമികരോഷം' എന്ന് അതിനെ വിളിക്കരുത്. മറ്റെന്തെങ്കിലും പേരു കൊടുത്ത് അതിനെ ക്രിസ്തീയമാക്കാനും ശ്രമിക്കേണ്ട. കോപം എന്നു തന്നെ അതിനെ വിളിക്കുക. അതിനാൽ നമുക്കു സത്യസന്ധരായിരിക്കാം. ഞാൻ പാപത്തെ കർശനമായി കൈകാര്യം ചെയ്യുമെന്നു ദൈവമുമ്പാകെ നമുക്കു പ്രതിജ്ഞ ചെയ്യാം.

**2. ഒന്നിന്റെയും ഉടമസ്ഥനാകരുത്.**

രണ്ടാമത്തെ പ്രതിജ്ഞ ഇതാണ്:

*(ശേഷം പേജ് 34 ൽ)*

ധ്യാനചിന്തകൾ

# 'സത്യം നിങ്ങളെ സ്വതന്ത്രരാക്കും'

**സ്വാ**തന്ത്ര്യത്തെക്കുറിച്ചുള്ള ചിന്തകൾ ഉണർത്തി ഓഗസ്റ്റ് 15 വീണ്ടും. അതിരുകളില്ലാത്ത സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള മുറവിളിയാണ് ഇന്നെവിടെയും. ഈ സാഹചര്യത്തിൽ യഥാർത്ഥ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ചിന്തകൾക്ക് ഇന്ന് ഏറെ പ്രസക്തിയുണ്ട്.

യഥാർഥ സ്വാതന്ത്ര്യം നൽകുന്നതെന്താണ്? പണം, തങ്ങൾ കൊതിക്കുന്ന സ്വാതന്ത്ര്യം നൽകുമെന്നു പലരും കരുതുന്നത്. ഉവ്വ്, പണം ഒരു നല്ല ദാസനാണ്. അതുപയോഗിച്ചു നമുക്ക് ആളുകളെ സഹായിക്കാൻ കഴിയും, സ്നേഹിതരെ നേടുവാൻ കഴിയും. അപ്പോൾ അതിനു വിലയുണ്ട്. എന്നാൽ പണത്തിന് ഒരു കുഴപ്പമുണ്ട്. നാം ജാഗരൂകരായില്ലെങ്കിൽ അതുവേഗം നമ്മെ അതിന്റെ ദാസനാക്കി മാറ്റും. പണം നമ്മുടെ യജമാനനായാൽ അതൊരു ചീത്ത യജമാനനാണ്. അതു നമ്മുടെ സ്വസ്ഥത കെടുത്തും. പണം കൂടുതൽ കൂടുതൽ കുന്നുകൂട്ടുവാൻ ക്രൂരനായ ഒരു യജമാനനെപ്പോലെ അതു നമ്മോടു കല്പിക്കും. 99 സ്വർണനാണയം അടങ്ങിയ കിഴി കിട്ടിയ കർഷകന്റെ കഥ കേട്ടിട്ടില്ലേ? ആ കിഴി കിട്ടുന്നതുവരെ അവൻ സന്തുഷ്ടനായിരുന്നു. പണിയെടുക്കും. ഉള്ളതുകൊണ്ട് ഉല്ലാസമായി കഴിയും. തൃപ്തൻ. പക്ഷേ കിഴി കിട്ടിയതോടെ സ്ഥിതിയാകെ മാറി. എണ്ണിനോക്കിയപ്പോൾ 99 സ്വർണനാണയം ഉണ്ട്. നൂറിനു കൃത്യം ഒന്നു കുറവ്. എങ്ങനെയും അധ്വാനിച്ച് ഒരു സ്വർണ്ണനാണയം കൂടി നേടി മൊത്തം നൂറു സ്വർണനാണയത്തിന് അവകാശിയാകണമെന്ന് അവനു തോന്നി. അതോടെ അവനു സ്വസ്ഥയില്ലാതായി. രാവും പകലും അധ്വാനമാണ്. വിശ്രമിക്കാനും കുടുംബത്തോടൊപ്പം ചെലവഴിക്കാനും സമയമില്ല. എങ്ങനെയങ്കിലും കഷ്ടിച്ച് ഒരു സ്വർണനാണയം കൂടി വാങ്ങാനുള്ള പണം സ്വരുക്കൂട്ടുമ്പോഴേക്കും കുട്ടികളിലാർക്കെങ്കിലും അസുഖമാകും. ആ പണം ചെലവായിപ്പോകും. പിന്നേയും ആദ്യം മുതൽ തുടങ്ങും. പക്ഷേ അവസാന നിമിഷം വീണ്ടും എന്തെങ്കിലും അത്യാവശ്യം വന്ന് അതെടുത്തുപോകും. പിന്നേയും അധ്വാനം. ലക്ഷ്യം നേടാനാവാത്തിന്റെ അസ്വസ്ഥത. വീട്ടിലും സമാധാനമില്ല. കുട്ടികളോടും വീട്ടുകാരിയോടും വഴക്ക്. ഒരു പ്രശ്നവുമില്ലാതെ, സന്തുഷ്ടനായി കഴിഞ്ഞ ആളാണ്. പണം കൂട്ടിവയ്ക്കാൻ ആഗ്രഹിച്ചപ്പോൾ മുതൽ ആ ചിന്തയുടെ അടിമയായി. ഉവ്വ്, പണം ഒരു ചീത്ത യജമാനനാണ്! അത് ഉള്ള സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുകയാണു ചെയ്യുന്നത്.

സത്യത്തിൽ പണം ഒരു കടലാസു

കഷണം മാത്രമാണ്. നാം അതു ചെലവാക്കുമ്പോഴാണ് അതിനു വില യുണ്ടാകുന്നത്. അപ്പോഴാണു പണ ത്തിനു യഥാർഥ മൂല്യം ഉണ്ടാകുന്ന ത്. എന്നാൽ അങ്ങനെ ചെലവാക്കു മ്പോൾ നാം പറയുന്നത് 'അയ്യോ എന്റെ പണം പോയി' എന്നാണ്! എന്നാൽ വാസ്തവം എന്താണ്? പണത്തോടു ചേർന്നു മൊത്തത്തിൽ ഒരു ചതിയുണ്ട്. അതുകൊണ്ടാണ് യേശു പണത്തെ -അതു നേരായ വഴിയിൽ നേടിയതായാലും- പൊതു വായി 'അനീതിയുള്ള മാമോൻ' എന്നുവിളിക്കുന്നത്.

ലഹരിയുടെ ലോകം സ്വാതന്ത്ര്യ ത്തിന്റെ ലോകം എന്ന തോന്നലിൽ കബളിപ്പിക്കപ്പെട്ടവരും ഏറെയാണ്. 'മദ്യം വിഷപ്പാമ്പിനെ ഊട്ടി വളർത്തുന്നതുപോലെയാണ്. ഒടു വിൽ അതു നിന്നെ തിരിഞ്ഞു കൊത്തും. അതു നിന്റെ അന്ത്യമാ കും'. -ജ്ഞാനിയായ ശലോമോന്റെ സദൃശവാക്യം പറയുന്നു. സർഗാത്മ കതയെ ഇതു തെല്ലും സഹായിക്കു കയില്ലെന്നറിഞ്ഞിട്ടും മദ്യത്തിൽ മുങ്ങിമരിച്ച കവികളും കലാകാര ന്മാരും നമ്മുടെ നാട്ടിൽ തന്നെ എത്ര! ലഹരിയിൽ, വിലക്കുകൾ വകവയ്ക്കാതെ കെട്ടിടത്തിനു മീതെ നൃത്തം ചവിട്ടിയ ചലച്ചിത്രപ്രതിഭ മരണത്തിലേക്കു കൂപ്പുകുത്തുന്നു. ഒടുവിൽ 'എവിടെ ജോൺ' എന്ന നിലവിളി മാത്രം ബാക്കി!

സുഖാന്വേഷണവും വാസ്തവ ത്തിൽ ആളുകളെ കബളിപ്പിക്കുന്ന താണ്. വിലക്കുകളില്ലാത്ത സ്വാത ന്ത്ര്യമാണിന്നു പലരും കൊതിക്കുന്ന ത്. സ്വാതന്ത്ര്യം എന്നാൽ എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യമാണോ? അതേ എന്ന നിലയിലാണ് ഇന്നു കാര്യങ്ങൾ നീങ്ങുന്നത്. അല്ലെങ്കിൽ

**സ്വാഭാവികതയിൽ നിന്നുള്ള വ്യതിയാനങ്ങൾ പണ്ടുമുതലേ ഉണ്ട്. എന്നാൽ ഇന്ന് അതിനു നിയമപരിരക്ഷ നൽകുകയും രാജ്യം തന്നെ അതിനു ലൈസൻസ് നൽകുകയും ചെയ്യുന്ന സ്ഥിതി, നാം എത്തി ച്ചേർന്നിരിക്കുന്നത് ഒരു ദുർഘ ടസമയമാണെന്നു വ്യക്തമാ കുന്നു. സുഖാന്വേഷികളായ ആളുകൾ നിയന്ത്രണങ്ങൾക്കും വിലക്കുകൾക്കും അപ്പുറത്ത് അതിരുകളില്ലാത്ത സ്വാതന്ത്ര്യ ത്തിൽ അഭിരമിക്കുന്നതിനെ ദുർഘടസമയമായും അന്ത്യകാ ലലക്ഷണമായുമാണ് ബൈബിൾ വിവരിക്കുന്നത്**

നോക്കുക. കഴിഞ്ഞ ചില വർഷങ്ങൾക്ക് മുൻപ് ജൂൺ 26 ന് യുഎസ് സുപ്രീംകോടതി പുറപ്പെടു വിച്ച നിർണായകമായ വിധി. ഇത നുസരിച്ചു പുരുഷന്മാർ തമ്മിലും സ്ത്രീകൾ തമ്മിലും വിവാഹത്തിന് ആഗ്രഹിച്ചാൽ അതു നടത്തിക്കൊ ടുക്കാനും വിവാഹ സർട്ടിഫിക്കറ്റ് നൽകാനും യുഎസിലെ അമ്പ തോളം സംസ്ഥാനങ്ങളിലെയും അധികൃതർ ബാധ്യസ്ഥരായിരി ക്കുന്നു. സ്വവർഗാനുരാഗി കൾക്ക് വിവാഹസ്വാതന്ത്ര്യം നൽകുന്ന ഈ വിധി യുഎസിന്റെ പരമോന്നതകോ ടതി നാലിനെതിരെ അഞ്ചുവോട്ടു കൾക്ക് പാസ്സാക്കിയപ്പോൾ പുരു ഷനും സ്ത്രീയും തമ്മിൽ മാത്രം വിവാഹം എന്ന മാനവരാശി ഉണ്ടായ

**നോഹയുടെ കാലത്തിലുള്ള വർ 'തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹ ത്തിനു കൊടുത്തും പോന്നു' എന്നും ഓർക്കാപ്പുറത്തു ജലപ്രളയം വന്ന് അവർ നശിച്ചു പോയി എന്നുമാണു വിവരിച്ചിരിക്കുന്നത്. അവർ തിന്നുക, കുടിക്കുക, വിവാഹം കഴിക്കുക എന്ന നിത്യസാധാരണമായ കാര്യങ്ങ ളിൽ മാത്രം അഭിരമിച്ച് ദൈവ ത്തിനും ആത്മീയതയ്ക്കും നൽകേണ്ട സ്ഥാനം നൽകാതെ പോയി എന്നതാ യിരുന്നു തകരാറ്. മുൻപിൽ ഒരു മരണം ഉണ്ടെന്നോർത്ത് അവർ നിത്യതയ്ക്കായി ഒരുങ്ങിയില്ല. ഒടുവിൽ അനിവാര്യമായി ദുരന്തം അവർക്കു നേരിട്ടു.**

കാലം മുതൽ നിലവിലിരുന്ന സങ്കല്പം തകർന്നു വീഴുകയായിരുന്നു.

ഈ വിധിയുടെ അടിസ്ഥാനത്തിൽ സ്വവർഗാനുരാഗികൾ പുത്തൻ സ്വാതന്ത്ര്യം ആഘോഷിച്ചു തിമിർക്കുമ്പോൾ ഇതിനെ തികഞ്ഞ ധാർമികാധഃപതനമായി വിവാഹത്തിന്റെ പവിത്രതയിൽ വിശ്വസിക്കുന്നവർ വിലയിരുത്തുന്നു. സ്വാഭാവികതയിൽ നിന്നുള്ള വ്യതിയാനങ്ങൾ പണ്ടുമുതലേ ഉണ്ട്. എന്നാൽ ഇന്ന് അതിനു നിയമപരിരക്ഷ നൽകുകയും രാജ്യം തന്നെ അതിനു ലൈസൻസ് നൽകുകയും ചെയ്യുന്ന സ്ഥിതി, നാം എത്തിച്ചേർന്നിരിക്കുന്നത് ഒരു ദുർഘടസമയമാണെന്നു വ്യക്തമാകുന്നു.

സുഖാന്വേഷികളായ ആളുകൾ നിയന്ത്രണങ്ങൾക്കും വിലക്കുകൾക്കും അപ്പുറത്ത് അതിരുകളില്ലാത്ത സ്വാതന്ത്ര്യത്തിൽ അഭിരമിക്കുന്നതിനെ ദുർഘടസമയമായും അന്ത്യകാലലക്ഷണമായുമാണ് ബൈബിൾ വിവരിക്കുന്നത് (2 തിമൊഥെയോസ് 3:1–5).

അന്ത്യകാലത്തിന്റെ ലക്ഷണങ്ങളെപ്പറ്റി സുവിശേഷങ്ങളിൽ യേശു വിവരിക്കുമ്പോൾ രണ്ടു കാലഘട്ടങ്ങളെക്കുറിച്ചു പറയുന്നു. ഒന്ന്: നോഹയുടെ കാലം. രണ്ട്: ലോത്തിന്റെ കാലം. നോഹയും ലോത്തും ബൈബിളിലെ പഴയനിയമത്തിലെ രണ്ട് ഇതിഹാസ പുരുഷന്മാരാണ്. നോഹയുടെ കാലത്ത് ജലപ്രളയത്തിലൂടെ ലോകം നശിച്ചു. അതിനു ശേഷം ലോത്തിന്റെ കാലത്ത് ലോത്ത് പാർത്തിരുന്ന സ്ഥലമായ സോദോംഗോമോറാ ആകാശത്തു നിന്നു തീയും ഗന്ധകവും വർഷിച്ചതിനെതുടർന്നു നശിച്ചു. നോഹയുടെ കാലത്തിന്റെ പ്രത്യേകത എന്തായിരുന്നു? നോഹയുടെ കാലത്തിലുള്ളവർ 'തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു' എന്നും ഓർക്കാപ്പുറത്തു ജലപ്രളയം വന്ന് അവർ നശിച്ചു പോയി എന്നുമാണു ഉൽപത്തി പുസ്തകത്തിൽ വിവരിച്ചിരിക്കുന്നത്. നോഹയുടെ കാലത്തിലുള്ളവർ തിന്നുക, കുടിക്കുക, വിവാഹം കഴിക്കുക എന്ന നിത്യസാധാരണമായ കാര്യങ്ങളിൽ മാത്രം അഭിരമിച്ച് ദൈവത്തിനും ആത്മീയതയ്ക്കും നൽകേണ്ട സ്ഥാനം

നൽകാതെ പോയി എന്നതായിരുന്നു തകരാറ്. മുൻപിൽ ഒരു മരണം ഉണ്ടെന്നോർത്ത് അവർ നിത്യതയ്ക്കായി ഒരുങ്ങിയില്ല. ഒടുവിൽ അനിവാര്യമായി ദുരന്തം അവർക്കു നേരിട്ടു. നോഹയ്ക്കുശേഷം വർഷങ്ങൾ കഴിഞ്ഞാണ് ലോത്തിന്റെ കാലം. ആ കാലത്തിന്റെ പ്രത്യേകത ഇങ്ങനെയാണു രേഖപ്പെടുത്തിയിരിക്കുന്നത്:'അവർ തിന്നും കുടിച്ചും വാങ്ങിയും വിറ്റും നട്ടും പണിതും പോന്നു'. (ലൂക്കോസ്. 17:28). നോക്കുക : നോഹയുടെ കാലത്തിൽ നിന്നു ലോത്തിന്റെ കാലത്തിലുള്ള പ്രകടമായ വ്യത്യാസം എന്താണ്? അത് നോഹയുടെ കാലത്തു വിവാഹം ഉണ്ടായിരുന്നു. ലോത്തി ന്റെ കാലം വരുമ്പോൾ അവിടെ വിവാഹത്തെക്കുറിച്ചു പരാമർശമില്ല എന്നതു തന്നെ. എന്തുകൊണ്ടാണ്? ലോത്തു പാർത്തിരുന്ന സോദോമിലുള്ളവർ സ്വവർഗാനുരാഗികൾ ആയിരുന്നു (ഉൽപത്തി 19-ാം അധ്യായം.) അതുകൊണ്ടു തന്നെ വിവാഹത്തെക്കുറിച്ച് ആ കാലഘട്ടത്തിൽ പരാമർശമില്ല. ഇംഗ്ലീഷിലെ Sodomy എന്ന വാക്ക് സോദോം എന്നതിൽ നിന്നു വന്നതാണെന്ന് ഓർക്കുക. ആട്ടെ, ഇതിനെല്ലാം ഇവിടെ എന്താണു പ്രസക്തി? പ്രസക്തി ഇതാണ്: സ്വവർഗാനുരാഗ ജീവിത രീതി പരക്കെ അംഗീകരിക്കപ്പെട്ടിരുന്ന ലോത്തിന്റെ കാലം പോലെ ഒരു കാലം വന്നിരിക്കുന്നു. ഇതു വേറൊന്നല്ല. സ്വവർഗാനുരാഗികളുടെ വിവാഹത്തിന് അംഗീകാരം നൽകിയ നമ്മുടെ ഇന്നത്തെ ലോകമാണത്. എങ്കിൽ ലോത്തിന്റെ കാലം പോലെയുള്ളതാണ് അന്ത്യകാലം എന്നു ക്രിസ്തു പറഞ്ഞത് സമകാലിക സംഭവവികാസങ്ങളോടു ചേർത്തു ചിന്തിക്കുമ്പോൾ കാര്യം പകൽപോലെ സ്പഷ്ടമല്ലേ? നാം എത്തിയിരിക്കുന്നത് അന്ത്യകാലത്തിലാണ്!

പണവും ലഹരിയും കുത്തഴിഞ്ഞ ബന്ധങ്ങളും- ഇതിലൂടെയല്ലാം ഇന്നു മനുഷ്യൻ തേടുന്നത് സ്വാതന്ത്ര്യമാണ്. പക്ഷേ അത് അവനു ലഭിക്കുന്നുണ്ടോ? ഒരിക്കൽ യഥാർഥ സ്വാതന്ത്ര്യത്തെക്കുറിച്ചു സംസാരിക്കുമ്പോൾ യേശു യഹൂദന്മാരോടു പറഞ്ഞു: “സത്യം നിങ്ങളെ സ്വതന്ത്രരാക്കും.” (യോഹ. 8: 32). പിന്നീടൊരിക്കൽ താൻ തന്നെയാണാ വഴിയും സത്യവും ജീവനുമെന്ന് അവിടുന്നു വിശദീകരിച്ചു (14:6). താൻ സ്വാതന്ത്ര്യം വരുത്തിയാൽ മാത്രമേ അവർ സാക്ഷാൽ സ്വതന്ത്രരാകുവെന്നും യേശു തുറന്നു പറഞ്ഞു (8:36). ഈ വാക്കുകൾ വിശ്വസിച്ചു തന്റെ അടുത്തേക്കു വന്ന് ആശ്വാസം പ്രാപിക്കുവാനും അവിടുന്ന് ആഹ്വാനം ചെയ്തു. (മത്താ. 11:28).

ഇതെല്ലാം ശരിയാണെങ്കിലും സ്വന്തയുക്തിയിൽ ആശ്രയിച്ചു മരീചികയ്ക്കു പിന്നാലെ പായുന്ന പലർക്കും ഇതെല്ലാം വിശ്വസിച്ചു തൃപ്തരാകാൻ ഇന്നു കഴിയുന്നില്ല. അവർ തങ്ങളുടെ ദാഹം ശമിക്കാനായി ഉപ്പുവെള്ളം തുടർന്നും കുടിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ ഉപ്പുവെള്ളം ഒരാളുടെയും ദാഹം ശമിപ്പിക്കുകയില്ല. ശമര്യയിലെ ഒരു കിണറിനു സമീപം വച്ച് ഒരിക്കൽ ക്രിസ്തു ചൂണ്ടിക്കാട്ടിയതുപോലെ 'ഈ വെള്ളം കുടിക്കുന്നവനൊക്കെയും പിന്നേയും ദാഹിക്കും.'

സുഹൃത്തേ, നിങ്ങൾ കേൾക്കുന്നുണ്ടോ?

❖

കീഴടങ്ങൽ:ഒരേയൊരു പ്രതിവിധി -II

# സ്വയത്തെ സിംഹാസനത്തിൽ നിന്ന് ഇറക്കുക

സ്റ്റാൻലി ജോൺസ്

**സ**ഭാ ജീവിതത്തിലും സ്വയത്തിന്റെ കടന്നുകയറ്റം പലരീതിയിൽ വരാം. അവയിൽ ചിലതു വളരെ പ്രകടമാണ്. രണ്ടു പേർ തമ്മിൽ ഒരു സഭാ കെട്ടിടം പണിയുന്നതിൽ തർക്കം. ഒരാൾക്ക് കെട്ടിടത്തിന്റെ മുകളിലെ അഗ്രം പെൻസിൽ മുനപോലെ കൂർത്തിരിക്കണം. മറ്റേയാൾക്ക് അവിടം ഒരു തൂണുപോലെ വൃത്താകൃതിയിൽ ഇരിക്കണം. ഇരുവരും കടുകിടെ വിട്ടു കൊടുക്കാൻ തയ്യാറില്ല. ഒടുവിൽ സഭാ കമ്മിറ്റി കൂടി കെട്ടിടത്തിന്റെ ഒരു വശം തൂണിന്റെ ആകൃതിയിലും മറുവശം കൂന്തമുനപോലെയും പണിതു- കീഴടങ്ങാത്ത രണ്ടു 'സ്വയജീവനുകൾ'ക്ക് അങ്ങനെ അവർ ഒരു സ്മാരകം പണിതു!

പുതുതായിപ്പണിയുന്ന ഒരു സഭാ കെട്ടിടത്തിന് ഒരു സ്ത്രീ ചിത്രപ്പണി ചെയ്ത ഒരു കണ്ണാടി ജനൽ സംഭാവന ചെയ്യാമെന്ന് വാഗ്ദാനം ചെയ്തു. പക്ഷേ ഒരേയൊരു നിബന്ധന-കണ്ണാടിജനലിലെ ചിത്രം ആ സഹോദരിയുടേതായിരിക്കണം. സാധാരണ പള്ളിയുടെ ജനൽച്ചില്ലിൽ വിശുദ്ധന്മാരുടെ ചിത്രങ്ങളാണ് ആലേഖനം ചെയ്യാറുള്ളത്. അപ്പോൾ ജനാലയിലൂടെ വെളിച്ചം കടന്നുവരുമ്പോൾ സുതാര്യമായ ഈ ചിത്രങ്ങൾ കൂടുതൽ മിഴിവാർജ്ജിക്കും. പക്ഷേ ഇവിടെ ചിത്രപ്പണിചെയ്ത കണ്ണാടിയിലൂടെ പ്രകാശം അകത്തേക്കു പ്രസരിച്ചപ്പോൾ തെളിഞ്ഞത് വിശുദ്ധിയല്ല കീഴടങ്ങാത്ത സ്വയത്തിന്റെ വികൃതമുഖമാണ്. സ്വാർത്ഥതയന്വേഷിക്കുന്ന സ്വയത്തിന്റെ മുഖം. പല സമ്മാനങ്ങളുടെയും സ്വമേധാദാനങ്ങളുടെയും അടിക്കുറിപ്പ് ഇങ്ങനെയാണ്: "ദൈവമഹത്വത്തിനായും .... ന്റെ സ്മാരകമായും ...." മഹത്വം ദൈവത്തിനുമാത്രമല്ലെന്നു ചുരുക്കം.

കുഞ്ഞുങ്ങൾക്കായുള്ള ഒരു ക്ലാസ്സിനുവേണ്ടി ഒരു പള്ളിയിലെ ഇരിപ്പിടങ്ങളെല്ലാം പുതിയ രീതിയിൽ ക്രമീകരിക്കേണ്ടിവന്നു. പിയാനോയും നേരത്തെ ഇരുന്ന സ്ഥലത്തു നിന്നു വേറെ ഒരു ഭാഗത്തേക്കു നീക്കി വച്ചു. പക്ഷേ പിയാനോ വായിക്കുന്ന സഹോദരി വന്നപ്പോൾ പ്രശ്നമായി: "ഞാൻ ഇരുപതു വർഷമായി അവിടെയിരുന്നാണ് പിയാനോ വായിച്ചിരുന്നത്. ഇനി വേറൊരിടത്തിരുന്നു പിയാനോ വായിക്കാൻ എനിക്കു കഴിയുകയില്ല"

ഇതു കേട്ട ശുശ്രൂഷകൻ ശാന്തനായി ഇങ്ങനെ മറുപടി പറഞ്ഞു "ശരി, പള്ളിയിലെ പിയാനോയിസ്റ്റ് എന്ന സ്ഥാനത്തുനിന്നുള്ള നിങ്ങ

ളുടെ രാജി നിരുപാധികം സ്വീകരിച്ചിരിക്കുന്നു." ജീവിതത്തിലെ അവശേഷിച്ച വർഷങ്ങൾ സ്വയത്തിലെ അനിഷ്ടവും നീരസവും പ്രകടിപ്പിച്ച് ആ സഹോദരി തള്ളി നീക്കി!

യേശു ഒരിക്കൽ ഒരു രാജ്യത്തോടും ജനതയോടും പ്രഖ്യാപിച്ചു: "നിങ്ങളുടെ ആലയം നിങ്ങൾക്കു തന്നെ വിട്ടുതന്നിരിക്കുന്നു." ('ശൂന്യമാകും' എന്ന പ്രയോഗം പിന്നീടു വന്ന വിവർത്തനങ്ങളിൽ വിട്ടുകളഞ്ഞിട്ടുണ്ട്). അവിടുന്നു പറഞ്ഞതിന്റെ അർത്ഥം ഇതാണ്: "നിങ്ങൾക്കു നിങ്ങളുടെ ആലയം നിങ്ങൾക്കായി വേണമായിരുന്നു. ശരി, അതു നിങ്ങൾ തന്നെ എടുത്തുകൊള്ളുക." ദൈവപുത്രനെ സ്വീകരിക്കാതിരുന്ന ആ ആലയം ശൂന്യമായിരുന്നു. സ്വന്തജീവനല്ലാതെ മറ്റൊന്നും ആ ആലയത്തിൽ ഉണ്ടായിരുന്നില്ല. അതിന്റെ അനിവാര്യമായ ന്യായവിധി അതു തന്നെയായിരുന്നു. ദൈവപുത്രന് അർഹിക്കുന്ന സ്ഥാനം കൊടുക്കാത്ത മന്ദിരങ്ങൾ (ജീവിതങ്ങൾ) എല്ലാം ശൂന്യതയെത്തന്നെയാണു പുൽകുന്നത്.

ധൂർത്തപുത്രന്റെ പതനത്തിലെ ആദ്യപടി "പിതാവേ, എനിക്കു തരിക" എന്നതായിരുന്നു. ദൂരെരാജ്യത്തെ കഷ്ടപ്പാടും വിശപ്പുമായിരുന്നു ആ മനോഭാവത്തിന്റെ പരിണതഫലം. ഇസ്കാര്യോത്തായൂദായുടെ പതനത്തിലെ ആദ്യപടിയും "നിങ്ങൾ എനിക്ക് എന്തുതരും?" എന്നതായിരുന്നു. തനിക്കു കീഴടക്കിക്കൊടുക്കാൻ കഴിയാത്ത സ്വയത്തെ ആത്മഹത്യയിലൂടെ ഉച്ചാടനം ചെയ്യുകയായിരുന്നു അതിന്റെ അന്ത്യവും.

യൂദായെപ്പോലെ നാടകീയമായും ദുരന്തപൂർണ്ണമായും തങ്ങളുടെ ജീവിതത്തെ എറിഞ്ഞുടച്ചുകളയാത്ത പലരും കീഴടങ്ങാത്ത, അസ്വസ്ഥമായ ഒരു സ്വയവുമായി തങ്ങൾക്കും ചുറ്റുമുള്ളവർക്കും ദുരിതം നൽകിക്കൊണ്ടു ജീവിതം തള്ളിനീക്കുന്നുവെന്നേ ഉള്ളു. സ്വയം സമർപ്പണത്തിന്റെ അനിവാര്യമായ ഒരേയൊരു വഴി സ്വീകരിക്കാത്തവരെല്ലാം തങ്ങളുടെയും തങ്ങൾക്കു ചുറ്റുമുള്ളവരുടെയും സന്തോഷം ഇല്ലാതാക്കുകയാണ്.നമ്മൾ പൂർണ്ണമായി സമർപ്പിച്ചു എന്നതിന്റെ 'ഏകവും പ്രത്യക്ഷവുമായ തെളിവ്' തുടർന്നുണ്ടാകുന്ന സന്തോഷമായിരിക്കും എന്നാണു നാം പ്രതീക്ഷിക്കുന്നത്. അതിനു പകരം സമർപ്പണത്തെ ഇച്ഛയുടെ ഒരു പ്രവൃത്തിയായിക്കാണുകയും അനുഭൂതികളെ അതിന്റെ വഴിക്കുവിടുകയും ചെയ്യുക. ഞാൻ പറയാറുള്ളത് ഇങ്ങനെയാണ്: ഒന്നാമതു വിശ്വാസം, രണ്ടാമതു അതു യാഥാർത്ഥ്യമാക്കുക, മൂന്നാമത് അതിനെ അനുഭൂതികൾ പിൻതുടരും. അതാണ് അതിന്റെ ക്രമം. നിങ്ങളുടെ വിശ്വാസം യാഥാർത്ഥ്യമായതായും അത് അനുഭൂതികളെ ഉണർത്തുന്നതായും ഉള്ള മട്ടിൽ പ്രവർത്തിക്കുവാൻ ആരംഭിക്കുകയാണു വേണ്ടത്.

നമ്മുടെ സ്വയത്തിന്റെ സമർപ്പണത്തോടെ എല്ലാം അവസാനിച്ചു എന്നല്ല നാം പറയുന്നത്. അതിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾ നാം എങ്ങനെ നടത്തുന്നു എന്നതിനെ ആശ്രയിച്ചാണ് അതു സമ്പൂർണ്ണമായി നിറവേറുന്നത്. എന്നാൽ സമർപ്പണത്തോടെ നിങ്ങൾ ദൈവത്തോടും നിങ്ങളോടു തന്നെയും മറ്റുള്ളവരോടും ഉള്ള ബന്ധം ശരിയായ നിലയിലേക്കു കൊണ്ടു വരികയാണ്. അതു നിങ്ങളുടെ പ്രശ്നങ്ങൾ

**ദൈവത്തിനു മുൻപിൽ കീഴടങ്ങിയിട്ടില്ലെങ്കിൽ നിങ്ങൾ മറ്റെന്തിനെങ്കിലും ദൈവത്തിനു മുമ്പിലെന്ന പോലെ കീഴടങ്ങിയിരിക്കാനാണു സാധ്യത. അങ്ങനെയാണെങ്കിൽ നിങ്ങൾ ലക്ഷ്യം തെറ്റിയവനാണ്. ഏതു മനുഷ്യവിഗ്രഹത്തിന്റെയും പാദങ്ങൾ കളിമണ്ണുകൊണ്ട് തീർത്തതാണ്.**

പരിഹരിക്കാനുള്ള ഒരു ചട്ടക്കൂടും അതിനുള്ള മനോഭാവവും നിങ്ങൾക്കു തരുന്നു. അത് പ്രശ്നപരിഹാരത്തിന്റെ പാതയിൽ നിങ്ങളെ എത്തിക്കുന്നു. കാതലായ പ്രശ്നം നിങ്ങൾ പരിഹരിച്ചുകഴിഞ്ഞു - സ്വയം ഇപ്പോൾ ദൈവത്തിന്റെ സ്ഥാനത്ത് കേന്ദ്രത്തിലല്ല, മറിച്ച് അത്യുന്നതനു കീഴടങ്ങിയും കീഴ്വഴങ്ങിയും അതിന്റെ അർഹമായ സ്ഥാനത്ത് സ്വയം നിലയുറപ്പിച്ചിരിക്കുകയാണ്.

ദൈവത്തിന് കീഴടങ്ങിയിട്ടില്ലെങ്കിൽ അതിന്റെ അർത്ഥം നിങ്ങൾ ഒന്നിനും കീഴടങ്ങിയിട്ടില്ലെന്നല്ല. എല്ലാവരും കീഴടങ്ങിയവരാണ് - എന്തിനെങ്കിലും. ചിലർ തങ്ങൾക്കു തന്നെ കീഴടങ്ങിയവരാണ്. പക്ഷേ അങ്ങനെയാണെങ്കിൽ സത്യത്തിൽ നിങ്ങൾക്കു നിങ്ങളെ ഇഷ്ടമായിരിക്കുകയില്ല. മറ്റുള്ളവരും നിങ്ങളെ ഇഷ്ടപ്പെടുകയില്ല. "സ്വയം കേന്ദ്രീകൃതരായ ആളുകൾ മറ്റുള്ളവർക്കു പതിനായിരത്തിലൊന്നു പോലും സ്വീകാര്യരായിരിക്കുകയില്ല." - ഒരു മനശ്ശാസ്ത്രജ്ഞൻ പ്രസ്താവിച്ചത് ഓർക്കുന്നു.

ദൈവത്തിനു മുൻപിൽ കീഴടങ്ങിയിട്ടില്ലെങ്കിൽ നിങ്ങൾ മറ്റെന്തിനെങ്കിലും ദൈവത്തിനു മുമ്പിലെന്ന പോലെ കീഴടങ്ങിയിരിക്കാനാണു സാധ്യത. അങ്ങനെയാണെങ്കിൽ നിങ്ങൾ ലക്ഷ്യം തെറ്റിയവനാണ്. ഏതു മനുഷ്യവിഗ്രഹത്തിന്റെയും പാദങ്ങൾ കളിമണ്ണുകൊണ്ട് തീർത്തതാണ്. ഹെരോദാരാജാവ് സോരിലെയും സീദോനിലെയും ആളുകളെ പ്രീതിപ്പെടുത്താനായി ചിലകാര്യങ്ങൾ പറഞ്ഞപ്പോൾ ആൾക്കൂട്ടം "ഇതു മനുഷ്യന്റെ വാക്കുകളല്ല, ദൈവത്തിന്റെ വാക്കുകൾ തന്നെയാണ്'' എന്ന് ആർത്തുവിളിച്ചു. ഉടനെ ദൈവത്തിന്റെ ദൂതൻ അവനെ അടിച്ചു അവൻ കൃമിക്കിരയായി പ്രാണനെവിട്ടു. (പ്രവൃ. 12:20 -23) 'കൃമികൾ തിന്നുതീർത്ത ദൈവം'! ദൈവത്തിനെന്നവണ്ണം നിങ്ങൾ ഏതു വ്യക്തിക്കു കീഴടങ്ങിയിരിക്കുന്നുവോ അവൻ കൃമിക്കിരയായ ദൈവമാണ്.

അരവിന്ദ് ഘോഷിന്റെ പിൻഗാമിയായ 'ഫ്രഞ്ചുകാരിയായ അമ്മ' ആരോടൊ ഫോണിൽ ഇങ്ങനെ പറഞ്ഞു എന്നു കേട്ടിട്ടുണ്ട്. "നിങ്ങൾ എന്റെ മുമ്പിൽ സമർപ്പിക്കുക, കീഴടങ്ങുക." സ്വയം ദൈവമായി അഭിനയിച്ച അവരും കൃമിക്കിരായായ ദൈവമാണ്. അല്ലാതെന്ത്?

നിങ്ങൾ ആൾക്കൂട്ടത്തിന്, സമൂഹത്തിന്, നിങ്ങളെത്തന്നെ സമർപ്പിക്കുകയും അതിനെ ദൈവമായിക്കാണുകയും ചെയ്താൽ നിരാശയായിരിക്കും ഫലം. ആരോ പറഞ്ഞിട്ടുണ്ട് "സഭ ഈ കാലഘട്ടത്തിന്റെ ആത്മാവുമായി ഇന്നു വിവാഹബന്ധത്തിൽ ഏർപ്പെട്ടാൽ അതു നാളെ വിധവയായിത്തീരും.'' ഇന്നു സമൂഹത്തെ നയിക്കുന്ന ആത്മാവ് വേഗം നിറം മാറുന്നതും ആശ്രയിക്കാൻ കൊള്ളാത്തതുമാണ്. ദൈവത്തിൽ

നിന്ന് അന്യമായ എന്തിനോടെങ്കിലും നിങ്ങൾ കൂറും സ്നേഹവും പുലർത്തിയാൽ അതു ഭാവിയിൽ നിങ്ങളെ നിരാശപ്പെടുത്തും. എന്നാൽ ദൈവത്തിനു നിങ്ങൾ കലവറയില്ലാതെ കീഴടങ്ങിയാൽ പിന്നീടു നിങ്ങൾ ആത്മാർത്ഥമായും പറയും "ഇതാണു ഞാൻ അന്വേഷിച്ചത്."

ഒരു വലിയ കമ്പനിയുടെ ഒരു ഡിപ്പാർട്ടുമെന്റിന്റെ തലവന് നിരന്തരമായി ആസ്തമയുടെ അസുഖം. അവസാനവട്ടം ഉണ്ടായ തീവ്രമായ അസുഖത്തെ അദ്ദേഹം അതിജീവിക്കുമെന്നു പോലും കരുതിയില്ല. എന്നാൽ അദ്ദേഹത്തെ ചികിത്സിച്ച ഡോക്ടർക്ക് ആസ്തമയ്ക്കു കാരണമായി ശാരീരികമായ എന്തെങ്കിലും കുഴപ്പം കണ്ടെത്താനും കഴിഞ്ഞില്ല. അതുകൊണ്ട് ഡോക്ടർ അദ്ദേഹത്തോട് ഇങ്ങനെ ചോദിച്ചു. ''മാനസികമായി എന്തെങ്കിലും കാര്യം താങ്കളെ അലട്ടുന്നുണ്ടോ?" രോഗി മറുപടി നൽകി: ''ഇല്ല ഡോക്ടർ. ഞാൻ സഭയിലെ ഒരംഗമാണ്. സഭയുടെ ഭാരവാഹികളിലും ഒരാളാണ്. എന്നെ ഒന്നും അലട്ടുന്നില്ല.'' ചിന്താക്കുഴപ്പത്തിലായ ഡോക്ടർ മടങ്ങിപ്പോയി.

പിറ്റേന്ന് രോഗി ഡോക്ടർക്ക് ആളുവിട്ടു. ഡോക്ടറോട് അദ്ദേഹം ഇങ്ങനെ പറഞ്ഞു. ''ഡോക്ടർ എന്നെ ഒന്നും അലട്ടുന്നില്ലെന്നു കഴിഞ്ഞ രാത്രി ഞാൻ താങ്കളോടു പറഞ്ഞു. പക്ഷേ രാത്രി മുഴുവൻ ഞാൻ ദൈവത്തോടു സംസാരിക്കുകയായിരുന്നു. ഞാൻ മച്ചിൽ നോക്കിയപ്പോൾ അവിടെ ഈ വാക്കുകൾ കണ്ടു. "മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക." തറയിൽ നോക്കിയപ്പോഴും ആ വാക്കുകൾ കണ്ടു. ഡോക്ടർ ഞാൻ സത്യത്തിൽ മുമ്പേ അവന്റെ രാജ്യവും നീതിയുമല്ല അന്വേഷിച്ചത്. ഈ കമ്പനിയുടെ രാജ്യമാണ്. ഞാൻ ഈ കമ്പനിയിൽ ഉയർന്ന നിലയിലെത്തി. പക്ഷേ അത് മറ്റുള്ളവർക്ക് എന്തു സംഭവിക്കുന്നു എന്നു ചിന്തിക്കാതെയുള്ള ഒരു തള്ളിക്കയറ്റമായിരുന്നു. ഞാൻ തീർത്തും സ്വയകേന്ദ്രീകൃതമായി ജീവിക്കുന്ന ഒരു മനുഷ്യനാണ്. സ്വാർത്ഥപരനാണ്. പക്ഷേ ഇപ്പോൾ എനിക്കു ചിലതു സംഭവിച്ചു. "ഞാൻ ഇനി മുമ്പേ അവന്റെ രാജ്യവും നീതിയും മാത്രം അന്വേഷിക്കും." ഡോക്ടർ പിന്നീട് ഇതേക്കുറിച്ചു പറഞ്ഞു: "രണ്ടു കവിളിലൂടെയും ധാരധാരയായി കണ്ണുനീർ ഒഴുകിക്കൊണ്ടാണു ഞാൻ അവിടം വിട്ടുപോന്നത്. ഞാൻ ഒരാത്മാവിന്റെ ജനനത്തിനു സാക്ഷ്യം വഹിക്കുകയായിരുന്നു."

സ്വയം സമർപ്പണത്തിലൂടെ ഒരാത്മാവ് ജീവനിലേക്കു പ്രവേശിക്കുന്നതാണ് ഈ ഡോക്ടർ കണ്ടത്. പക്ഷേ സ്വയസമർപ്പണം എന്നു പറയുന്നത് ഒരാത്മാവിന്റെ പുതുജനനം മാത്രമല്ല. അത് എല്ലാറ്റിന്റെയും ജനനമാണ്. ദൈവത്തോട്, നിങ്ങളോട്, സമൂഹത്തോട് എല്ലാം പുതിയ ബന്ധം, ജീവിതത്തെക്കുറിച്ചുള്ള പുതിയ കാഴ്ചപ്പാട്, ദൈനംദിനപ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച് ഒരു പുതിയ പ്രവർത്തനരീതി, എന്തു വന്നാലും അതിനെ നേരിടുവാനുള്ള ആന്തരിക ഐക്യവും ഭാഗഭാഗിത്വവും സംബന്ധിച്ച് ഒരു പുതിയ അവബോധം, ജീവിക്കാനുള്ള പുതിയ ആന്തരിക ചൈതന്യം- എന്നുവേണ്ട, കണ്ടാലും, സകലവും പുതുതായിരിക്കുന്നു!

❖

(അവസാനിച്ചു)





*ബൈബിളിലൂടെ........*

**എബ്രായലേഖനം**

# മഹത്വപൂർണ്ണമായ പുതിയ ഉടമ്പടി

എബ്രായലേഖനം എട്ടാം അദ്ധ്യായം തുടരുന്നതു പഴയതും പുതിയതുമായ ഉടമ്പടികൾ തമ്മിലുള്ള വ്യത്യാസം വിവരിച്ചുകൊണ്ടാണ്. സ്വർഗ്ഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്തിരുന്നുകൊണ്ടാണ് യേശു മഹാപുരോഹിതനായി നമുക്കുവേണ്ടി മദ്ധ്യസ്ഥത അർപ്പിക്കുന്നത്. മോശെ നിർമ്മിച്ച കൂടാരം യഥാർത്ഥത്തിൽ സ്വർഗ്ഗീയമായ യാഥാർത്ഥ്യങ്ങളുടെ ഒരു നിഴൽ മാത്രമായിരുന്നു (8:5). അതുകൊണ്ടാണു ദൈവം മോശെയോടു ‘‘ഞാൻ പർവ്വതത്തിൽ നിനക്കു കാണിച്ച മാതൃകപ്രകാരം സകലവും ചെയ്യുവാൻ നോക്കുക” എന്നു പറഞ്ഞത്. അതുപോലെ തന്നെ നാം എക്കാലവും സഭയുടെ പണിയിൽ പുതിയ ഉടമ്പടിയിൽ ദൈവം പറഞ്ഞിരിക്കുന്ന അതേ മാതൃകയിൽത്തന്നെ ആവ



*ഇന്ത്യൻ പട്ടാളത്തിൽ ഞാൻ സൈനികനായി ചേർന്നാൽ എനിക്കിഷ്ടമുള്ള സ്ഥലത്തു പോയി ജോലി ചെയ്യുവാൻ എനിക്കു കഴിയില്ല. എവിടേക്ക് അയക്കുന്നുവോ അവിടേക്ക് എനിക്കു പോകേണ്ടിവരും.*

ണം പണിയേണ്ടത്. അതുകൊണ്ടു തന്നെ പുതിയ ഉടമ്പടിയിലെ വിശ്വാസികളും സഭയും എന്നൊക്കെ തങ്ങളെത്തന്നെ വിശേഷിപ്പിക്കുന്നവർ ലേവ്യാപൗരോഹിത്യത്തിന്റെ ക്രമങ്ങളിലേക്കു വീണു പോകുന്നത് എത്ര പരിതാപകരമാണ്! അതുകൊണ്ടുതന്നെയാണ് മഹത്വം പൊയ്പോയിരിക്കുന്നത്. പഴയ ഉടമ്പടിയിൽ മോശെ ദൈവം കാണിച്ച അതേ മാതൃകയിൽത്തന്നെ പണിതു. അതിൽ മാറ്റം വരുത്തുകയോ അധികം പരിഷ്ക്കാരങ്ങൾ വരുത്തുകയോ മാനുഷികമായ ആശയങ്ങൾ കൊണ്ടുവരികയോ ചെയ്തില്ല. അതുകൊണ്ടാണ് ദൈവതേജസ്സ് അതിന്മേൽ ഇറങ്ങിവന്നത്. ഇന്നും നാം പുതിയ ഉടമ്പടിയിൽ കാണും പ്രകാരമുള്ള ഒരു സഭ പണിയുന്നു എങ്കിൽ ദൈവതേജസ്സ് അവിടെ കാണാം. ഇന്നു നമുക്കുള്ള മാതൃക യേശു ആണ്. പഴയ ഉടമ്പടിയിൽ ദേവാലയത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു ചുരുളായിരുന്നു അടിസ്ഥാനം. ഇന്ന് ഒരു വ്യക്തിയാണു നമ്മുടെ മാതൃക. നമ്മുടെ ജീവിതവും ശുശ്രൂഷയും യേശുവിന്റെ ജീവിതത്തിന്റെയും ശുശ്രൂഷയുടെയും അതേ മാതൃകയിൽത്തന്നെ ആകണം. അതുകൊണ്ടു പുതിയ ഉടമ്പടിയിലെ ശുശ്രൂഷകനാകുവാൻ നാം യേശുവിനെ അധികമായി ശ്രദ്ധിക്കേണ്ടതുണ്ട്. നമ്മുടെ മഹാപുരോഹിതനെ അധികം ശ്രദ്ധിച്ചു നോക്കുക, ധ്യാനിക്കുക. ജീവിതവും ശുശ്രൂഷയും യേശുവിനെപ്പോലെ അധികമധികം ആക്കുക. എങ്ങനെയാണു കർത്താവിനെ ശുശ്രൂഷിക്കുന്നതെന്നു നിങ്ങൾക്കറിയേണ്ടതുണ്ടെങ്കിൽ യേശു എങ്ങനെയാണു പിതാവിനെ ശുശ്രൂഷിച്ചതെന്നു ശ്രദ്ധിച്ചു മനസ്സിലാക്കുക. എങ്ങനെയാണു പ്രസംഗിക്കേണ്ടതെന്ന് അറിയണമെങ്കിൽ യേശു പ്രസംഗിച്ചിരുന്നതെങ്ങനെയെന്നു ശ്രദ്ധിക്കുക. ജീവിക്കുന്നതെങ്ങനെയെന്നറിയണമെങ്കിൽ യേശു ജീവിച്ചിരുന്നതെങ്ങനെ എന്നു ശ്രദ്ധിക്കുക. വീട്ടിൽ ജീവിക്കേണ്ടതെങ്ങനെയെന്ന് അറിയണമെങ്കിൽ യേശു 30 വയസ്സുവരെ മാതാപിതാക്കൾക്കു കീഴടങ്ങി ജീവിച്ചതെങ്ങനെയെന്നു ശ്രദ്ധിക്കുക. എങ്ങനെയാണു ജോലി ചെയ്യേണ്ടതെന്നറിയണമെങ്കിൽ യേശു തന്റെ മരപ്പണിശാലയിൽ എങ്ങനെ പണി ചെയ്തു എന്നു ശ്രദ്ധിക്കുക. എല്ലാ മേഖലയിലും നമ്മുടെ മാതൃക അതുതന്നെ. നിങ്ങൾ മാതൃക പ്രകാരം തന്നെയാണു പണിയുന്നതെന്ന കാര്യം ഉറപ്പു വരുത്തുക.

8:7-13 വാക്യങ്ങളിൽ പുതിയ ഉടമ്പടിയെക്കുറിച്ചു വിവരിക്കുന്നു. ഇവിടെ എബ്രായലേഖനത്തിലെ വിവരണത്തോളം വ്യക്തത ഇക്കാര്യത്തിൽ നമുക്കു റോമാ ലേഖനത്തിൽ പോലും കാണാൻ കഴിയില്ല.

ഒന്നാമത്തെ ഉടമ്പടി കുറവില്ലാത്തതായിരുന്നു എങ്കിൽ രണ്ടാമത്തെ ഉടമ്പടിയുടെ ആവശ്യം ഉണ്ടാകുമായിരുന്നില്ല (എബ്രാ. 8:7). അതെന്താണു നമ്മോടു പറയുന്നത്? ന്യായപ്രമാണം കുറവുള്ളതായിരുന്നു എന്നാണ്. 'കുറവുള്ളത്' എന്ന പദപ്രയോഗത്തെ നാം തെറ്റിദ്ധരിക്കരുത്. അതൊരു കാർനിർമ്മാണകമ്പനിക്കാർ തങ്ങളുടെ ആദ്യത്തെ മോഡലിന് ചില അപാകതകൾ കണ്ടെത്തുകയും അതു പരിഹരിച്ച് രണ്ടാമത്തെ മോഡലിറക്കുകയും ചെയ്യുന്നതുപോലെയല്ല. ദൈവത്തിനറിയാമായിരുന്നു താൻ നൽകിയ ഒന്നാമത്തെ പ്രമാണം മനുഷ്യനെക്കുറി

**പുതിയ ഉടമ്പടിയിൽ കഴിഞ്ഞകാലപാപങ്ങളെ ഓർമ്മിക്കുന്നില്ല. പുതിയ ഉടമ്പടിയിലേക്കു പ്രവേശിക്കുമ്പോൾ ദൈവം ആദ്യമേതന്നെ ചെയ്യുന്നത് നമ്മുടെ കഴിഞ്ഞകാലത്തെ മായ്ച്ചുകളയുക എന്ന പ്രവൃത്തിയാണ്. നിങ്ങൾ ദുഷ്ടത നിറഞ്ഞ ഒരു ജീവിതമായിരിക്കാം നയിച്ചത്. എന്നാൽ നിങ്ങളുടെ പാപം ക്ഷമിക്കപ്പെടുകയും ക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെടുകയും ചെയ്യുമ്പോൾ ദൈവം നിങ്ങളെ ഒരു പുതിയ വ്യക്തിയായിട്ടാണു പിന്നെ കാണുന്നത് – ഒരിക്കൽ പോലും പാപം ചെയ്തിട്ടില്ലാത്ത ഒരു വ്യക്തി എന്ന നിലയിൽ.**

ച്ചുള്ള തന്റെ ലക്ഷ്യം സാധിക്കുകയില്ല എന്ന്. എങ്കിലും ദൈവം അതു മനുഷ്യന് നൽകി– 1500 വർഷത്തേക്ക്. എത്രകാലം ശ്രമിച്ചാലും മനുഷ്യനൊരിക്കലും സ്വന്തകഴിവുകൊണ്ട് ദൈവത്തിന്റെ നിലവാരങ്ങളെ പ്രാപിക്കാൻ കഴിയില്ല എന്ന് മനുഷ്യന് മനസ്സിലാക്കിക്കൊടുക്കാനായിരുന്നു അത്. യിസ്രായേൽ മക്കൾ കിണഞ്ഞു പരിശ്രമിച്ചിട്ടും നടന്നില്ല. മോശ കോപിച്ചു. ദാവീദു വ്യഭിചാരത്തിൽ വീണു. ഏലിയാവു മരിക്കാൻ ആഗ്രഹിച്ചു. യോഹന്നാൻ സ്നാപകന് താൻ തടവിലായപ്പോൾ യേശു എന്ന മശിഹായിലുള്ള വിശ്വാസം നഷ്ടപ്പെട്ടു. അവർക്കൊന്നും ദൈവത്തിന്റെ നിലവാരത്തിലെത്താൻ കഴിഞ്ഞില്ല. അതുതന്നെയായിരുന്നു ന്യായപ്രമാണം നൽകിയതിന്റെ ഉദ്ദേശ്യം.

നമ്മെ സംബന്ധിച്ചും വീണ്ടും ജനിച്ചശേഷമുള്ള ആദ്യനാളുകളിൽ നമ്മുടെ അനുഭവം അങ്ങനെയൊക്കെ ആയിരിക്കാം. പാപത്തിന്മേൽ ജയം പ്രാപിക്കുന്നതിനെക്കുറിച്ചുള്ള സന്ദേശങ്ങളൊക്കെ നാം കേൾക്കുന്നു. എങ്കിലും നാം വീഴുന്നു വീണ്ടും വീണ്ടും. ഒടുവിൽ സ്വന്തശക്തികൊണ്ടു ജയിക്കുവാൻ കഴികയില്ല എന്ന പാഠം നാം പഠിക്കുന്നു. അപ്പോൾ ദൈവം പുതിയ ഉടമ്പടിയിലേക്കു നമ്മെ നയിക്കുന്നു. കർത്താവിനെ ശുശ്രൂഷിക്കുവാൻ ആഗ്രഹിക്കുമ്പോൾ നാം പഠിക്കേണ്ട പാഠം ഇതു തന്നെയാണ്. ആത്മീയമായി ഞാൻ തീർത്തും ദരിദ്രനാണ്, അശക്തനാണ് എന്ന സത്യം.

അൻപതിലധികം വർഷങ്ങൾ നീണ്ട ശുശ്രൂഷയ്ക്കു ശേഷവും ഇന്നും ഞാൻ പ്രസംഗിക്കുവാൻ എഴുന്നേറ്റു നിൽക്കുമ്പോൾ ദൈവം ആഗ്രഹിക്കുന്ന വചനം എന്ത് എങ്ങനെ സംസാരിക്കണം എന്നതിൽ ഞാൻ എത്ര നിസ്സഹായനും അശക്തനുമാണെന്നു ഞാൻ അറിയുന്നു. എന്റെ കഴിഞ്ഞകാല അനുഭവങ്ങൾ വച്ചുകൊണ്ടു സംസാരിക്കാം എന്നു കരുതിയാൽ ഞാൻ ഭോഷനായിത്തീരും. ഒരു വിഷയം നൂറു പ്രാവശ്യം പ്രസംഗിച്ചതാണെങ്കിൽ പോലും ഓരോ പ്രാവശ്യവും നാം എഴുന്നേറ്റു നിൽക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ അഭിഷേകം നമുക്കാവശ്യമാണ്.

ഒന്നാമതായി പുതിയ ഉടമ്പടിയിൽ ദൈവം നമ്മുടെ പാപം ക്ഷമിച്ചു എന്നും നമ്മുടെ കഴിഞ്ഞ കാലപാപങ്ങളെ ഇനി ഓർക്കയുമില്ല എന്നും വാഗ്ദത്തം ചെയ്തിരിക്കുന്നു (8:12).

പഴയ നിയമകാലത്ത് പാപങ്ങളെക്കുറിച്ചുള്ള ഓർമ്മ നിരന്തരമായി ഉണ്ടായിരുന്നു. പുതിയ ഉടമ്പടിയിൽ കഴിഞ്ഞകാലപാപങ്ങളെ ഓർമ്മിക്കുന്നില്ല. പുതിയ ഉടമ്പടിയിലേക്കു പ്രവേശിക്കുമ്പോൾ ദൈവം ആദ്യമേ തന്നെ ചെയ്യുന്നത് നമ്മുടെ കഴിഞ്ഞ കാലത്തെ മായ്ച്ചുകളയുക എന്ന പ്രവൃത്തിയാണ്. നിങ്ങൾ ദുഷ്ടത നിറഞ്ഞ ഒരു ജീവിതമായിരിക്കാം നയിച്ചത്. എന്നാൽ നിങ്ങളുടെ പാപം ക്ഷമിക്കപ്പെടുകയും ക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെടുകയും ചെയ്യുമ്പോൾ ദൈവം നിങ്ങളെ ഒരു പുതിയ വ്യക്തിയായിട്ടാണു പിന്നെ കാണുന്നത് - ഒരിക്കൽ പോലും പാപം ചെയ്തിട്ടില്ലാത്ത ഒരു വ്യക്തി എന്ന നിലയിൽ. എല്ലാവരും പാപം ചെയ്ത് ഒരുപോലെ ദൈവതേജസ്സ് നഷ്ടപ്പെടുത്തി. ഒരുവനേക്കാൾ മറ്റൊരുവൻ വളരെയധികം പാപം ചെയ്തേക്കാം. എന്നാൽ അനുതപിക്കുന്ന ഏവനെയും ദൈവം ശുദ്ധീകരിക്കുന്നു. ഒരു ഉദാഹരണം പറയാം: ഒരു പരീക്ഷ പാസ്സാകാൻ ആവശ്യം 40 മാർക്കാണെന്നിരിക്കട്ടെ. ഒരാൾക്ക് 25 മാർക്കും നിങ്ങൾക്കു പൂജ്യം മാർക്കും കിട്ടി എന്നു കരുതുക. 25 മാർക്കുകിട്ടിയ ആൾ തീർച്ചയായും നിങ്ങളെക്കാൾ മിടുക്കനാണ്. പക്ഷേ സത്യം നിങ്ങൾ രണ്ടു പേരും പരാജിതരുടെ പട്ടികയിലാണെന്നതാണ്. എന്നാൽ നിങ്ങൾക്കു രണ്ടു പേർക്കും സൗജന്യമായി 100 മാർക്കു തന്നെ തരുവാൻ ദൈവം തീരുമാനിക്കുന്നു. അങ്ങനെ നിങ്ങൾ രണ്ടു പേരും ദൈവത്തിന്റെ കണ്ണിൽ ഒരുപോലെ ആയിത്തീർന്നു. ഈ അത്ഭുതത്തെയാണു നാം നീതികരണം എന്നു വിളിക്കുന്നത്. ഒരിക്കൽ

**പുതിയ ഉടമ്പടിയിൽ നമുക്കു ദൈവത്തെ പിതാവായി അറിയുവാൻ കഴിയും. "ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും" ചെറിയവർ തുടങ്ങി വലിയവർ വരെ എല്ലാവർക്കും വ്യക്തിപരമായി ദൈവത്തെ അറിയുവാൻ കഴിയും. ലോകത്തിൽ വലിയവർ തുടങ്ങി ചെറിയവർവരെ എന്നതാണല്ലോ ക്രമം. ദൈവം ചെറുതിൽ നിന്നാണ് ആരംഭിക്കുന്നത്. ഏറ്റവും ചെറിയ വിശ്വസിക്കു പോലും കർത്താവിനെ വ്യക്തിപരമായി അറിയുവാൻ കഴിയും.**

നിങ്ങൾ പുതിയ ഉടമ്പടിയിൽ പ്രവേശിച്ചാൽ നിങ്ങൾക്കു ലഭിച്ച ഇത്ര വലിയ പാപക്ഷമയെക്കുറിച്ചു നന്ദി കാണിക്കുകയല്ലാതെ കഴിഞ്ഞ കാലത്തേക്കു തിരിഞ്ഞു നോക്കുവാൻ പാടില്ല.

രണ്ടാമതായി, പുതിയ ഉടമ്പടിയിൽ നമുക്കു ദൈവത്തെ പിതാവായി അറിയുവാൻ കഴിയും. "ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും" (8:11) ചെറിയവർ തുടങ്ങി വലിയവർ വരെ എല്ലാവർക്കും വ്യക്തിപരമായി ദൈവത്തെ അറിയുവാൻ കഴിയും. ലോകത്തിൽ വലിയവർ തുടങ്ങി ചെറിയവർവരെ എന്നതാണല്ലോ ക്രമം. എന്നാൽ ദൈവത്തിന്റെ ക്രമം നേരെ എതിർദിശയിലാണ്. ദൈവം ചെറുതിൽ നിന്നാണ് ആരംഭിക്കുന്നത്. ഏറ്റവും ചെറിയ വിശ്വസിക്കു

> ഒരു ചെറിയ കുട്ടിയോടു കൂടെയിരുന്നു പഠിക്കുവാൻ സഹായിക്കുന്ന ഡാഡിയെപ്പോലെയാണു പുതിയ നിയമം-'ഞാൻ നിന്റെ കൈ പിടിച്ച് നിന്നെ അക്ഷരങ്ങൾ എഴുതുവാൻ പഠിപ്പിക്കാം." പുതിയ നിയമത്തിൽ തന്റെ നിയമങ്ങൾ അനുസരിക്കുവാൻ ദൈവം എന്നെ സഹായിക്കുന്നു.

പോലും കർത്താവിനെ വ്യക്തിപരമായി അറിയുവാൻ കഴിയും. ദൈവഹിതം അറിയുവാനായി ഒരു പ്രവാചകന്റെ അടുത്തേക്ക് ഓടേണ്ടതില്ല. ഒരു പിതാവിന്റെയോ സ്നേഹിതന്റെയോ അടുത്തേക്കു ചെല്ലുന്നതുപോലെ ഏതാവശ്യവുമായും ഏതു സമയത്തും ഏതു വിശ്വാസിക്കും ദൈവത്തിന്റെ അടുത്തു ചെല്ലാം. ഒരു മദ്ധ്യസ്ഥനെ കൂട്ടുപിടിക്കേണ്ട ആവശ്യമില്ല. മറ്റുള്ളവർക്കു നിങ്ങളെ ബൈബിൾ പഠിപ്പിക്കാം. ദൈവത്തെ നിങ്ങളുടെ പിതാവായി അറിയുന്നതിന് ആരുടെയും സഹായം ആവശ്യമില്ല. "ആരും തന്റെ കൂട്ടുകാരനെ "കർത്താവിനെ അറിക" എന്ന് ഉപദേശിക്കയില്ല" (8:11). ഇതു പുതിയ ഉടമ്പടിയിൽ ലഭിക്കുന്ന അവകാശമാണ്.

മൂന്നാമതായി ദൈവം തന്റെ നിയമങ്ങളെ നമ്മുടെ ഹൃദയത്തിലും മനസ്സിലും എഴുതും എന്നു വാഗ്ദത്തം ചെയ്തിരിക്കുന്നു. 'ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും' (8:10). പഴയ ഉടമ്പടിയുടെ പ്രമാണങ്ങൾ ദൈവം പുറത്ത് കല്പലകകളിലായിരുന്നു എഴുതിയത്. എന്നാൽ ഇന്നു ദൈവം അവയെ നമ്മുടെ ഉള്ളിൽ എഴുതുന്നു. ഇതിനർത്ഥം തന്നെ അനുസരിക്കുവാൻ ദൈവം നമ്മെ സഹായിക്കുന്നു എന്നത്രെ. പഴയ ഉടമ്പടിയിൽ മുഴുവനും "ഇങ്ങനെ ചെയ്യണം" "അങ്ങനെ അരുത്" എന്നൊക്കെ ആയിരുന്നു (പുറ. 20:1-17). പഴയ ഉടമ്പടിയിൽ തന്റെ പരിചാരകനോടു കല്പിക്കുന്ന ഒരു യജമാനനെപ്പോലെ ആയിരുന്നു ദൈവം. "എന്റെ സ്വത്തുക്കൾ മുഴുവനും കാര്യക്ഷമമായി സൂക്ഷിക്കണം, എന്റെ വീടു ഏറ്റവും മനോഹരമായി ഇടണം. എന്റെ വസ്ത്രങ്ങൾ ഏറ്റവും ശുചിയായി വെയ്ക്കണം. എന്റെ ഭക്ഷണം ഏറ്റവും രുചികരമായി ഉണ്ടാക്കണം"-ഇങ്ങനെ കല്പനകളുടെ ഒരു പ്രളയമാണ്. എന്നാൽ പുതിയ ഉടമ്പടിയിൽ ഭാര്യയോടു ഭർത്താവു പറയുമ്പോലെ മൃദുവായിട്ടാണ്. "നമുക്കൊരുമിച്ച് എല്ലാം നന്നായി ചെയ്യാം. കുട്ടികളെ നോക്കുവാനും വസ്ത്രം അലക്കുവാനും വീടു വൃത്തിയാക്കുവാനും ഭക്ഷണം പാകം ചെയ്വാനും തുടങ്ങി എല്ലാറ്റിലും ഞാൻ സഹായിക്കാം." ഒരു ഭാര്യയ്ക്ക് കാര്യങ്ങൾ എത്ര എളുപ്പമാണ്! ഒരു ചെറിയ കുട്ടിയോടു കൂടെയിരുന്നു പഠിക്കുവാൻ സഹായിക്കുന്ന ഡാഡിയെപ്പോലെയാണു പുതിയ നിയമം-'ഞാൻ നിന്റെ കൈ പിടിച്ച് നിന്നെ അക്ഷരങ്ങൾ എഴുതുവാൻ പഠിപ്പിക്കാം." പുതിയ നിയമത്തിൽ തന്റെ നിയമങ്ങൾ അനുസരിക്കു

വാൻ ദൈവം എന്നെ സഹായിക്കുന്നു.

**ജീവിതംകൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുക**

ദൈവം 'നമ്മുടെ മനസ്സിൽ തന്റെ നിയമങ്ങളെ എഴുതും' എന്നു പറയുന്നതിന്റെ അർത്ഥം തന്റെ നിയമം അനുസരിച്ചു ജീവിക്കുവാനുള്ള ആഗ്രഹം അവിടുന്നുതന്നെ നമ്മുടെ ഹൃദയത്തിൽ ഉളവാക്കും എന്നാണ്. 'ഹൃദയത്തിൽ എഴുതും' എന്നു പറയുന്നതിന്റെ അർത്ഥം തന്റെ കല്പനകളെ കാക്കുവാനുള്ള കഴിവ് അവിടുന്നു നൽകും എന്നത്രെ. ഇതിലധികം നമുക്കെന്തുവേണം? ഫിലിപ്പ്യ ലേഖനത്തിൽ ഇക്കാര്യം പലവിധത്തിൽ നമുക്കുവായിക്കാം. "ഇച്ഛിക്കുക(ആഗ്രഹിക്കുക) എന്നതും പ്രവർത്തിക്കുക (കഴിവ്) എന്നതും ദൈവമല്ലോ തിരുവുള്ളമുണ്ടായി നിങ്ങളിൽ ചെയ്യുന്നത്" (ഫിലി.2:13). ദൈവം നമ്മിൽ ചെയ്യുന്ന പ്രവൃത്തിയോടു സഹകരിക്കുക മാത്രമാണു നാം ചെയ്യേണ്ട കാര്യം.

ദൈവം തന്റെ കല്പനകളെ എഴുതിയ സീനായ് മലയിലെ ആ പാറയെക്കുറിച്ചു ചിന്തിക്കുക. ആ പാറ അവയെ എഴുതുവാൻ തക്കവണ്ണം ദൈവത്തിനു കീഴടങ്ങിയിരുന്നു. ദൈവം എഴുതുവാൻ ഒരുങ്ങിയപ്പോൾ പാറ ഇങ്ങനെ പറഞ്ഞു കാണും: "ശരി ദൈവമേ, അങ്ങ് എഴുതിക്കൊള്ളുക.'' അങ്ങനെ ദൈവം എഴുതി. നാമും അങ്ങനെ തന്നെ ആയിരിക്കണം. തന്റെ നിയമം നമ്മിലെഴുതുവാൻ നാം ദൈവത്തെ അനുവദിക്കണം. യേശുവിന്റെ അമ്മയായ മറിയ ഗബ്രിയേൽ ദൂതനോട് ഇങ്ങനെ പറഞ്ഞു: "ഇതാ ഞാൻ ദൈവത്തിന് എന്നെത്തന്നെ സമർപ്പിക്കുന്നു. അവിടുന്ന് എന്നിൽ എന്തു ചെയ്വാനിച്ഛിക്കുന്നുവോ അതുതന്നെ സംഭവിക്കട്ടെ." അവൾ സ്വയം സമർപ്പിക്കുകയും ദൈവം യേശുവിന്റെ ശരീരത്തെ അവളുടെ ഗർഭത്തിൽ ഉരുവാക്കുകയും ചെയ്തു. അവൾക്കു സ്വയം ഒരിക്കലും അതു ചെയ്വാൻ കഴിയുമായിരുന്നില്ല. അതുപോലെതന്നെ അവളുടെ സമർപ്പണം കൂടാതെ ദൈവത്തിനും അതു കഴിയുമായിരുന്നില്ല. മറിയ സ്വയം സമർപ്പിക്കുകയും പരിശുദ്ധാത്മാവ് യേശുവിന്റെ ശരീരത്തെ ഉത്പാദിപ്പിക്കുകയും ചെയ്തു. ഇത് മനോഹരമായ ഒരു ദൃഷ്ടാന്തമാണ്! നാം നമ്മെ സമർപ്പിക്കുന്നു എങ്കിൽ പരിശുദ്ധാത്മാവ്

**അനേകരും തങ്ങളുടെ പണവും സേവനങ്ങളും ഒക്കെയാണു ദൈവത്തിനു നൽകുന്നത്. നിങ്ങൾ നൂറുകണക്കിനു ട്രാക്ടുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് ഒരു പക്ഷേ നിങ്ങൾ പറയുമായിരിക്കും. ഇവയൊക്കെ നല്ല യാഗങ്ങൾ തന്നെ. എന്നാൽ നിങ്ങൾ നിങ്ങളുടെ കണ്ണുകളെ ലൈംഗിക മോഹത്തിന് വിട്ടുകൊടുക്കുകയും കോപത്തിന് അടിമയായിരിക്കുകയും ചെയ്യുന്നേടത്തോളം മേൽപ്പറഞ്ഞ യാഗങ്ങളിൽ ദൈവം പ്രസാദിക്കുന്നില്ല. കാരണം അവിടുത്തേക്ക് ഒന്നാമതായി നിങ്ങളിൽ നിന്നും വേണ്ടത് നിങ്ങൾ കൊടുത്തിട്ടില്ല – നിങ്ങളുടെ ശരീരം.**

യേശുവിന്റെ സ്വഭാവത്തെ നമ്മിൽ ഉരുവാക്കും. നാമല്ല അതു ഉത്പാദിപ്പിക്കുന്നത്. നമുക്ക് അതു കഴിയില്ല എന്നതാണ് വസ്തുത. മറിയ സ്വയം യേശുവിനെ ഉത്പാദിപ്പിക്കാൻ ശ്രമിക്കുന്നതുപോലെ വ്യർത്ഥമായ പരിശ്രമമാണ് നാമും യേശുവിന്റെ സ്വഭാവം സ്വന്തപരിശ്രമത്താൽ ഉളവാക്കുവാൻ ശ്രമിക്കുന്നത്. പരിശുദ്ധാത്മാവുതന്നെ ചെയ്യേണ്ട ഒരു പ്രവൃത്തിയാണത്. പുതിയനിയമം ആരംഭിക്കുന്നതുതന്നെ ഈ കഥ പറഞ്ഞുകൊണ്ടാണെന്നതു രസകരം തന്നെ. -മറിയയുടെ സമർപ്പണവും പരിശുദ്ധാത്മാവിന്റെ ഉരുവാക്കലും. നമ്മിലും അത് അങ്ങനെ തന്നെ. നിങ്ങൾ കൊടുക്കുന്നുണ്ടായിരിക്കാം. എന്നാൽ നിങ്ങൾ സന്തോഷത്തോടെ കൊടുക്കുന്നതിനെയാണു ദൈവം സ്വീകരിക്കുന്നത് (2 കൊരി.9:7). എന്തായിരുന്നാലും നിങ്ങളുടെ ശരീരം ദൈവത്തിനാവശ്യമുണ്ട്. തങ്ങളുടെ ശരീരങ്ങളെ ദൈവത്തിനു നൽകുന്നവർ തങ്ങളുടെ എല്ലാം തന്നെ ദൈവത്തിനു കൊടുക്കുന്നവരാകണം. എന്നാൽ എന്തു കൊടുക്കുന്നതും സന്തോഷത്തോടെ ആയിരിക്കണം.

യേശു ഈ ഭൂമിയിലേക്കു വന്നതു ദശാംശമോ മറ്റ് ഭൗതികവസ്തുക്കളോ തന്റെ പിതാവിനു നൽകുവാനായിരുന്നില്ല (10:5). തന്റെ ശരീരം ഒരു യാഗമായി നൽകുന്നതിനായിരുന്നു. അങ്ങനെ ദൈവം നമ്മിൽനിന്നും ആഗ്രഹിക്കുന്നത് പ്രാഥമികമായി നമ്മുടെ ശരീരമാണെന്ന പാഠം നമുക്കു നൽകിക്കൊണ്ട് യേശു പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായിത്തീർന്നു.

അനേകരും തങ്ങളുടെ പണവും സേവനങ്ങളും ഒക്കെയാണു ദൈവത്തിനു നൽകുന്നത്. നിങ്ങൾ നൂറുകണക്കിനു ട്രാക്ടുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് ഒരു പക്ഷേ നിങ്ങൾ പറയുമായിരിക്കും. അല്ലെങ്കിൽ അനേക വർഷങ്ങൾ വളരെ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ സുവിശേഷവേല ചെയ്തു എന്നായിരിക്കാം പറയുന്നത്. അല്ലെങ്കിൽ അനേകദിവസങ്ങൾ ഉപവസിക്കുകയും നീണ്ടമണിക്കൂറുകൾ പ്രാർത്ഥിക്കുകയും ചെയ്തു എന്നാകാം. ഇവയൊക്കെ നല്ല യാഗങ്ങൾതന്നെ. എന്നാൽ നിങ്ങൾ നിങ്ങളുടെ കണ്ണുകളെ ലൈംഗികമോഹത്തിന് വിട്ടുകൊടുക്കുകയും കോപത്തിന് അടിമയായിരിക്കുകയും ചെയ്യുന്നേടത്തോളം മേൽപ്പറഞ്ഞ യാഗങ്ങളിൽ ദൈവം പ്രസാദിക്കുന്നില്ല. കാരണം അവിടുത്തേക്ക് ഒന്നാമതായി നിങ്ങളിൽ നിന്നും വേണ്ടത് നിങ്ങൾ കൊടുത്തിട്ടില്ല— നിങ്ങളുടെ ശരീരം. അപ്പോൾ ദൈവം നിങ്ങളോടു പറയും: "നിന്റെ വഴിപാടുകളും യാഗങ്ങളും മറന്നേക്കുക. എനിക്കുവേണ്ടതു നിന്റെ ശരീരമാണ്. നിന്റെ കണ്ണുകളെ, നാവിനെ വിശുദ്ധിയിൽ എനിക്കു തരിക." നിന്റെ ശരീരത്തിലെ അവയവങ്ങൾക്കു പകരം പണവും ശുശ്രൂഷയും കൊണ്ടു വയ്ക്കരുത്. തങ്ങൾ നൽകുന്ന പണത്തെയും ഭൗതികവസ്തുക്കളെയും വലുതായി കാണുന്നവർ പഴയ ഉടമ്പടിയുടെ നിലവാരത്തിലേക്കു മടങ്ങിപ്പോകുന്നവരാണ്. പുതിയ ഉടമ്പടിയിൽ ദൈവം ആഗ്രഹിക്കുന്നതു നിങ്ങളുടെ ശരീരമാണ്. എബ്രായലേഖനം സവിശേഷമായ ഒരു പുസ്തകം തന്നെയാണ്. പുതിയ ഉടമ്പടിയുടെ നിലവാരത്തിൽ ജീവിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ എബ്രായലേ

ഖനം പഠിക്കുക.

യേശു സ്വർഗ്ഗത്തിലായിരുന്നപ്പോൾ തനിക്ക് ഒരു ഭൗതികശരീരമുണ്ടായിരുന്നില്ല. ഭൂമിയിലേക്കു വന്നപ്പോൾ പിതാവ് തനിക്ക് ഒരു ശരീരം നൽകി. ആ ശരീരം കൊണ്ട് താൻ എന്തായിരിക്കും ചെയ്യുക? ആഫ്രിക്ക പോലെ ബുദ്ധിമുട്ടേറിയ രാജ്യങ്ങളിൽ സുവിശേഷവേല ചെയ്ത് പിതാവിനോടുള്ള സ്നേഹം പ്രദർശിപ്പിക്കുകയോ? അതോ ആഴ്ചയിൽ രണ്ടു ദിവസം ഉപവസിക്കുകയും ദിനംപ്രതി നാലുമണിക്കൂർ പ്രാർത്ഥിക്കുകയും ചെയ്യുകയോ? ഇതൊന്നുമായിരുന്നില്ല. യേശു പറഞ്ഞു: "ഞാൻ ഭൂമിയിലേക്കു വന്നത് യാഗങ്ങൾ അർപ്പിക്കാനല്ല അവിടുത്തെ ഇഷ്ടം നിറവേറ്റുവാനാണ്."(10:5-7). യേശു തന്റെ ശരീരം ഉപയോഗിച്ചത് ഇക്കാര്യത്തിനാണ്. നാമും നമ്മുടെ ശരീരങ്ങളെ ഉപയോഗിക്കേണ്ടത് ഇതിനുതന്നെയാണ്. നാം നമ്മെ ദൈവത്തിനു സമർപ്പിച്ചു കഴിഞ്ഞാൽ നമ്മുടെ ശരീരത്തെ, അതിന്റെ ഓരോ അവയവത്തെയും - കണ്ണ്, കാത്, നാവ്, വികാരങ്ങൾ, ആഗ്രഹങ്ങൾ മുതലായവ-ദൈവേഷ്ടത്തിനായി അർപ്പിക്കേണ്ടതാണ്. തുടർന്നു നമ്മുടെ ജീവിതത്തിന്റെ ഓരോ ദിവസവും ദൈവത്തിനുള്ളതാണ്.

എന്താണു പ്രാഥമികമായി നമ്മെക്കുറിച്ചുള്ള ദൈവഹിതം? "ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ." (1 തെസ്സ. 4:3). നമ്മെ എല്ലാവരെയും സംബന്ധിച്ച ദൈവഹിതത്തിന്റെ പ്രാഥമികഭാഗം അതുതന്നെ. എന്നാൽ ശുശ്രൂഷയിലേക്കു വരുമ്പോൾ ദൈവത്തിനുവേണ്ടി എന്തെങ്കിലും ചെയ്‌വാനായി നിങ്ങൾ ഓടി നടക്കേണ്ടതില്ല. ശുശ്രൂഷയിലും നാം ദൈവത്തിന്റെ ഹിതം തന്നെയാണ് അന്വേഷിക്കേണ്ടത്. യേശു നമ്മെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചു. "നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെ പ്പോലെ ഭൂമിയിലും ആകണമേ!'' സ്വർഗ്ഗത്തിലെ ദൂതന്മാർ ദൈവത്തെ പ്രസാദിപ്പിക്കുവാനായി തിരക്കുപിടിച്ച് അവിടെയും ഇവിടെയും ഓടി നടക്കുന്നില്ല. യേശുവും പിതാവിനെ പ്രസാദിപ്പിക്കുവാനായി തിരക്കുപിടിച്ച് അവിടെയും ഇവിടെയും ഓടിനടന്ന് എന്തെങ്കിലുമൊക്കെ പ്രവർത്തിച്ചില്ല. പിതാവിന്റെ ഹിതം എന്തെന്നു കേട്ട് അതുമാത്രം ചെയ്തു. 18-ാം വയസ്സു മുതൽ 30-ാം വയസ്സുവരെ ഒരു മരപ്പണിക്കാരന്റെ ജോലി ചെയ്യുവാൻ പിതാവു പറഞ്ഞു. താൻ അത് അനുസരിച്ചു. അത്രയും വർഷങ്ങൾ ഏല്പിച്ച കാര്യത്തിൽ വിശ്വസ്തനായപ്പോൾ $3\frac{1}{2}$ വർഷങ്ങൾ പ്രസംഗിക്കുവാനായി അയച്ചു. കസേരയും കട്ടിലും ഉണ്ടാക്കുവാനായി പിതാവു നിയോഗിച്ചപ്പോൾ താൻ അതിൽ വിശ്വസ്തനായിരുന്നു. അതുപോലെ തന്നെ പ്രസംഗിക്കുവാനും സൗഖ്യമാക്കുവാനും നിയോഗിച്ചപ്പോൾ അതിലും താൻ വിശ്വസ്തനായിരുന്നുകൊണ്ട് പിതാവിനെ പ്രസാദിപ്പിച്ചു.

യേശു ഭൂമിയിലേക്കു വന്നത് ഒരു മിഷനറിയായി പ്രവർത്തിക്കുവാനോ മുഴുവൻ സമയ സുവിശേഷപ്രവർത്തകൻ ആയിരിക്കുവാനോ ആയിരുന്നില്ല. പിതാവിന്റെ ഹിതം എന്തുതന്നെ ആയിരുന്നാലും അതു നിറവേറ്റുക. അതുമാത്രം. പിതാവിന്റെ ഹിതം മരപ്പണി ആയിരുന്നപ്പോൾ അതു ചെയ്തു. നാമും നമ്മെത്തന്നെ പിതാവിന്റെ ഹിതത്തിനായി സമർപ്പിക്കേണ്ടതുണ്ട്. അതും ഇതും

ചെയ്വാനല്ല. ഒരുപക്ഷേ ദൈവം നിങ്ങളെ വിളിക്കുന്നതു ഒരു മിഷനറിയായിട്ടല്ല. ആശാരിപ്പണിക്കുവേണ്ടിയാകാം. നിങ്ങൾ ചെയ്യുവാൻ സന്നദ്ധനാണോ?

ഇന്ത്യൻ പട്ടാളത്തിൽ ഞാൻ സൈനികനായി ചേർന്നാൽ എനിക്കിഷ്ടമുള്ള സ്ഥലത്തുപോയി ജോലി ചെയ്യുവാൻ എനിക്കു കഴിയില്ല. അവിടെനിന്നും എവിടേക്ക് അയക്കുന്നുവോ അവിടേക്ക് എനിക്കു പോകേണ്ടിവരും. അവർക്ക് എന്നെ യുദ്ധമുന്നണിയിലേക്ക് അയക്കാം. മുൻനിരയിൽ പോരാടുന്ന ഭടന്മാർക്ക് വേണ്ട സാധനങ്ങൾ എത്തിച്ചുകൊടുക്കുന്ന ജോലിയിലും ആക്കാം. അത് അവരുടെ ഇഷ്ടമാണ്. ദൈവത്തിന്റെ സൈന്യത്തിലും ഇങ്ങനെതന്നെയാണ്.

യേശുപറഞ്ഞു: "ദൈവമേ, അങ്ങയുടെ ഇഷ്ടം ചെയ്വാൻ ഞാൻ വരുന്നു." അങ്ങനെ പറഞ്ഞുകൊണ്ട് യേശു ഒന്നാമത്തെ ഉടമ്പടിയെ നീക്കുകയും രണ്ടാമത്തെ ഉടമ്പടിയെ സ്ഥാപിക്കുകയും ചെയ്തു.

ഒന്നാമത്തെ ഉടമ്പടിയിൽ ധാരാളം മതപരമായ ആചാരങ്ങൾ കൂടാരത്തിലും ദേവാലയത്തിലുമുണ്ടായിരുന്നു. എന്നാൽ യേശു തന്റെ ജീവിതകാലത്തിന്റെ 90% സമയത്തും ഒരു ആചാരങ്ങളും ചെയ്തില്ല. യേശു വീട്ടിൽ തന്റെ അമ്മയെ സഹായിക്കുകയും ഒരു മരപ്പണിക്കാരന്റെ ജോലി ചെയ്തുകൊണ്ട് കുടുംബം സംരക്ഷിക്കുകയും ചെയ്തു. മുപ്പതുവയസ്സ് വരെ. തുടർന്ന് മൂന്നര വർഷം ദൈവരാജ്യം പ്രസംഗിച്ചു. അങ്ങനെ പിതാവു നൽകിയ പ്രവൃത്തി തികെച്ച് അവിടുത്തേക്ക് മഹത്വം നൽകി. (യോഹ. 14:4). ഇതിൽനിന്നും നാം പഠിക്കുന്ന പാഠം എന്താണ്? ദൈവദൃഷ്ടിയിൽ രോഗികളെ സൗഖ്യമാക്കുന്നതുപോലെ തന്നെ പ്രാധാന്യമുള്ള കാര്യമാണ് വീട്ടിൽ മാതാവിനെ സഹായിക്കുന്നത്. പുതിയ ഉടമ്പടിയിൽ ഒരു കാലയളവിൽ എന്തു ജോലിക്കായി ദൈവം താങ്കളെ നിയോഗിക്കുന്നുവോ അതാണ് ദൈവഹിതം. ആ കാലയളവിൽ താങ്കൾക്കു ചെയ്യാൻ കഴിയുന്ന ഏറ്റവും വിശുദ്ധമായ പ്രവൃത്തിയും അതുതന്നെ. ധാരാളം ആളുകൾ വ്യക്തമായ ദൈവവിളികൂടാതെ പൂർണ്ണസമയ പ്രവർത്തനങ്ങളിലേക്കും മിഷനറി വേലയിലേക്കും തിരിഞ്ഞിട്ടുണ്ട്. ദൈവഹിതം അന്വേഷിക്കാതെ മറ്റ് ആളുകളുടെ സമ്മർദ്ദങ്ങൾക്കു വിധേയപ്പെട്ട് മിഷനറി പ്രവർത്തനങ്ങളിലേക്ക് എടുത്തുചാടി വിദേശരാജ്യങ്ങളിൽ പോയി പ്രവർത്തിക്കുകയും സ്വന്തം ജീവിതത്തിൽ കുഴച്ചിലുകൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള ചില പഴയകാല മിഷനറിമാരെ ഞാൻ കണ്ടുമുട്ടാനിടയായിട്ടുണ്ട്. അത്തരം അബദ്ധങ്ങൾ നിങ്ങൾക്കുണ്ടാകാതിരിക്കട്ടെ! യേശുവിന്റെ മാതൃകയെ പിൻപറ്റുക. നമുക്കുള്ള മാതൃക അവിടുന്നു നൽകിയിരിക്കുന്നു.

എബ്രായർ 10:16-17ൽ ഉടമ്പടിയുടെ നിയമം ഇപ്രകാരം ആവർത്തിക്കുന്നതു നമുക്കു കാണാം. "എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും. അവരുടെ പാപങ്ങളെ ഇനി ഓർക്കയുമില്ല." ഇക്കാര്യം രണ്ടാം പ്രാവശ്യവും ആവർത്തിക്കുന്നത് ഇതിന്റെ അതിപ്രാധാന്യത്തെ സൂചിപ്പിക്കുന്നു. (തുടരും)

മൊഴിമാറ്റം: **ബോബി ചെറിയാൻ**

❖

അമേന്റ സ്മിത്തിന്റെ അനുഭവങ്ങൾ–III

# സുവിശേഷവുമായി ഇന്ത്യയിലേക്കും



ദൈവം അമേന്റയോട് ന്യൂ ജേഴ്സിയിലുള്ള സേലം എന്ന് സ്ഥലത്തേക്ക് സുവിശേഷവുമായി പോകാൻ ആവശ്യപ്പെടുന്നതായി അവൾക്ക് മനസ്സിലായി. എന്നാൽ സേലം എന്ന സ്ഥലത്തെക്കുറിച്ചു കേട്ടറിവ് മാത്രമേ അമേന്റയ്ക്ക് ഉണ്ടായിരുന്നുള്ളൂ. പരിചയമുള്ള ആരും അവിടെ ഉണ്ടായിരുന്നില്ല. മാത്രമല്ല, അവൾക്ക് സേലത്തേക്ക് പോകണമെങ്കിൽ രണ്ടു മാസത്തെ വീട്ടുവാടക മുൻകൂർ ആയി അടയ്ക്കേണ്ടതായിട്ടുണ്ടായിരുന്നു. ഷൂസ് ഉപയോഗിക്കാൻ കഴിയാത്ത വിധത്തിൽ പൊട്ടിയിരുന്നതിനാൽ ഒരു ജോഡി ഷൂസും അമേന്റയ്ക്ക് ആവശ്യമായി വന്നു. ഇതിനാവശ്യമായ പണം അവളുടെ പക്കൽ ഉണ്ടായിരുന്നില്ല. ഇത്രയും പണം പ്രതിഫലമായി ലഭിക്കുന്ന ഒരു ജോലി ലഭിക്കുകയോ അല്ലെങ്കിൽ ആരെങ്കിലും സ്വമേധയാ ഈ പണം നല്കുകയോ ചെയ്താൽ താൻ സേലത്തേക്ക് പോകാമെന്ന് ദൈവത്തോട് അമേന്റ വാക്കു പറഞ്ഞു. അങ്ങനെയിരിക്കെ പ്രതീക്ഷിക്കാത്ത വിധത്തിൽ അവൾക്ക് ഈ പണം ലഭിച്ചു. അപ്രതീക്ഷിതമായി ഇങ്ങനെ അമേന്റയ്ക്കു സേലത്തേക്കു പോകാൻ കഴിയുകയും ചെയ്തു.

സേലത്തെ ശുശ്രൂഷകളെ ദൈവം അനുഗ്രഹിച്ചു. 'നിങ്ങൾ പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ' എന്ന കുറിവാക്യം ഉദ്ധരിച്ച് അവിടെ കൂടിയവരോട് അമേന്റ തന്റെ അനുഭവം വിവരിച്ചു. അവളുടെ വാക്കുകൾക്ക് അഭിഷേകത്തിന്റെ ശക്തിയും സ്വാതന്ത്ര്യവും ദൈവം നല്കി. അനേകർ ആ രാത്രിയിൽ മാനസാന്തരപ്പെട്ടു. മാനസാന്തരമുണ്ടായവർ മറ്റുള്ളവരെ യോഗങ്ങളിലേക്കു ക്ഷണിച്ചുകൊണ്ടുവന്നു. പിറ്റേ ദിവസവും അമേന്റയ്ക്കു പ്രസംഗിക്കാൻ അവസരം ലഭിച്ചു. ഇരിക്കുവാൻ ഇടമില്ലാതവണ്ണം സദസ്സിൽ ആളുകൾ തിങ്ങിക്കൂടിയിരുന്നു. അവൾ പരിശുദ്ധാത്മാവിനെക്കുറിച്ചുതന്നെ വീണ്ടും സംസാരിച്ചു. പരിശുദ്ധാത്മാവ് അനേകരെ സ്പർശിച്ചു. ആ സ്ഥലത്ത് നടന്ന രണ്ടാഴ്ചത്തെ ഈ യോഗങ്ങൾ ഒരു വലിയ ഉണർവിന് കാരണമായി. ഇരുപത് മൈലുകൾ ദൂരത്തിൽ താമസിച്ച ജനങ്ങളിൽ വരെ ഈ യോഗങ്ങളുടെ സ്വാധീനമുണ്ടായി.

പിന്നീട് അമേന്റയ്ക്കു പലയോഗങ്ങൾക്കും ക്ഷണം ലഭിച്ചു. പോയിടത്തൊക്കെയും തന്റെ മാനസാന്തരത്തിന്റെ അനുഭവത്തെക്കുറിച്ചും പരി

ശുദ്ധാത്മാവിന്റെ അഭിഷേകത്തെ ക്കുറിച്ചും അവൾ സംസാരിച്ചു. ദൈവസാന്നിധ്യം അവളുടെ പാട്ടുക ളിൽ നിറഞ്ഞുനിന്നിരുന്നു. അമേന്റ പാടുന്നത് കേൾക്കാനായി ആളു കൾ തടിച്ചു കൂടിയിരുന്നതുകൊണ്ട് പാടാനും പലയിടത്തുനിന്നും ക്ഷണം ലഭിച്ചു.

ഈ യാത്രകൾക്കിടയിൽ ചില പ്രതിസന്ധികളെ അമേന്റയ്ക്കു നേരിടേണ്ടി വന്നു. കറുത്തവളായതി നാൽ ചില അവസരങ്ങളിൽ ബസ്സി നകത്ത് പ്രവേശനം ലഭിച്ചില്ല. അതു കൊണ്ട് ബസ്സിന് മുകളിൽ കയറി യിരുന്ന് യാത്ര ചെയ്യേണ്ടതായി വന്നു. മറ്റ് ചില അവസരങ്ങളിൽ വെളുത്തവരായ ആളുകൾ ബസ്സിൽ നിന്ന് ഇറങ്ങുന്നതുവരെ അവളെ ഇറങ്ങുവാൻ അവർ അനുവദിച്ചിരു ന്നില്ല.

അമേന്റയ്ക്ക് 42 വയസ്സുള്ളപ്പോൾ ഇംഗ്ലണ്ടിലെ പേരുകേട്ട കെസ്വിക് കൺവെൻഷനിൽ പ്രസംഗിക്കാൻ ആദ്യമായി ഒരവസരം ലഭിച്ചു. തുടർന്നുള്ള അനേകവർഷങ്ങൾ കെസ്വിക് കൺവെൻഷനിൽ അമേന്റ പ്രസംഗിച്ചു. പിന്നീട് ഇംഗ്ല ണ്ടിലെ മറ്റ് കൺവെൻഷനുകളിലും അവൾക്ക് ക്ഷണം ലഭിച്ചു. സ്ത്രീകൾ പുരുഷന്മാരോട് പ്രസം ഗിക്കുന്നത് കേട്ടുകേൾവിപോലുമി ല്ലാത്ത സ്കോട്ട്ലൻഡിൽ അമേന്റ യുടെ പ്രസംഗം കേൾക്കാനായി പുരുഷന്മാരടക്കം വലിയ ജനക്കൂട്ടം തടിച്ച് കൂടിയിരുന്നു.

അമേന്റ ഇന്ത്യയിലേക്ക് പോകുന്ന കാര്യം ഒരിക്കൽപോലും ചിന്തിച്ചിരുന്നില്ല. എന്നാൽ കർത്താവ് വ്യക്തമായി ഇടപെട്ടതി നെതുടർന്നു അവൾ ഇന്ത്യയിലേക്ക് പോകാൻ തയ്യാറായി. അമേന്റയുടെ വിവേചനശക്തിയും ധൈര്യവും വെളിപ്പെടുത്തുന്ന ഒരു സംഭവം ഇന്ത്യയിലെ മെത്തഡിസ്റ്റ് മിഷനറി യായിരുന്ന ജെ.എം. തൊബേൺ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം ഇങ്ങനെ പറയുന്നു: "1881 ൽ അമേന്റ കൽക്കട്ടയിൽ എത്തിയ സമയം. ആ ദിവസങ്ങൾ ഒന്നിൽ പ്രമുഖനായ ഒരു തിയേറ്റർ ഉടമയിൽനിന്ന് എനിക്ക് ഒരു കത്തു ലഭിച്ചു. ഒരു ഞായറാഴ്ച സഹോദരി അമേന്റ സ്മിത്തിനെ തിയേറ്ററിൽ പ്രസംഗി ക്കാൻ ക്ഷണിച്ചുകൊണ്ടുള്ള കത്താ യിരുന്നു അത്. വളരെ അപ്രതീക്ഷി തമായിരുന്നു ഇങ്ങനെയുള്ള ഒരു കത്ത്. കാരണം കോമാളിവേഷങ്ങൾ പ്രദർശിപ്പിച്ച് ജനങ്ങളെ ആകർഷി ക്കുന്ന ഒരു തിയേറ്ററാണ് അദ്ദേഹ ത്തിനുണ്ടായിരുന്നത്. കത്തു ലഭിച്ച വിവരമറിഞ്ഞ് അവിടെ പ്രസംഗി ക്കാൻ പോകരുതെന്ന് അമേന്റയെ സുഹൃത്തുക്കൾ ഉപദേശിച്ചു. ആ മനുഷ്യൻ അമേന്റയെ ഒരു കോമാ ളിയാക്കി സ്വന്തം കാര്യം കാണാ നാണു ശ്രമിക്കുന്നതെന്ന് അവർ വിശ്വസിച്ചു. എന്നാൽ ഈ കാര്യ ത്തെക്കുറിച്ച് ചിലദിവസങ്ങൾ ചിന്തി ച്ചതിനും ദൈവഹിതം ആരാഞ്ഞ തിനും ശേഷം ആ ക്ഷണം സ്വീകരി ക്കാൻ ആയിരുന്നു അമേന്റയുടെ തീരുമാനം. അവൾ സുഹൃത്തുക്ക ളോട് ഇങ്ങനെ പറഞ്ഞു: "എനിക്ക് ആരെയും വിധിപ്പാൻ അധികാരം ഇല്ല. നമ്മുടെ സഭയിലെ ഒരു സഹോദരനെയോ സഹോദരി യെയോ വിധിച്ചാൽ അത് തെറ്റാ ണെന്ന ബോധ്യം നമുക്കുണ്ട്. അങ്ങ നെയെങ്കിൽ ഈ മനുഷ്യനെ വിധി പ്പാനും എനിക്ക് അവകാശമില്ല."

നിശ്ചയിച്ച ഞായറാഴ്ച വന്നു ചേർന്നു. ചെറുമീനുകൾ നിറച്ച ഒരു പെട്ടിപോലെ തിയേറ്റർ കാലുകു ത്താൻ ഇടമില്ലാതെ ആളുകളെ

കൊണ്ട് തിങ്ങിനിറഞ്ഞു. നൂറുകണക്കിനാളുകൾ അകത്തുകയറാൻ കഴിയാതെ പുറത്തുനിന്നു. യോഗം ആരംഭിച്ചു. പ്രാർത്ഥനയ്ക്ക് ശേഷം ഞാൻ സഹോദരി അമേന്റയെ സദസ്സിന് പരിചയപ്പെടുത്തി. അവൾ ലളിതമായും ഗൗരവത്തോടെയും പ്രസംഗിച്ചു. അമേന്റയുടെ വാക്കുകൾ കേട്ടപ്പോൾ സാധാരണ കേൾക്കാറുണ്ടായിരുന്ന പൊട്ടിച്ചിരികൾ കേൾവിക്കാരിൽ നിന്നുണ്ടായില്ല. അമേന്റയെ പരിഹസിക്കാനും ആളുകൾ ആരും മുതിർന്നില്ല. അവളുടെ വാക്കുകൾ കേൾവിക്കാരെ ആഴമായി സ്പർശിച്ചു എന്നു വ്യക്തമായിരുന്നു. തനിക്ക് അവസരം നൽകിയ തിയേറ്റർ ഉടമയോടു നന്ദി പറയാനും അവൾ ആ അവസരം ഉപയോഗിച്ചു.

പ്രസംഗം അവസാനിപ്പിച്ച് അമേന്റ നടന്നുനീങ്ങിയപ്പോൾ തിയേറ്റർ ഉടമ എന്നോടു പറഞ്ഞു: "ഇനിയും ഈ തിയേറ്റർ അവൾക്ക് ആവശ്യമുണ്ടെങ്കിൽ എന്നെ അറിയിക്കുക. ദൈവാത്മാവുള്ള ആ സ്ത്രീക്കുവേണ്ടി എന്തു ചെയ്യാനും ഞാൻ ഒരുക്കമാണ്."

സഹോദരി അമേന്റ ഇന്ത്യവിട്ട് മടങ്ങിയപ്പോൾ അവൾക്കു തീർച്ചയായും തിരിഞ്ഞുനോക്കി ആശ്വസിക്കാം. കാരണം അവളുടെ വരവിനാൽ നൂറുകണക്കിന് കുടുംബങ്ങൾ അന്ധകാരത്തിൽനിന്ന് അത്ഭുതപ്രകാശത്തിലേക്കു വന്നു. രഹസ്യമായും പരസ്യമായും ചെയ്ത ശുശ്രൂഷകളാൽ അനേകം ആളുകളുടെ ഹൃദയഭാരം ലഘൂകരിക്കാനും ദുഃഖം മധുരമുള്ളതാക്കാനും അമേന്റയ്ക്കു കഴിഞ്ഞു.

ഇന്ത്യയിൽനിന്ന് ആഫ്രിക്കയിലെ കനേറി ഐലന്റ്സ്, ലൈബീരിയ, നൈജീരിയയിലെ കലബാർ എന്നിവിടങ്ങളിലേക്ക് അമേന്റ യാത്ര ചെയ്തു. ചില സമയങ്ങളിൽ കാറ്റിൽ ആടിയുലയുന്ന തുറന്ന ബോട്ടിൽ രാത്രി മുഴുവൻ അവൾ യാത്ര ചെയ്തു. മിക്കപ്പോഴും ആളുകളുടെ അഭ്യർത്ഥനപ്രകാരം വീട് വീടാന്തരം കയറിയിറങ്ങി അമേന്റ രോഗികൾക്കായി പ്രാർത്ഥിക്കുകയും ആത്മീയമായി സഹായമാവശ്യമായവർക്ക് കൈത്താങ്ങൽ നൽകുകയും ചെയ്തു. അവൾ പലപ്പോഴും ക്ഷീണിതയായിരുന്നുവെങ്കിലും കർത്താവു ശുശ്രൂഷകൾക്കായി അവളെ ബലപ്പെടുത്തുന്ന കാര്യം അവൾ സാക്ഷ്യം പറഞ്ഞു. പേരിനുമാത്രം വിശ്വാസികൾ ഉള്ള ചില സ്ഥലങ്ങളിൽ തെരുവുയോഗങ്ങളിൽ പ്രസംഗിക്കാനായി അമേന്റയോട് സംഘാടകർ ആവശ്യപ്പെടുമായിരുന്നു. അമേന്റ പ്രസംഗിച്ചതിനുശേഷം പരിശുദ്ധാത്മാവിനാൽ നിറയപ്പെടാനുള്ള അതിയായ വാഞ്ഛ നിമിത്തം പലരും തെരുവിൽതന്നെ മുട്ടുകുത്തി പ്രാർത്ഥിക്കുകയും പരിശുദ്ധാത്മാവ് അവരുടെ മേൽ വരികയും ചെയ്തു.

അമേന്റ ആഫ്രിക്കയിൽ എട്ട് വർഷത്തോളം ശുശ്രൂഷ ചെയ്തു. ഒടുവിൽ ഇംഗ്ലണ്ടിൽ എത്തിയപ്പോഴേക്കും അവളുടെ ആരോഗ്യം ക്ഷയിച്ചു. രണ്ടോ മൂന്നോ ആഴ്ചയിൽ കൂടുതൽ ജീവിച്ചിരിക്കാൻ സാധ്യതയില്ല എന്നവൾ ചിന്തിച്ചു. അവളുടെ പക്കൽ ഒരു ചില്ലിക്കാശുപോലും ഉണ്ടായിരുന്നില്ല. എങ്കിലും പലരും പണം ദാനമായി നൽകി. ഇങ്ങനെ ആവശ്യങ്ങൾക്ക് മതിയായ പണം അവൾക്കു ലഭിച്ചു.

തൊട്ടടുത്ത വർഷം അമേന്റ അമേരിക്കയിലെ ന്യൂയോർക്കിൽ തിരിച്ചെത്തി. തുടർന്നുള്ള ഇരുപത് വർഷം അവൾ കറുത്തവരായ അനാഥർക്കു

# അഞ്ച് പ്രതിജ്ഞകൾ

*(പേജ് 13 ൽ നിന്ന് തുടർച്ച...)*

എന്റേതായി ഒന്നും എനിക്ക് ഉണ്ടായിരിക്കുകയില്ല. നിങ്ങൾ ഒന്നും കൈവശം വയ്ക്കുവാൻ പാടില്ല എന്ന് ഇതിനർത്ഥമില്ല. എന്നാൽ ആ വസ്തുവകകൾ നിങ്ങളുടെ വകയാണെന്നു പറയുന്ന മനോഭാവത്തിൽ നിന്നു നിങ്ങൾ വിടുതൽ നേടണം. ഒന്നും സ്വന്തവകയെന്ന് ഒരിക്കലും തോന്നാത്ത വിധം ഇതിൽ നിന്നൊരു വിടുതൽ നിങ്ങൾക്കു ലഭിക്കുന്ന പക്ഷം വലിയൊരു സ്വാതന്ത്ര്യബോധവും വിമോചനവും നിങ്ങളുടെ ജീവിതത്തിലേക്കു കടന്നുവരും.

**3. ഒരിക്കലും സ്വയം ന്യായീകരിക്കാതിരിക്കുക**

മൂന്നാമത്തെ പ്രതിജ്ഞ: ഞാൻ ഒരിക്കലുംസ്വയം പ്രതിരോധിക്കുകയില്ല. അഥവാ എന്റെ ഭാഗം ശരിയെന്നു വാദിച്ച് സ്വയം സംരക്ഷിക്കാൻ ശ്രമിക്കുകയില്ല. നമ്മെത്തന്നെ സംരക്ഷിക്കുവാനുള്ള ഒരാഗ്രഹത്തോടു കൂടിയാണ് നാമെല്ലാവരും ജനിച്ചിട്ടുള്ളത്. അങ്ങനെ നിങ്ങൾക്കുവേണ്ടി വാദിക്കുവാൻ നിങ്ങൾ നിർബ്ബന്ധം കാണിക്കുന്ന പക്ഷം അതു ചെയ്തുകൊള്ളുവാൻ ദൈവം നിങ്ങളെ അനുവദിക്കും. എന്നാൽ നിങ്ങൾക്കു വേണ്ടി വാദിക്കുന്നതിന്റെ ചുമതല ദൈവത്തിനു വിട്ടുകൊടുകുകയാണെങ്കിൽ അവിടുന്നു നിങ്ങളെ സംരക്ഷിച്ചുകൊള്ളും... "നിനക്കു വിരോധമായി ഉണ്ടാക്കുന്ന യാതൊരായുധവും ഫലിക്കുകയില്ല, ന്യായവിസ്താരത്തിൽ നിനക്ക് വിരോധമായി എഴുന്നേൽക്കുന്ന എല്ലാനാവിനേയും നീ കുറ്റം വിധിക്കും". യെശ.54:17.

---

വേണ്ടി സമയം ചെലവഴിച്ചു. കറുത്ത വർഗ്ഗക്കാരായ പെൺകുട്ടികൾക്കുവേണ്ടി ഒരു സ്കൂളും സ്ഥാപിച്ചു.അമേന്റയുടെ അവസാന വർഷങ്ങളിൽ താമസിക്കാനായി ജോർജ്ജ് സെബ്രിംഗ് എന്ന സഹോദരൻ അയാളുടെ വീട് അവൾക്കു നൽകി. 1915ൽ എഴുപത്തെട്ടാമത്തെ വയസ്സിൽ അമേന്റ കർത്താവിൽ നിദ്ര പ്രാപിച്ചു.

അമേന്റെ തന്റെ ആത്മകഥ എഴുതി അവസാനിപ്പിക്കുന്നത് ഇങ്ങനെ ഒരു പ്രാർത്ഥനയോടു കൂടെയാണ്: "ശുദ്ധീകരണം കൂടാതെ ആർക്കും കർത്താവിനെ കാണാൻ കഴിയുകയില്ല" എന്ന് ഹൃദയത്തിലും ജീവിതത്തിലും എഴുതപ്പെട്ടവരും, ദൈവത്തിന്റെ വേല ചെയ്യാൻ ആവശ്യമായ വരങ്ങളുള്ളവരുമായ ഒരു കൂട്ടം യുവതികളെ ദൈവമേ അങ്ങ് എഴുന്നേൽപ്പിക്കണമേ." ദൈവം തന്നെ രക്ഷിച്ച വിധത്തെയും പരിശുദ്ധാത്മാവിനാൽ നിറച്ച വിധത്തെയും കുറിച്ച് പോയിടത്തൊക്കെയും സാക്ഷ്യം പറയാൻ അമേന്റ ഒരുക്കമുള്ളവളായിരുന്നു. ഒരു കൊച്ചു കുട്ടിയുടെ ലാളിത്യത്തോടെ പെരുമാറി എങ്കിലും അവൾ ഒരു 'രാജാവിന്റെ മകൾ' എന്ന നിലയിലുള്ള മാന്യത കാത്തു സൂക്ഷിച്ചു.

കഴിവോ, പണമോ, വിദ്യാഭ്യാസമോ ഇല്ലെങ്കിലും ദൈവത്തിന് പൂർണ്ണമായി സമർപ്പിക്കുന്ന ഒരു സ്ത്രീയെ ക്കൊണ്ട് ദൈവത്തിന് എന്തു ചെയ്യാൻ കഴിയും എന്നതിന്റെ നേർ സാക്ഷ്യമാണ് അമേന്റ സ്മിത്തിന്റെ ജീവിതം.

**നോബിൾ മാത്യു**

(അവസാനിച്ചു)

**4. മറ്റൊരാളെ മുറിപ്പെടുത്തുന്ന ഒരു വാക്കുപോലും നിങ്ങളുടെ നാവിൽ നിന്നു പുറപ്പെടരുത്.**

അടുത്ത പ്രതിജ്ഞ: മറ്റൊരാളെ മുറിപ്പെടുത്തുന്ന ഒരു വാക്കുപോലും എന്റെ വായിൽ നിന്നു പുറപ്പെടുകയില്ല.

സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നു (1 പത്രോ. 4:8). പരദൂഷകന് ഒരിക്കലും ദൈവകൃപ ലഭിക്കുകയില്ല. ദൈവമക്കളിൽ ഒരാളുടെ സൽപേരിനെ കെടുത്തുന്ന എന്തെങ്കിലും വർത്തമാനം നിങ്ങൾക്കറിവുള്ള പക്ഷം അത് എന്നെന്നേക്കുമായി കുഴിച്ചുമൂടുക. അതിനു പറ്റിയ ഒരു സ്ഥലം എവിടെയെങ്കിലും കണ്ടു വയ്ക്കുക. ആരെങ്കിലുമൊരാൾ ഒരു ദൂഷണ കഥയുമായി നിങ്ങളുടെ അടുത്തു വരുമ്പോൾ ആ കഥ എടുത്ത് ഒരു സ്ഥലത്ത് കുഴിച്ചുമൂടുക. എന്നിട്ടു ഇങ്ങനെ പറയുക. എന്റെ സഹോദരനെപ്പറ്റിയുള്ള കഥ ഇതാ, ഇവിടെ സ്വസ്ഥമായി വിശ്രമിക്കുന്നു. ദൈവം അതു നോക്കിക്കൊള്ളും!!!... നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും (മത്തായി. 7:2).

**5. ഒരിക്കലും ഒരു ബഹുമാനവും സ്വീകരിക്കരുത്.**

അഞ്ചാമത്തെ പ്രതിജ്ഞ: ഞാൻ ഒരിക്കലും ബഹുമാനം സ്വീകരിക്കുകയില്ല. ദൈവം തീക്ഷ്ണതയുള്ള ദൈവമാണ്. അവിടുന്ന് തന്റെ മഹത്വം മറ്റൊരുത്തനും കൊടുക്കുകയില്ല (യെശ. 42:8). തന്റെ മഹത്വം ഒരിക്കലെങ്കിലും അവിടുന്ന് മറ്റൊരാളുമായി പങ്കുവയ്ക്കുക പോലുമില്ല. ക്രിസ്തീയ സേവനം സ്വന്തം കഴിവു പ്രദർശിപ്പിക്കുവാനുള്ള ഒരവസരം നൽകുമെന്ന് ആളുകൾ പ്രതീക്ഷിക്കുക വളരെ സ്വഭാവികമാണ്. കർത്താവിനെ സേവിക്കുവാൻ അവർ ആഗ്രഹിക്കുന്നു എന്നതു ശരി തന്നെ. എന്നാൽ തങ്ങൾ ദൈവത്തെ സേവിക്കുന്നവരാണെന്ന് മറ്റാളുകൾ അറിയണമെന്നുകൂടി അവർക്കാഗ്രഹമുണ്ട്. ദൈവഭക്തരുടെ ഇടയിൽ വിലമതിക്കപ്പെടുന്നവരാകുവാൻ അവർ ആഗ്രഹിക്കുന്നു. ദൈവഭക്തരായ ജനങ്ങളുടെ മധ്യത്തിൽ സൽപ്പേരു നേടുക എന്ന ഈ കാര്യം വളരെ ആപൽക്കരമായ ഒരു മേഖലയാണ്. ഈ ലോകത്തിൽ ഒരു സൽപ്പേരു നേടുക എന്നതു തന്നെ ദോഷകരമാണ്. എന്നാൽ ദൈവജനങ്ങളുടെ ഇടയിൽ ബഹുമാന്യസ്ഥാനമന്വേഷിക്കുക എന്നത് അതിനെക്കാൾ ദോഷം നിറഞ്ഞതത്രെ. നമ്മുടെ കർത്താവ് എല്ലാ സൽപ്പേരിനെയും ഉപേക്ഷിച്ചു. ആ മാർഗ്ഗം തന്നെ നാമും പിന്തുടരണം (യെശ. 53:3)

**ഗൗരവത്തോടെ ഈ പ്രതിജ്ഞകൾ ചെയ്യുക**

ഈ വിഷയത്തെപ്പറ്റി ഇങ്ങനെ ഒരു പ്രസംഗം ചെയ്യുകയാണ് ഏറ്റവും പ്രയാസം കുറഞ്ഞ കാര്യം. എന്നാൽ പ്രയാസമുള്ള കാര്യം അത് ഒരുവന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കുകയാണ്. ഈ അഞ്ചു പ്രതിജ്ഞകൾ നിങ്ങളുടെ ബൈബിളിന്റെ പുറകുവശത്ത് എഴുതിയിട്ടശേഷം മറന്നു പോകാനുള്ളതല്ല എന്നോർക്കുക. അവ നിങ്ങളുടെ രക്തത്തിൽ തന്നെ എഴുതപ്പെടേണ്ടവയാണ്. അന്തിമമായ, അലംഘ്യമായ പ്രതിജ്ഞകൾ ആണ് അവ. അവ ഉപരിതലത്തിൽ മാത്രമേ പതിയുന്നുള്ളു എങ്കിൽ ഒരു പ്രയോജനവുമില്ല. നമ്മുടെ സമർപ്പണത്തിന്റെ ഏറിയ കൂറും ആ വിധത്തിൽ ഉപരിതലത്തിൽ മാത്രം നിൽക്കുന്നതാണ്. നമ്മുടെ പല



# THE FATHER'S HEART OF LOVE

Sandeep Poonen

A foundational blessing of the New Covenant is that God is our loving Father (John 20:17). We may not always *understand* how our Father deals with us, just like a child does not always understand the deep love of its parents. But when we approach God in Christ (there is no other way to come near to God), then the Bible teaches me that God always is our altogether loving Father. We must ruthlessly hold fast to the FACT that our Father ALWAYS acts out of love. And His love for us is infinitely more than a mother's love for her newborn baby.

God is love (1 John 4:8), so everything God does is from a heart FULL of love. We doubt this because we don't *understand* God's love. We have logical and human ideas of how a God of love must act, and then we are disappointed when circumstances don't go our way. And we cannot fathom how a loving God (based on our human views of love) could possibly allow the various hard circumstances and trial into our lives. But the problem is not with God and His love. It is that we do not understand the love of God.

So I wanted to share three key ways in which we must see the Father's love towards us.

---

വാഗ്ദാനങ്ങളും ഉപരിതലസ്പർശികളത്രെ. അതു പോരാ. അവ നമ്മുടെ ആത്മാവിന്റെ ആഴത്തിൽ നിന്നു പുറപ്പെടേണ്ടിയിരിക്കുന്നു.

ആഴമുള്ള ഒരു ജീവിതം, കൂടുതൽ ശക്തിയും നിറവും ഉള്ള ഒരു ജീവിതം നയിക്കുവാൻ വേണ്ടി ദൈവം തിരഞ്ഞെടുത്തിട്ടുള്ള ഒരു വ്യക്തിയാണ് നിങ്ങളെങ്കിൽ താഴെക്കാണുന്ന വിധത്തിലുള്ള ഒരു പ്രാർത്ഥന പ്രാർത്ഥിക്കുവാൻ നിങ്ങൾ ഒരുക്കമൊണോ എന്ന് ഞാൻ ചോദിക്കുകയാണ്. ..'ദൈവമേ, എന്നെ താഴ്ത്തിക്കൊണ്ട് അവിടുത്തെ നാമത്തെ മഹത്വീകരിക്കണമേ. കർത്താവേ, അതിനുള്ള വിലയെന്തായാലും അതു നൽകുവാൻ ഞാൻ സന്നദ്ധനാണ്. ആ വിലയ്ക്ക് ഒരു പരിധിയും ഞാൻ കല്പിക്കുന്നില്ല. അവിടുത്തെ നാമത്തെ മഹത്വപ്പെടുത്തേണമേ. അതിന്റെ ചെലവ് ഞാൻ വഹിച്ചു കൊള്ളാം'.

ഈ പ്രാർത്ഥന വളരെ ലളിതമാണ്. എന്നാൽ അത് ആഴമേറിയതും അത്ഭുതകരവും ശക്തി നിറഞ്ഞതുമാണ്. ഇപ്രകാരം പ്രാർത്ഥിക്കുമെങ്കിൽ ആത്മീയജീവിതത്തിന്റെ ഉപരിമണ്ഡലങ്ങളിലേക്കു കുതിക്കുവാൻ നിങ്ങൾക്കവസരം നൽകുന്ന ഒരു ചവിട്ടുപടിയായി അതു തീരും.

❖

**1. WITH HUGS AND SHOUTS AND TEARS OF JOY - EVERY TIME WE COME TO HIM:**

*Luke 15:20 – So he got up and came to his father. But while he was still a long way off, his father saw him and felt compassion for him, and ran and embraced him and kissed him*.

This is who God our Father is always FIRST towards us. *Whenever* we return home to the Father, He runs out to meet and hug us. And whenever a child of God seeks relationship with the Father, it is a scene of great joy and happiness (Luke 15:7,22-23), where He is eager to celebrate that we are with Him.

This is not typically the first view we have of God our Father. So we must work hard to keep this as our first view of God, because we can very easily give in to Old Covenant views of God. We must fight to remind ourselves that the Father ALWAYS jumps off of His eternal throne to embrace us and welcome us into His home – every single time we come to be with Him and talk to Him (what we call prayer). So even if it is the hundredth time in the day (or seventy times seven), God is always leaping off His Throne, and running down the road to welcome us home. The joy of having us back home with Him *never* gets old for our eternally loving Father!

This lavishly loving view of God as our Father will radically change us.

- I never need approach God in fear. Jesus Christ has sacrificed all of Himself for me, so that I can now always approach God as my loving Heavenly Father.
- Knowing God as my Father frees me from anxiety and worry (Matthew 6:25-33). The life of the Christian is meant to be a life of rest (Hebrews 4:9-11)

I am convinced that even most born-again Christians do not have this as their perpetually FIRST view of God. I know that I lacked this view of God, even several years after I was born again. That resulted in a lack of enduring rest in my life. My mind and feelings still do not comprehend this, but the Holy Spirit has shown me the truth of this from Scripture.

But we should not think that God's FIRST instinct towards us in Christ (to run to us with great affection) is His ONLY attitude towards us. Like any human father, God also wants us to grow in maturity and wisdom. So while He's *always* thrilled to accept us, He also wants us to be a growing reflection of Him and His character. So He reproves and prunes us.

**2. WITH A SCOURGE AND TEARS OF HOPE:**

*Hebrews 12:6 - For those whom the Lord loves He disciplines, and He scourges every son whom He receives*.

When God sees bad behaviors and harmful ways of thinking, He must correct us. The Father is extremely serious about His discipline for His children, because His love seeks to constantly help us be better. So here again, we must hold fast to the truth that it is our Father's LOVING hand that

disciplines us. I must remind myself of God's <u>*love*</u> in His discipline.

When we think of a father disciplining his son, I can have pictures of anger and frustration. But this is not the correct picture of God correcting us. A good picture of God in how He corrects is when Adam and Eve sinned. When God sought them out in the Garden of Eden, the very first question He asked them was not, "Why did you disobey Me?" The very first question God asked them was, "Where are you?" (Genesis 3:9). **God is primarily interested in us being properly connected with Him (in relationship with Him), even before He corrects us of our sins**.

So when God seeks to correct me, I must remember WHERE I am with Him when I am being corrected by Him. He seeks to be in full intimate relationship with me before He corrects me. So I see that He brings me onto His lap of love first, and only then seeks to correct me.

Gone are the pictures of an angry God shouting at me or rushing to me in anger. And gone are the pictures of a God whose eyes are filled with fiery anger and wrath. Instead, I have a loving God with tears in His eyes, who brings me onto His lap of love, and reproves me with all strictness, because He knows that His corrections are vital for my spiritual growth.

God, who is Love, corrects me with the fulness of His Love. So whatever picture we have of a Father's discipline must be accompanied by an ocean of love all around it!

**3. WITH A PRUNING KNIFE AND A HEART FULL OF APPROVAL:**

*John 15:1-2 – I am the true vine, and My Father is the vinedresser. Every branch in Me that does not bear fruit, He takes away; and every branch that bears fruit, He prunes it so that it may bear more fruit*.

What does a loving earthly father do when a child of his does well. He probably sits back in satisfaction. But we see a different view of Love in our Heavenly Father. Jesus tells me here that when I bear fruit, the Father PRUNES me. To prune a branch is to cut back parts of the branch for better shape or more fruitful growth. So the Father takes <u>*away*</u> from me when He sees that I begin to bear fruit. But it is only for my very best, and it is an expression of true Divine Love.

Here again, this doesn't seem logical. When I finally begin to see evidence of the fruits of the Holy Spirit being borne in me, I can be happy. So I can be perplexed when I see the Father coming at me with a knife, and He begins to cut things away from me. This is how I can feel in the trials that God allows in my life – in the form of earthly disappointments, shattered dreams and goals, failed marriage proposals, etc. Such events could be especially hard to understand if they happen at a time when I am faithfully walking with God. I can wonder why God is "clipping my wings" and not allowing me to fly. And why He is blessing others while restricting me.

It is crucial that we learn this Divine heart of true love. God has much higher hopes than just *some* fruit from our lives. He wants us to bear MORE AND MORE fruit. It is with this heart of the very best, and a face full of approval

കൊണ്ട് 1 പത്രൊസ് 5:5ലും യാക്കോബ് 4:6 ലും ഒരേ പോലെ പറയുന്നു: 'താഴ്മയുള്ളവർക്കു കൃപ ലഭിക്കും.' ഉവ്വ്, താഴ്മയുള്ളവർക്കേ കൃപ ലഭിക്കുകയുള്ളൂ. കാരണം അത് അനർഹൻ ഏറ്റുവാങ്ങുന്ന ദാനമാണ്. താഴ്മയിലല്ലാതെ ദാനം ഏറ്റുവാങ്ങുന്നതെങ്ങനെ? ഇങ്ങനെ താഴ്മയിൽ കൃപ ഏറ്റുവാങ്ങിയ ഒരുവൻ പിന്നീടു താൻ അർഹനാണെന്നു കരുതിയാൽ എന്തു സംഭവിക്കും? പിന്നെ അവനു ദാനം സ്വീകരിക്കുവാൻ കഴിയുകയില്ല. കാരണം അവന്റെ താഴ്മ നഷ്ടപ്പെട്ടു. സ്വാഭാവികമായി തന്നെ കൃപയും നഷ്ടമായി. ഒരിക്കൽ കൃപ പ്രാപിച്ച ഒരുവനു പിന്നീടു കൃപ നഷ്ടപ്പെടുന്നത് ഇങ്ങനെയാണ്.

താൻ അർഹനാണെന്നു കരുതുന്നവനു കൃപ ലഭിക്കുകയില്ലെന്നും മറിച്ച് തനിക്ക് അർഹതയില്ലെന്ന നിലപാടെടുക്കുന്നവന്റെമേൽ കൃപ ധാരാളമായി ദൈവം ചൊരിയുമെന്നും വ്യക്തമാക്കുന്ന ഒരു ഉപമ യേശു പറഞ്ഞതു ലൂക്കോസിന്റെ സുവിശേഷം 18 ന്റെ 9-14 വാക്യങ്ങളിൽ നമുക്കു കാണുവാൻ കഴിയും. അവിടെ രണ്ടുപേർ ദൈവാലയത്തിൽ പ്രാർത്ഥിക്കാൻ പോയി. ഒരുവൻ പരീശൻ. മറ്റവൻ ചുങ്കക്കാരൻ. ഇതിൽ പരീശനു നിരത്താനുണ്ടായിരുന്നതു തന്റെ അർഹതയുടെ നീണ്ട പട്ടികയാണ്- 'താൻ പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ മുതലായശേഷം മനുഷ്യരെപ്പോലെയോ ചുങ്കക്കാരനെപ്പോലെയോ അല്ല. ആഴ്ചയിൽ രണ്ടുവട്ടം ഉപവസിക്കുന്നു. നേടുന്നതിൽ ഒക്കെയും പതാരം കെടുക്കുന്നു' എന്നാൽ ചുങ്കക്കാരൻ ദേവാലയത്തിൽ നിന്നു കൊണ്ടു തന്നെത്തന്നെ നോക്കുമ്പോൾ തനിക്ക് ദൈവ മുൻപാകെ കരുണ ലഭിക്കാൻ ഒരർഹതയുമില്ല. അവൻ ദൂരെ നിന്നു കൊണ്ടു സ്വർഗത്തേക്കു നോക്കുവാൻ പോലും തുനിയാതെ മാറത്തടിച്ചു. 'ദൈവമേ പാപിയായ എന്നോടു കരുണയുണ്ടാകണമേ' എന്നു നിലവിളിച്ചു. എന്തായിരുന്നു ഫലം? ചുങ്കക്കാരനു ദൈവ മുൻപാകെ കൃപ ലഭിച്ചു, പരീശന് അതു ലഭ്യമായില്ല. ഈ ഉപമയെ കർത്താവ് താഴ്മയുമായി ബന്ധപ്പെടുത്തി ഉപസംഹരിക്കുന്നത് ഇങ്ങനെ: "തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം

---

(for the fruit that we've already borne) that He prunes us. **What a deep tragedy it is then, when His children complain about the Father's pruning knife**.

*A.W. Tozer said this, "What comes into our minds when we think about God is the most important thing about us."*

I am convinced that my mind needs to be radically renewed to know who God really is, and what His love really looks like. I have many human definitions of love, but I must hold fast to the definition of Divine Love from the Bible's description of God as my Father. Choosing to define the love of God based on my human logic is as foolish as a 5-year-old getting to determine what his parents' love ought to look like.

May God open our eyes to see these 3 immense acts of love by our Heavenly Father.

❖

താഴ്ത്തപ്പെടും. തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും.' തുടർന്ന് ചുങ്കക്കാരൻ നീതികരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയി. മറ്റവൻ അങ്ങനെയല്ല (18:14).

നോക്കുക: നീതിമാന്മാരായിരിക്കുക എന്നതാണു ദൈവം എല്ലാവരിൽ നിന്നും ആവശ്യപ്പെടുന്നത്. എന്നാൽ ദൈവത്തിന്റെ ഈ നിബന്ധനയെ തൃപ്തിപ്പെടുത്തുവാനുള്ള ശക്തി-കൃപ-ദൈവം തന്നെ നൽകുന്നു. ഈ കൃപ സൗജന്യമായാണ് (അർഹതയുടെ അടിസ്ഥാനത്തിലല്ല) നൽകുന്നത്. എന്നാൽ അർഹതയില്ലെന്നു താഴ്മയോടെ സമ്മതിക്കുന്നിടത്തു മാത്രമേ കൃപ വ്യാപരിക്കുകയുള്ളൂ. ഇതു പറയുമ്പോൾ ഒരു കാര്യം ഓർക്കണം: കൃപ ലഭിക്കാനുള്ള അർഹതയായല്ല താഴ്മയെ കാണേണ്ടത്. (അങ്ങനെയായാൽ അർഹതയില്ലാത്തിടത്തു നൽകുന്നതാണു കൃപ എന്നു പറയാനാവില്ലല്ലോ.) എന്നാൽ ഉയർന്ന ഇടത്തേക്കല്ല താണ സ്ഥലത്തേക്കു മാത്രമേ വെള്ളത്തിന് ഒഴുകിച്ചെല്ലാൻ കഴിയൂ ('താണ നിലത്തേ നീരോടൂ') എന്ന പ്രകൃതി നിയമം പോലെയാണ് ഇതിനെയും കാണേണ്ടത്. താഴ്മയുള്ളിടത്തേ കൃപയ്ക്ക് വ്യാപരിക്കാൻ കഴിയൂ. ചുങ്കക്കാരൻ തന്നെത്താൻ താഴ്ത്തി. അവിടേക്കു കൃപ ഒഴുകിച്ചെന്നു. ഫലം അവൻ നീതികരിക്കപ്പെട്ടവനായി. എന്നാൽ പരീശൻ തന്റെ അർഹതയുടെ പട്ടിക നിരത്തി തന്നെത്താൻ ഉയർത്തി. സ്വാഭാവികമായും അവിടേക്കു ദൈവകൃപയ്ക്ക് ഒഴുകിച്ചെല്ലാൻ കഴിയുകയില്ലല്ലോ. അതിന്റെ ഫലമായി പരീശന് ദൈവത്തിന്റെ നിബന്ധനയെ തൃപ്തിപ്പെടുത്താൻ കഴിയാതെ, നീതികരിക്കപ്പെടാതെ, വീട്ടിലേക്കു മടങ്ങേണ്ടി വന്നു. നീതിമാനായിരിക്കുക എന്ന ദൈവത്തിന്റെ നിബന്ധനയെ (demand) തൃപ്തിപ്പെടുത്താനുള്ള ദൈവികശക്തിയായ കൃപ അവനും കയ്യാളാമായിരുന്നു. എന്നാൽ അതു ലഭ്യമാകുന്ന സ്ഥലത്ത് (താഴ്മയുള്ളിടത്ത്) അവൻ നിന്നില്ല. കൃപയുടെ വെള്ളച്ചാട്ടത്തിനു താഴെ നിന്നാലേ ഒരുവൻ കഴുകപ്പെടുകയുള്ളു. പരീശൻ ആ ഉത്തരവാദിത്തം എടുത്തില്ല. സ്വാഭാവികമായും അവൻ നീതികരിക്കപ്പെട്ടില്ല.

പരീശന്റേയും ചുങ്കാരന്റേയും ഈ ഉപമയുടെ പ്രസക്തി ഒരുവൻ കർത്താവിലേക്കു വരുന്ന ആദ്യസന്ദർഭത്തിലേക്ക് (രക്ഷിക്കപ്പെടുന്ന സന്ദർഭം) മാത്രം പരിമിതപ്പെടുത്തി ചിലർ കാണാറുണ്ട്. രക്ഷിക്കപ്പെടുന്നതിന് കൃപ തീർച്ചയായും ആവശ്യമാണ്. (എഫെസ്യർ 2:5, 8; റോമർ 1:16 എന്നീ വാക്യങ്ങൾ വായിക്കുക) സ്വന്തപ്രയത്നംകൊണ്ടു രക്ഷനേടാനാവില്ല എന്നു താഴ്മയോടെ സമ്മതിച്ച് 'പാപിയായ എന്നോടു കരുണയുണ്ടാകണമേ' എന്നു നിലവിളിച്ച് ഒരുവൻ ക്രൂശിന്റെ ചുവട്ടിലേക്ക് ആദ്യം വരുന്ന സന്ദർഭമാണല്ലോ അവൻ രക്ഷിക്കപ്പെടുന്ന അവസരം. അവിടെ അവൻ രക്ഷയ്ക്കായുള്ള ദൈവശക്തിയായ കൃപമൂലം രക്ഷിക്കപ്പെടുന്നു. എന്നാൽ തുടർന്നു ദിനന്തോറും രക്ഷിക്കപ്പെട്ടു കൊണ്ടിരിക്കേണ്ടതിനു ജീവിതത്തിന്മേൽ കൃപ വ്യാപരിക്കാൻ താഴ്മയിൽത്തന്നെ നില്ക്കേണ്ടതുണ്ടെന്നു പലരും കരുതുന്നില്ല എന്നതാണ് ഇന്നത്തെ ക്രിസ്തീയലോകത്തെ പ്രശ്നം. ഇതിന്റെ ഫലമായി പലരും രക്ഷിക്കപ്പെടുന്ന ആദ്യ സന്ദർഭത്തിൽ ലൂക്കോസ് 18 ലെ ഉപമയിലെ ചുങ്കക്കാരനെപ്പോലെയും തുടർന്ന് പരീശനെപ്പോലെയുമാണ് ജീവിക്കുന്നത്. അവർ ആദ്യം ചുങ്കക്കാരനെപ്പോലെ വന്നു രക്ഷിക്കപ്പെട്ടു. തുടർന്നു

പരീശനെപ്പോലെ ജീവിക്കുന്നു. എത്ര ദുഃഖകരം! 'ഭൂതകാല രക്ഷ'യെ അറിയാനുള്ള താഴ്മ അവർക്കുണ്ടായിരുന്നു. എന്നാൽ 'വർത്തമാനകാല രക്ഷ' യിൽ തുടരാനുള്ള താഴ്മ അവർക്കില്ലാതെ പോയി. തനിക്ക് അർഹതയില്ല എന്നു പറഞ്ഞ് അവർ ആദ്യം ക്രൂശിന്റെ ചുവട്ടിൽ വന്നു നീതീകരിക്കപ്പെട്ടു. ഇന്നു തനിക്ക് അർഹതയുണ്ടെന്നു ദൈവാലയത്തിൽ വന്നു സാക്ഷ്യം പറഞ്ഞിട്ട് നീതീകരിക്കപ്പെടാതെ വീട്ടിലേക്കു പോകുന്നു! ചുങ്കക്കാരന്റേയും പരീശന്റേയും കഥ തുടരുകയാണ്....

ചാൾസ് ഫിന്നി എന്ന ദൈവഭൃത്യൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞു: "രക്ഷയിലേക്കു വരാൻ കൃപ ആവശ്യമാണെന്ന് എല്ലാവരും വിശ്വസിക്കുന്നു. എന്നാൽ രക്ഷയിൽ തുടരാൻ കൃപയിൽ നില്ക്കണമെന്നു വിശ്വസിക്കുന്നവർ ചുരുക്കം." ശരിയല്ലേ?

എന്നാൽ പൗലൊസിന്റെ അനുഭവം വ്യത്യസ്തമായിരുന്നു. 'എന്റെ കൃപ നിനക്കു മതി' എന്നു കർത്താവിൽ നിന്നുതന്നെ നേരിൽ കേട്ട പൗലൊസ് ജീവിതത്തിന്റെ ഒടുവിൽ വരെ കൃപ കിട്ടാവുന്ന ഇടത്ത്, താഴ്മയിൽ തന്നെ, നിലയുറപ്പിച്ചു. ജീവിതത്തിന്റെ സായാഹ്നത്തിലും തന്റെ പിന്നിട്ട വർഷങ്ങളിലെ വലിയ ശുശ്രൂഷകൾ നൽകുന്ന അർഹതയുടെ തലക്കനമില്ലാതെ, 'ഞാൻ അർഹനല്ല' എന്ന നിലപാടിൽ തന്നെ അവൻ നിന്നു. അതുകൊണ്ട് ഓട്ടം തികച്ച്, വിശ്വാസം കാത്ത്, നീതിയുടെ കിരീടത്തെക്കുറിച്ചുള്ള പ്രത്യാശയോടെ പൗലൊസ് കടന്നുപോയി.

എ.ഡി.67 ലാണു പൗലൊസ് രക്തസാക്ഷിമരണം പ്രാപിച്ചതെന്നു കരുതപ്പെടുന്നു. അതിനു രണ്ടുവർഷം മുൻപു മാത്രം എ.ഡി 65 ൽ എഴുതിയ ഒരു ലേഖനത്തിലെ പൗലൊസിന്റെ പ്രസ്താവന കാണുക: 'ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനംതന്നേ. ആ പാപികളിൽ ഞാൻ ഒന്നാമൻ' (1തിമൊ. 1:15). പൗലൊസ് തന്നെക്കുറിച്ചുതന്നെ ഇവിടെ പറയുന്നത് ശ്രദ്ധിച്ചോ? 'ഞാനാണു സകല പാപികളിലും ഒന്നാമൻ'!

ദമസ്ക്കോസിന്റെ പടിവാതില്ക്കൽ വച്ച് കർത്താവുമായി ഒരു മുഖാമുഖം ഉണ്ടാകുന്നതിനു മുൻപ്, ആദ്യരക്തസാക്ഷി സ്തേഫാനോസിനെ കല്ലെറിഞ്ഞു കൊല്ലുമ്പോൾ അതിനു സമ്മതം കൊടുത്തുകൊണ്ട് കൊലയാളികളുടെ വസ്ത്രം കാക്കുകയും (പ്രവൃ.7:58) ക്രിസ്തു ശിഷ്യന്മാരെ ഭീഷണിപ്പെടുത്തുകയും (9:1) അവരെ കൊല്ലുകയും (22:4) ചെയ്തു ജീവിച്ച ഭൂതകാലത്തെ ഓർത്ത് 'ഞാൻ പാപികളിൽ ഒന്നാമനായിരുന്നു' എന്നല്ല പൗലൊസ് പറയുന്നത്. മറിച്ച് വർത്തമാനകാലത്തിൽ നിന്നുകൊണ്ട് 'ഞാൻ പാപിയിൽ ഒന്നാമനാണ്' (1am formos of all sinners)എന്നു തന്നെയാണു പൗലൊസ് പറയുന്നത്. ഈ ഏറ്റുപറച്ചിൽ നമ്മെ ഓർമിപ്പിക്കുന്നത് ലൂക്കോസ് 18ലെ ചുങ്കക്കാരന്റെ ഏറ്റുപറച്ചിലിനെയാണ്. അവിടെ ചുങ്കക്കാരൻ 'ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകണമേ' (18:13) എന്നു നിലവിളിച്ചത് ഇംഗ്ലീഷിൽ ഒരു വിവർത്തനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് 1 am <u>the</u> sinner എന്നാണ്. അർത്ഥം 'ഒരേയൊരു പാപി ഞാനാണ്.' ചുങ്കക്കാരൻ ദേവാലയത്തിൽനിന്നു നോക്കുമ്പോൾ അവിടെ മറ്റാരും പാപികളില്ല, അവിടെ ഒരേയൊരു പാപിയെ ഉള്ളു. അതു താനാണ് എന്നാണവന്റെ ഏറ്റു

പറച്ചിൽ. (മറിച്ച് ദേവാലയത്തിൽ നിന്ന പരീശൻ അടുത്തുനിന്ന ചുങ്കക്കാരൻ ഉൾപ്പെടെ മറ്റെല്ലാവരേയും പാപികളായും തന്നെ മാത്രം നീതിമാനായും കണ്ടു!). 'ഒരേയൊരു പാപിയേയുള്ളു അതു ഞാനാണ്' എന്ന ചുങ്കക്കാരന്റെ ഏറ്റുപറച്ചിൽപോലെ തന്നെയല്ലേ 'സകലപാപികളിലും വച്ച് ഞാനാണ് ഒന്നാമൻ' എന്ന പൗലൊസിന്റെ ഏറ്റുപറച്ചിലും?

'പാപികളിൽ ഞാൻ ഒന്നാമൻ' എന്ന പൗലൊസിന്റെ നിലപാട്, 'ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു' എന്ന സത്യത്തിന്റെ പശ്ചാത്തലത്തിലാണു കാണേണ്ടത്. അല്ലെങ്കിൽ-പൗലൊസിന്റെ അനാവശ്യമായ കുറ്റബോധവും സ്വയംപീഡനമനോഭാവവുമാണെന്നു നാം തെറ്റിദ്ധരിച്ചുപോകും. ക്രിസ്തുയേശു പാപികളെയാണു രക്ഷിക്കുന്നത്. യേശുവും അതു വ്യക്തമാക്കിയിട്ടുണ്ടല്ലോ- 'ഞാൻ നീതിമാന്മാരെയല്ല പാപികളെയാണു വിളിപ്പാൻ വന്നത്'. യേശു തുടർന്ന് ഇങ്ങനെ പറഞ്ഞു 'രോഗികൾക്കാണു വൈദ്യനെക്കൊണ്ട് ആവശ്യം.'(മർക്കോ. 2:17) പൗലൊസ് ജീവിതത്തിലുടനീളം 'പാപികളിൽ ഒന്നാമൻ' എന്ന നിലപാടിൽ നിന്നിരുന്നതുകൊണ്ട് പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്ന യേശുവിനെ അവന് എപ്പോഴും ആവശ്യമുണ്ടായിരുന്നു. അവൻ യേശുവിന്റെ സൗഖ്യദായകരക്ഷയെ സദാ അറിയുന്നവനായിരുന്നു. കുറവുകളെയും പോരായ്മകളേയും കാട്ടിത്തരുന്ന ദൈവികവെളിച്ചത്തിൽ എപ്പോഴും നടന്നതുകൊണ്ട് രക്തത്താലുള്ള കഴുകൽ സദാ സ്വാഭാവികമായി പ്രാപിക്കുന്നതിന്റെ (1 യോഹന്നാൻ.1:7) ശുദ്ധീകരണവും പുതുക്കവും അവനുണ്ടായിരുന്നു. കർത്താവിനോടു ചേർന്നുള്ള നടപ്പിൽ വർദ്ധിച്ചുവരുന്ന പാപബോധം മൂലം 'ഞാൻ അർഹനല്ല' എന്ന ഏറ്റുപറച്ചിൽ എപ്പോഴും ഉണ്ടായിരുന്നതുകൊണ്ട് പൗലൊസ് നിരന്തരം താഴ്മയിൽ വസിച്ചു. താഴ്മയിൽ ആയിരുന്നതുകൊണ്ട് പൗലൊസിന് എപ്പോഴും കൃപ ലഭിച്ചുകൊണ്ടിരുന്നു.

ചുരുക്കത്തിൽ: 'എന്റെ കൃപ നിനക്കു മതി' എന്ന വാക്കുകൾ കർത്താവിൽ നിന്നു തന്നെ കേട്ട പൗലൊസ് ദൈവത്തിൽനിന്നു കൃപ എപ്പോഴും ലഭിക്കുന്നതിന്റെ രഹസ്യം മനസ്സിലാക്കിയിരുന്നു. അങ്ങനെ കൃപ എന്ന പദം പൗലൊസിനു പ്രിയപ്പെട്ടതായി മാറി. തന്റെ ചെറുതും വലുതുമായ ലേഖനങ്ങളെല്ലാം അദ്ദേഹം അവസാനിപ്പിക്കുന്നതു 'കൃപ നിങ്ങളോടുകൂടെ ഇരിക്കട്ടെ' എന്ന ആശംസയോടെയാണല്ലോ. (റോമാലേഖനത്തിന്റെ അവസാനവാക്യം മാത്രം വ്യത്യാസമായിരിക്കുന്നു. എന്നാൽ റോമാലേഖനവും 'കൃപ നിങ്ങളോടു കൂടെ ഇരിക്കുമാറാകട്ടെ' എന്നുതന്നെ 16:20 ൽ എഴുതി പൗലൊസ് അവസാനിപ്പിച്ചതാണെന്നും ചിലർക്കുള്ള വന്ദനങ്ങൾ പിന്നീട് എഴുതിച്ചേർത്തതാണെന്നുമാണു വേദപണ്ഡിതന്മാരുടെ അഭിപ്രായം). നിരന്തരം താഴ്മയിൽ വസിച്ച് എപ്പോഴും കൃപ പ്രാപിച്ചിരുന്ന പൗലൊസിനു നമ്മെ ഉദ്ബോധിപ്പിക്കാനുള്ളതും ഇതേ കാര്യമാണ്: "നിങ്ങൾക്കു ദൈവത്തിന്റെ കൃപ ലഭിച്ചതു വ്യർത്ഥമായിത്തീരരുത് (2 കൊരി.6:1).' 'കൃപയാൽ തന്നെ ഹൃദയം ഉറപ്പിക്കുന്നതു നല്ലത്(എബ്രായ.13:9).

പത്രൊസിന്റെ അവസാനവാക്കുകൾ ഇങ്ങനെ: 'കൃപയിൽ ...... വളരുവിൻ'(2 പത്രൊ. 3:14).

കൃപയെക്കുറിച്ചുള്ള ഈ ഉദ്ബോധനങ്ങളെ ഹൃദയത്തോടു ചേർത്തു പിടിക്കാൻ ദൈവം തന്നെ നമുക്കു കൃപ നൽകട്ടെ. ആമേൻ.

# TAKERS AND GIVERS

**Santosh Poonen**

In Matthew 20, we read about an incident involving Jesus, and the disciples who had walked with him faithfully for three years. When they sensed that the time for Jesus to be exalted to the throne was coming near, they all – beginning with James and John (v20-21) – saw this as an opportunity for them also to be exalted to positions of authority. Jesus replied to them that He "did not come to be served, but to serve, and to give..." (v28).

What we can understand from Jesus' response is that there are two types of people in the world. One group consists of the "takers", and the other group consists of the "givers". True Christianity is found in being a giver. Yet, sadly, despite all that they had seen and heard in Jesus about the kingdom of heaven, the disciples missed it. They wanted to be treated like "royalty". The same is true about most Christians even today.

The kingdom of the world is characterized by takers — whether in their marriages, their home life, the work place, the church, etc. They all look for what they can get out of something. The kingdom of heaven, on the other hand, is characterized by givers. They all look for what they can give first of all to God, and then to others. If you progress in the kingdom of the world, you can expect to be served more and more. If you progress in the kingdom of heaven, on the other hand, you will serve others more.

Takers always expect others to meet their needs, and so they will eventually get offended over something or the other if those expectations are not met — in their marriages, homes, church, etc. — and leave. Givers, on the other hand, when they see a need, take responsibility, faithfully endure, and receive God's grace to meet those needs through them.

If, for example, there is a lack of love in your marriage, you could view it as your spouse's fault for not pouring enough love into your marriage to fill up your cup. This is the mentality of the "taker". Instead, if you have the mentality of the "giver", you will come to God asking Him to fill up your cup, and let it overflow so much that your spouse's cup is also filled up!

We read in II Corinthians 9:6-8 that God wants to pour out His grace in abundance to us. But, this is not in order for us to accumulate more for ourselves. Rather, He gives us such overflowing grace so that we can be givers who do good to others as a result (see the last part of v8). Paul, who wrote this, had labored in the church in Ephesus for 3 years. As he said goodbye to them just before his death (Acts 20:25-35), he reminded them that during that whole period, he had served them as a giver. That's why, even though he would have been entitled to be financially supported by the church, he refused, and provided for his own needs as well as the needs of the others who were with him. Because he was such a giver, God could use him to be a blessing everywhere he went.

The reason that many people don't want to be givers is that it involves sacrifice – a "cup of suffering" (Matthew 20:22-23). Jesus has set us a perfect example, however, in running this race all the way to the end, and finishing at the throne of God (Hebrews 12:2). If we die with Him daily, and endure to the end, we too will live and reign with Him (II Timothy 2:11-12). This is what it means to properly desire to be near Jesus at the throne of God forever.

So, as we see needs around us, rather than pointing the finger in blame at others, let us come to God as thirsty people, and ask God to fill us with His power. He promises that rivers of living water will flow out from our innermost being (John 7:37-38) to bless others.

JEEVA MOZHIKAL RNI/KERBIL/-2003/21404
August 2018 www.jeevamozhikal.org
Annual Subscription Rs. 150/-

Registered No: KL/KTM/46/2018-20
Licence No: KL/CR/KTM/WPP-15/2018-20
Licence to Post without prepayment
Date of Publication 28-07-2018

# വിലയേറിയ കൃപയും
# വിലകുറഞ്ഞ കൃപയും



അനുതാപം ആവശ്യമില്ലാത്ത പാപക്ഷമ പ്രസംഗിക്കുന്നതും പാപബോധത്തിൽ നിന്ന് അന്യപ്പെട്ട കർത്ത്യമേശ ആചരണവും ദൈവവചനപ്രകാരമുള്ള വില കൊടുക്കാത്ത സ്നാനവും എല്ലാം വില കുറഞ്ഞ കൃപയെ വിളിച്ചറിയിക്കുന്നു. വിലകുറഞ്ഞ കൃപയെന്നു വച്ചാൽ ശിഷ്യത്വമില്ലാത്ത കൃപയാണ്. യേശുക്രിസ്തു പിന്തുണയ്ക്കാത്ത ഒരു കൃപയാണ്!

വിലയേറിയ ദൈവകൃപയാകട്ടെ വയലിൽ ഒളിച്ചു വച്ച നിധി പോലെയാണ്. ആ നിധിക്കു വേണ്ടി ഒരുവൻ തനിക്കുള്ളതെല്ലാം സന്തോഷത്തോടെ ത്യജിക്കുവാൻ സന്നദ്ധനാകും. ഈ വിലയേറിയ മുത്തിനായി ഒരു മുത്തു വ്യപാരി തന്റെ പക്കലുള്ള എല്ലാ മുത്തുകളും വില്ക്കാൻ തയ്യാറാകും. ക്രിസ്തു, രാജാവായി വാഴുന്നതിന് ഇടർച്ച വരുത്തുന്നതിനാൽ കണ്ണു ചൂഴ്ന്നെടുത്ത് എറിഞ്ഞു കളയുവാൻ ഒരുവനെ പ്രേരിപ്പിക്കുന്നതാണ് ഈ വിലയേറിയ കൃപ.

യാചിച്ചുകൊണ്ടേയിരിക്കേണ്ടതും അന്വേഷിച്ചുകൊണ്ടേയിരിക്കേണ്ടതും തുറക്കാനായി മുട്ടിക്കൊണ്ടേയിരിക്കേണ്ടതുമായ ഒന്നത്രെ വിലയുള്ള കൃപ. അത്തരം കൃപ ചെലവുള്ളതാണ്. കാരണം അതു യേശുക്രിസ്തുവിനെ അനുഗമിക്കാൻ നമ്മെ വിളിക്കുന്നു.

പാപത്തെ വിധിക്കുന്ന ഈ കൃപചെലവുള്ളതെങ്കിലും പാപിയെ നീതികരിക്കുന്നതിനാൽ അതു യഥാർത്ഥ കൃപയായിരിക്കുന്നു. ഈ വലിയ കൃപ നമുക്കു ലഭ്യമാക്കാൻ ദൈവത്തിനു തന്റെ ഏകജാതനായ പുത്രനെതന്നെ നൽകേണ്ടി വന്നു. ദൈവത്തിന് ഇത്രയധികം ചെലവുള്ള ഒരു കാര്യം നമുക്കു വില കുറഞ്ഞതായിക്കൂടാ. നമുക്കു ജീവൻ നൽകാൻ തന്റെ പുത്രനെ നൽകുന്നത് അല്പം കടന്ന കൈയാണെന്നു പിതാവു കരുതിയില്ല. അങ്ങനെയെങ്കിൽ നാം കൃപയെ വില കുറഞ്ഞതായി കാണുന്നതു ശരിയാണോ? അതിനു നൽകേണ്ട വില നൽകേണ്ടേ?

– ഡിട്രിച്ച് ബോൺഹോഫർ

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.